സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

നം.ഡി.എ 1/17/2019/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 21.02.2019

സർക്കുലർ

വിഷയം:-തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ 3.1 നമ്പർ തീരുമാനവും 06.02.19 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനവും

തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് വിവിധ പ്രവർത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ചെലവഴിച്ച് പ്രവർത്തി പൂർത്തിയാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും വർഷങ്ങളായി വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. ആയതിനാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ സൂചന തീരുമാനത്തിന്റേയും 06.02.19 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് .

കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തി എന്നിവയുടെ വർഷം തിരിച്ച വിവരം ജില്ലാതലത്തിൽ ക്രോഡീകരിക്കേണ്ടതാണ്. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പ ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർ തുടങ്ങിയവർ), തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി വിളിച്ച ചേർക്കണ്ടതും ജില്ലാ കളക്ടർ ഇതിന് പ്രത്യേകമായി ഇടപെടേണ്ടതുമാണ്. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി.ഡിവിഷൻ ചീഫിനു നൽകേണ്ടതുമാണ്. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ ongoing ആയ വർക്കുകൾ വേഗത്തിലാക്കി പൂർത്തീകരിക്കേണ്ടതാണ്. ഫീസിബിലിറ്റി ഇല്ലാത്തവയ്ക്ക് അതത് മേഖലകളിലെ KWA ഉദ്യോഗസ്ഥരും പഞ്ചായത്ത് കമ്മിറ്റിയും യോഗം ചേർന്ന് പദ്ധതിയിൽ മാറ്റം വരുത്തുകയും ഫീസിബിലിറ്റിക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയതിനുശേഷം ഫീസിബിൾ അല്ലാത്തവയുടെ deposit തുക KWA അതത് തസ്വഭവ സ്ഥാപനങ്ങളുടെതന്നെ Head of Account ൽ തിരിച്ചുനൽകേണ്ടതാണ്. പൊതുടാപ്പുകളുടെ

എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനുശേഷം joint inspection നടത്തേണ്ടതും ഇതിനായി എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകേണ്ടതുമാണ്. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കാൻ പാടില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനരഹിതമായവ ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച് വാട്ടർ അതോറിറ്റി ഒരു പ്രഫോർമയുണ്ടാക്കി എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കും നൽകേണ്ടതും അതുവഴി വിവരം ശേഖരിക്കേണ്ടതുമാണ്.തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും വാട്ടർ അതോറിറ്റിക്ക്നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും മീറ്റർ റീഡിംഗ് പ്രകാരം നിലവിലുള്ള കുടിശ്ശിക കോർപ്പറേഷൻ നൽകേണ്ടതുമാണ്.

നിലവിലുള്ള street light കളുടെ എണ്ണം / അവയിൽ വർക്ക് ചെയ്യാത്തവ എന്നിവ സംബന്ധിച്ച് joint inspection നടത്തി ഇവയുടെ വിവരം KSEB ശേഖരിക്കേണ്ടതും തസ്വഭ സ്ഥാപനങ്ങളിലെ പ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്ന വിവരങ്ങൾ KSEB യഥാസമയം നൽകണമെന്ന് AE മാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട deposit work കൾ/Expenditure/Balance എന്നിവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ ബന്ധപ്പെട്ടവർ ലഭ്യമാക്കേണ്ടതാണ്. Pending work കൾ പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ, ഈ വേനൽക്കാലത്ത് എത്രവർക്കുകൾ പൂർത്തീകരിക്കുവാൻ കഴിയും, ongoing work കളുടെ പ്രോഗ്രസ്സ്, deposit തുക ഏത് അക്കൗണ്ടിൽ നിന്നാണ് resume ചെയ്തത് എന്നിവ സംബന്ധിച്ച വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഒഫീസർ

GOVERNMENT OF KERALA

FINANCE (INDUSTRIES & PUBLIC WORKS-B) DEPARTMENT

CIRCULAR

No.18/2019/Fin. **Dated, Thiruvananthapuram, 01.03.2019**

Sub:- Procurement of Goods or Services or both or works by Government Departments, Public Sector Undertakings / Autonomous bodies or any agency of Government of Kerala in the context of GST – Clarification issued

Ref:- 1) Government Circular No. 90/2017/Fin dated 14.12.2017.
2) Minutes of the meeting held by the Additional Chief Secretary (Finance) on 06.02.2019.

The Goods and Services Tax (GST) has come into effect in the State with effect from 1st July 2017. As per the Government Circular referred above, certain guidelines were issued regarding the applicability of GST on procurement of Goods, services and Public works arranged by various Government Departments and PSUs. Now, it has come to the notice of Government that certain points in the Circular require further elucidation to avoid ambiguity since the existing DSR and Cost Indices are inclusive of all taxes including VAT / GST and new SoR without tax component is yet to be published by CPWD.

In the meeting held on 06.02.2019, it was observed that the base estimate shall be prepared based on rates devoid of GST. The GST shall

be added to the above base value. Also, TDS should be deducted on the base value.

The Government after having examined the matter in detail, decided to issue following revised guidelines on GST for procurement of Goods and arrangement of services and public works by various Kerala Government Agencies, with immediate effect:-

1. In case of Public Works, for which estimates are prepared based on DSR (Delhi Schedule of Rates), the latest Cost of Indices published by PWD from time to time excluding the VAT / GST component is to be used for arriving estimate rates and it should be without GST Component(s) on the input/input services.
2. In the case of Non-DSR items also, the rate(s) taken for the input/input services should be exclusive of VAT/ GST Component.
3. The Public Works Department shall derive the applicable Cost Indices for various locations excluding the VAT/GST Component and upload in the PRICE software, in time.
4. All bidders for public works, goods and services should have valid GST Registration.
5. The rates quoted by the bidders shall include all taxes and duties Construction Workers Welfare Fund Contribution etc, except the GST.
6. While finalizing the procurement of Goods, Services or both or Public Works, the total amount of the estimates should be arrived exclusive of Goods and Service Tax (GST).
7. For the purpose of determining the lowest bidder (L1), the rates quoted by the bidders exclusive of GST amount should be taken into consideration.

8. For the purpose of issuing Administrative Sanction, the total amount for approval should indicate the estimate amount and GST applicable amounts separately.
9. When the bills for any goods, services or both or Public Works procured are processed, the payment has to be made to the contractor for the total value of the works at contract rates **PLUS** the applicable GST rate.
10. In case of change in the GST rate between the date of invoice and date of supply OR last date of submission of tender (in case of works), and the date of release of payment for works done, the prevailing GST Rate will be reckoned as per the GST laws of the Central and State Governments for payment.
11. Any variations in the tax rate of GST (increase or decrease) shall be adjusted at the time of bill processing i.e, deduction in the case of decrease in GST Rate or addition in case of increase in GST Rate shall be made at the time of settlement of bills.
12. The TDS and other deductions would be on payments made or credited to the supplier excluding GST.
13. The amount deducted as tax under the provisions of GST Act shall be paid into the Government by the deductor within ***TEN*** days after the end of month in which such deduction is made in the prescribed manner.
14. The deductor shall furnish to the deductee a certificate mentioning therein Contract value, rate of deduction, amount deducted, amount paid into Government in the prescribed manner.

The Circular read above modified to the above extent.

MANOJ JOSHI IAS
Additional Chief Secretary (Finance)

3

To

The Principal Accountant General (A&E), Kerala, Thiruvananthapuram.
The Principal Accountant General (G&SSA) Kerala Thiruvananthapuram.
The Principal Accountant General (Audit) Kerala Thiruvananthapuram.
The Principal Accountant General (E&RSA) Kerala, Thiruvananthapuram.
All Heads of Departments and Offices
The Nodal Officer, www.finance.kerala.gov.in.
Stock file E-735548 / Office Copy

Forwarded/By Order

Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലേയും (11 എണ്ണം) ദ്വീപുകളിലെ (സ്പെഷ്യൽ ജ്യോഗ്രഫിക്കൽ ഏരിയ) മരാമത്ത് പ്രവൃത്തികൾക്ക് മാത്രമായി good earth ന് വില പുതുക്കി നിശ്ചയിച്ചുകൊണ്ടും additional lorry conveyance നൽകിക്കൊണ്ട് മെറ്റീരിയൽസിന്റെ വില പുതുക്കി നിശ്ചയിച്ചുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം. 539/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 06/03/2019

പരാമർശം:- 1. 12/7/2018 ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മരാമത്ത് പ്രവർത്തികൾ ക്കാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് നിരക്കിനെ സംബന്ധിച്ച് ചേർന്ന യോഗം

2. ത.സ്വ.ഭ.വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.10.18, 19.01.19 എന്നീ തിയതികളിലെ ഡിബി3/753/12/സി.ഇ./ത.സ്വ.ഭ.വ നമ്പർ കത്ത്

ഉത്തരവ്

വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിൽ മരാമത്ത് പ്രവൃത്തികൾക്കാവശ്യമായ സാധന സാമഗ്രികൾക്ക് മാർക്കറ്റ് നിരക്കിനേക്കാൾ ഗ്രക്ഷമായ വില വ്യത്യാസം നേരിടുന്നുവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സാധന സാമഗ്രികളുടെ വിലയിലെ അന്തരം പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ എന്നിവർ സ്ഥലസന്ദർശനം നടത്തി ആലപ്പുഴ ജില്ലയിൽ സ്വീകരിച്ച അതേ രീതി അവലംബിച്ച് വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കി സമഗ്രമായ ഒരു പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് നല്കുന്നതിനായി സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ്/പി.ഡബ്ല്യു.ഡി (റോഡ്) ചീഫ് എഞ്ചിനീയർമാരെ പരാമർശം (1) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയർ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വൈപ്പിൻ, പള്ളുരുത്തി, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തുകളിലെ ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലേയും (11 എണ്ണം) ദ്വീപുകളിലെ (സ്പെഷ്യൽ ജ്യോഗ്രഫിക്കൽ ഏരിയ) മരാമത്ത് പ്രവൃത്തികൾക്ക് മാത്രമായി earth -ന്റെ വിലയും, royalty യും കൺവേയൻസും ഉൾപ്പെടെ 750 രൂപ /m^3 എന്ന നിരക്കിൽ good earth ന് വില പുതുക്കി നിശ്ചയിച്ചുകൊണ്ടും additional lorry

conveyance നൽകിക്കൊണ്ട് താഴെ കൊടുത്തിട്ടുള്ള പട്ടിക പ്രകാരം മെറ്റീരിയൽസിന്റെ വില പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

Edappally Block Panchayat & Kadamakudy Grama Panchayat	
Description	Rate in rupees per m^3 (rate includes water charge, CP, OH & Cost Index)
6 mm metal	2700.51
12 mm metal	2700.51
20 mm metal	2700.51
40 mm metal	263100
Rubble	1993.52
M Sand	2530.84

Palluruthy Block Panchayat	
Description	Rate in rupees per m^3 (rate includes water charge, CP, OH & Cost Index)
6 mm metal	245191
12 mm metal	245191
20 mm metal	245191
40 mm metal	2388.47
Rubble	1747.98
M Sand	2282.23

Vypin Block Panchayat and Elankunnappuzha Grama Panchayath	
Description	Rate in rupees per m^3 (rate includes water charge, CP, OH & Cost Index)
6 mm metal	2476.63
12 mm metal	2476.63

20 mm metal	2476.63
40 mm metal	2415.34
Rubble	1774.76
M Sand	2306.96

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ധനകാര്യവകുപ്പ് (DEV-3/219/2018-FIN തിയതി 25/02/2019 കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2. എം.ജി.എൻ.ആർ.ഇ.ജി.എസ്/ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന കമ്മിറ്റിയിൽ അതാത് പഞ്ചായത്തിന്റെ ചുമതലയുള്ള കൃഷി ഓഫീസറെക്കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം./1308/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/05/2018

പരാമർശം:- 1. സ.ഉ.(സാധാ)നം.2107/2006/ത.സ്വ.ഭ.വ തീയതി 26.08.2006
2. സ.ഉ.(സാധാ)നം.2108/2016/ത.സ്വ.ഭ.വ തീയതി 12.07.2016
3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 08.08.2017-ലെ 957/ഇ.ജി.എസ്-ബി/15/ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക്, ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം അക്രഡിറ്റഡ് എൻജിനിയർ കൺവീനറും എൽ.എസ്.ജി.ഡി. എൻജിനിയർ ചെയർമാനുമായ പരാമർ ശം (1),(2) ഉത്തരവുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റിയാണ് സാങ്കേതികാനുമതി നൽകുന്നത്. നീർത്തടാധിഷ്ഠിത പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകി വരുന്ന സാഹചര്യത്തിൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി മേൽ പറഞ്ഞ കമ്മിറ്റിയിൽ പഞ്ചായത്തിലെ കൃഷി ഓഫീസറെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് പരാമർശം (1) ഉം (2)ഉം പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഗ്രാമ പഞ്ചായത്തിലെ അക്രഡിറ്റഡ് എൻജിനിയർ കൺവീനറും, എൽ.എസ്.ജി.ഡി. എൻജിനിയർ ചെയർമാനുമായ കമ്മിറ്റിയിൽ, പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് അംഗീകാരം നൽകുന്നതിനായി, അതത് പഞ്ചായത്തിന്റെ ചുമതലയുള്ള കൃഷി ഓഫീസറെ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്താൻ അനുവാദം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിവ്യ എസ് അയ്യർ
ഡെപ്യൂട്ടി സെക്രട്ടറി

എ.പി.സി. & പ്രിൻസിപ്പൽ സെക്രട്ടറി(കൃഷി(ഇ.എ)വകുപ്പ്)
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കൃഷി വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം
ചീഫ് എഞ്ചിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മീഷണർ മുഖേന)
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവാർഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്

സ.ഉ. (സാധാ) നം.1383/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18.05.2018

==========

പരാമർശം: 26.03.2018-ലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 2335/ബി/17/ആർ.ഇ.ജി.എസ് കത്ത്.

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച നേട്ടം കൈവരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും തെരഞ്ഞെടുക്കുന്നതിന് അനുബന്ധമായി ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിന്ധു എൽ.
സ്പെഷ്യൽ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേനെ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച നേട്ടം കൈവരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

ട്രോഫിയും പ്രശംസാപത്രവും

(1) സംസ്ഥാനത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ.

(2) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 150 ദിവസം തൊഴിൽ കൊടുത്ത ഗ്രാമപഞ്ചായത്ത്.

(3) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികജാതി/പട്ടകവർഗ്ഗ കുടുംബങ്ങൾക്ക് 150 ദിവസം തൊഴിൽ കൊടുത്ത ഗ്രാമപഞ്ചായത്ത്.

(4) സംസ്ഥാനത്ത് ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഒരു ജില്ലയ്ക്ക് സംസ്ഥാനതല പുരസ്കാരം.

(5) സംസ്ഥാനത്ത് ഏറ്റവും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഒരു ബ്ലോക്ക് പഞ്ചായത്തിന് സംസ്ഥാനതല പുരസ്കാരം.

(6) അതാത് ജില്ലയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ഒരു ഗ്രാമപഞ്ചായത്തിന് ജില്ലാതല പുരസ്കാരം.

പ്രശംസാ പത്രം

മേൽപ്പറഞ്ഞ ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ അതാത് വർഷം പദ്ധതി നിർവ്വഹണ ചുമതല വഹിച്ചിരുന്ന താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്ക്:

ഗ്രാമപഞ്ചായത്ത് തലം	-	സെക്രട്ടറി
		അസിസ്റ്റന്റ് സെക്രട്ടറി
		അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസിയർ
		ഡാറ്റാ എൻട്രി ഓപ്പറേറ്റർ
ബ്ലോക്ക് തലം	-	ബ്ലോക്ക് പ്രോഗ്രാം ഓഫീസർ
		ജോയിന്റ് ബി.ഡി.ഒ.
		അസിസ്റ്റന്റ് എഞ്ചിനീയർ
		ഡാറ്റാ എൻട്രി ഓപ്പറേറ്റർ
ജില്ലാ തലം	-	ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ
		ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ
		ഐ.റ്റി. പ്രൊഫഷണൽ
		ഡാറ്റാ എൻട്രി ഓപ്പറേറ്റർ

അവാർഡിന് അർഹരായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ചുവടെ ചേർക്കുന്ന രീതി ശാസ്ത്രം അവലംബിക്കാവുന്നതാണ്.

ക്രമ നമ്പർ 1, 5, 6 എന്നീ അവാർഡുകൾ നിശ്ചയിക്കുന്നതിന്, ആദ്യപടിയായി ചുവടെ നൽകിയിരിക്കുന്ന പ്രാഥമിക സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ഒരു ചുരുക്കപ്പട്ടിക തയ്യാറാക്കാവുന്നതാണ്:

ക്രമ നം.	സൂചകങ്ങൾ	അനുവദിക്കാവുന്ന മാർക്ക്	സംസ്ഥാന ശരാശരി
1	ആകെ തൊഴിൽ കാർഡ് ലഭിച്ച കുടുംബത്തിൽ തൻ വർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം	60 അഥവാ കൂടുതൽ - 10 45 നും 60 നും ഇടയിൽ - 5 45-ൽ കുറവ് - 0	40%
2	പ്രതീക്ഷിത ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളുടെ ശതമാനം	100-ഉം 100 നും മുകളിൽ - 10 90 നും 100 നും ഇടയിൽ - 5 90-ൽ കുറവ് - 0	130%
3	ഒരു കുടുംബത്തിന് ലഭ്യമാക്കിയ ശരാശരി തൊഴിൽദിനങ്ങളുടെ എണ്ണം	75 അഥവാ കൂടുതൽ - 10 50 നും 75 നും ഇടയിൽ - 5 50-ൽ കുറവ് - 0	45%
4	തൊഴിൽ കാർഡ് ലഭിച്ച എസ്.സി/എസ്.ടി കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായി തൊഴിൽ ലഭ്യമായ എസ്.സി/എസ്.റ്റി കുടുംബങ്ങളുടെ ശതമാനം	75 അഥവാ കൂടുതൽ - 10 50 നും 75 നും ഇടയിൽ - 5 50-ൽ കുറവ് - 0	50%
5	പഞ്ചായത്ത് പരിധിയിലെ ആകെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ ശതമാനം	40 അഥവാ കൂടുതൽ - 10 20 നും 40 നും ഇടയിൽ - 5 25-ൽ കുറവ് - 0	10%

ഓരോ ജില്ലയിലെയും ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ മേൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ ജില്ലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ച 3 ഗ്രാമപഞ്ചായത്തുകളുടെയും ഒരു ബ്ലോക്ക് പഞ്ചായത്തിന്റെയും പട്ടിക സംസ്ഥാന തൊഴിലുറപ്പ് മിഷനിലേക്ക് സമർപ്പിക്കേണ്ടതാണ്. മേൽ പട്ടികകൾ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച ശേഷം ചുവടെ ചേർക്കുന്ന രണ്ടാം ഘട്ട സൂചകങ്ങളുടെ അസ്ഥാനത്തിൽ വിജയികളെ കണ്ടെത്താവുന്നതാണ്.

ക്രമ നം.	സൂചകങ്ങൾ	അനുവദിക്കാവുന്ന മാർക്ക്	സംസ്ഥാന ശരാശരി
1	മുൻ സാമ്പത്തികവർഷത്തിൽ പൂർത്തിയാക്കിയ പ്രവൃത്തികളിൽ ജിയോടാഗിംഗ് നടത്തിയ പ്രവൃത്തികളുടെ ശതമാനം	90 അഥവാ കൂടുതൽ - 10 80 നും 90 നും ഇടയിൽ - 5 80 ൽ കുറവ് - 0	90%
2	നിയമപ്രകാരമുള്ള കാലാവധിക്കുള്ളിൽ കൂലി വിതരണത്തിനായി എഫ്.റ്റി.ഒ. ജനറേറ്റ് ചെയ്യുന്നതിലെ മികവ്	100 ശതമാനം - 10 98 നും 100 നും ഇടയിൽ - 5 98 ൽ കുറവ് - 0	97.31%
3	മുൻ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ശതമാനം	95 അഥവാ കൂടുതൽ -10 85 നും 95 നും ഇടയിൽ - 5 85 ൽ കുറവ് - 0	88%

4	പുതുമയുള്ളതോ സർഗ്ഗവൈഭവമുള്ളതോ കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോക്കൽ ഏരിയയിലുള്ളതോ ആയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	5 മാർക്ക് (ജില്ലാ പ്രോഗ്രാം കോർഡിനേറ്ററുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാർക്ക് അനുവദിക്കുന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്)	

മേൽ സൂചിപ്പിച്ചിരിക്കുന്നവയിൽ രണ്ടാം ഘട്ട സൂചകങ്ങളിലെ ക്രമ നം. 4 ഒഴികെയുള്ള സൂചകങ്ങളെല്ലാം നിശ്ചയിച്ചിരിക്കുന്നത് എം.ഐ.എസ്. പ്രകാരമുള്ള സംസ്ഥാന ശരാശരിയെ അടിസ്ഥാനമാക്കിയാണ്. ആയതിനാൽ ഇവയ്ക്കെല്ലാം കണക്കുകൾ ശേഖരിക്കേണ്ടത് എം.ഐ.എസ്.-നെ ആസ്പദമാക്കി ആയിരിക്കും. ജെ.പി.സി-മാർ ഏപ്രിൽ 10-ാം തീയതിയിലെ എം.ഐ.എസ്. റിപ്പോർട്ടുകൾ പ്രകാരം കണക്കുകൾ ശേഖരിക്കുകയും ആയതിനെ അടിസ്ഥാനമാക്കി തയ്യാറാക്കിയ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക ഒരാഴ്ചക്കകം മിഷൻ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

ക്രമ നം. 2, 3 എന്നീ അവാർഡുകൾ നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ കുടുംബങ്ങൾക്കും 150 ദിവസം തൊഴിൽ നൽകിയ ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തുന്നതിന് ഓരോ ജില്ലയിലെയും ഇപ്രകാരം 150 ദിവസം തൊഴിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് നൽകിയ ഗ്രാമപഞ്ചായത്തുകളെ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ കണ്ടെത്തി പരിശോധിച്ച് ആയത് സാക്ഷ്യപ്പെടുത്തി സംസ്ഥാനമിഷനെ അറിയിക്കേണ്ടതാണ്.

ക്രമ നം. 4 പ്രകാരം ഏറ്റവും മികച്ച ജില്ലകളെ കണ്ടെത്തുന്നതിന് ഒന്നാം ഘട്ട സൂചകങ്ങളുടെ അസ്ഥാനത്തിൽ മികച്ച മൂന്ന് ജില്ലകളെ സംസ്ഥാനതലത്തിൽ കണ്ടെത്തുന്നതും അവയിൽ നിന്നും രണ്ടാം ഘട്ട സൂചനകങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ജില്ലയെ അവാർഡിനായി തിരഞ്ഞെടുക്കാവുന്നതുമാണ്.

മേൽ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളെയും ജില്ലയെയും തെരഞ്ഞെടുക്കുന്നതിനായി ചുവടെ പറയുന്ന പ്രകാരം ഒരു സംസ്ഥാന തല സമിതി രൂപീകരിക്കാവുന്നതാണ്.

1. സെക്രട്ടറി (ഗ്രാമം), തദ്ദേശസ്വയംഭരണ വകുപ്പ് - ചെയർപേഴ്സൺ
2. പഞ്ചായത്ത് ഡയറക്ടർ - മെമ്പർ
3. ഗ്രമവികസന കമ്മീഷണർ - മെമ്പർ
4. മിഷൻ ഡയറക്ടർ, തൊഴിലുറപ്പ് പദ്ധതി - കൺവീനർ
5. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഈ മേഖലയിലെ ഒരു വിദഗ്ധൻ

മേൽ സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ അവാർഡിന് അർഹരായ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളെയും ജില്ലയെയും സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കാവുന്നതാണ്. അവാർഡ് നിർണ്ണയത്തിനും പുരസ്കാര ദാനത്തിനും ആവശ്യമായ ചെലവ് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്ന് വഹിക്കാവുന്നതാണ്.



കേരള സർക്കാർ

നം.പി.എസ്.2/288/2018/ത.സ്വ.ഭ.വ. (1)

തദ്ദേശ സ്വയംഭരണ (പി.എസ്.)വകുപ്പ്,
തിരുവനന്തപുരം. തീയതി, 29.05.2018

സർക്കുലർ

വിഷയം: ഹരിതകേരളം- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ച് ഉല്പാദിപ്പിച്ച വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നത്- സംബന്ധിച്ച്

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2018 ജൂൺ മാസത്തിൽ നടുന്നതിനായി 2 കോടി വൃക്ഷത്തൈകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ നഴ്സറികൾ സ്ഥാപിച്ച് വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ് ഇപ്രകാരം ഉല്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ 2018 ജൂൺ മാസം 5-ാം തീയതി മുതൽ നട്ടുപരിപാലിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വൃക്ഷത്തൈകൾ ചുവടെപ്പറയുന്ന വിഭാഗം ഭൂമിയിൽ നട്ടുവളർത്താവുന്നതാണ്.

a) നാശോന്മുഖമായിട്ടുള്ള വനമേഖല.

b) തരിശ്ഭൂമി.

c) പൊതുഭൂമി.

d) നദികൾ, തോടുകൾ, കനാലുകൾ എന്നിവയുടെ കരകളിൽ.

e) പി.എം.ജി.എസ്.വൈ റോഡുകളുടെയും ഇതര റോഡുകളുടെയും ഓരങ്ങളിൽ.

f) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ഒന്നാംപട്ടികയുടെ അഞ്ചാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ സ്വകാര്യഭൂമിയിൽ.

2.) വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമാണ്.

a) കുഴികൾ തയ്യാറാക്കലും തൈകൾ നടീലും.

b) വെള്ളം ഒഴിക്കൽ.
c) ജൈവവള പ്രയോഗം.
d) ട്രീഗാർഡ്/ജൈവവേലി നിർമ്മാണം.
e) കള പറിക്കൽ, ഇടപോക്കൽ തുടങ്ങിയ പരിചരണ പ്രവർത്തനങ്ങൾ 3 മുതൽ 5 വർഷം വരെ (വൃക്ഷയിനത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച്)

3.) ഓരോഗ്രാമപഞ്ചായത്തിലും ഉല്പാദിപ്പിക്കപ്പെട്ട വൃക്ഷത്തൈകൾ നടുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങളെ ചുമതലപ്പെടുത്തേണ്ടതാണ്. ഒരു അയൽക്കൂട്ട അംഗത്തിന് 10 മുതൽ 25 വരെ വൃക്ഷത്തൈകൾ എന്ന കണക്കിൽ സൗജന്യമായി നൽകാവുന്നതാണ്. വൃക്ഷത്തൈകൾ നട്ടുപരിപാലിക്കാൻ ചുമതലപ്പെടുന്ന അയൽക്കൂട്ട കുടുംബങ്ങൾക്ക് തൊഴിൽകാർഡ് ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

4.) ലഭിക്കുന്ന വൃക്ഷത്തൈകൾ പൊതുസ്ഥലങ്ങളിലും കൂടാതെ ദുർബലവിഭാഗത്തിൽപ്പെട്ട അയൽക്കൂട്ട കുടുംബങ്ങളുടെ സ്വകാര്യഭൂമിയിലും നട്ടുപിടിപ്പിക്കാവുന്നതാണ്. പൊതുഭൂമിയിൽ എവിടെയൊക്കെ നടണം എന്നതു സംബന്ധിച്ച് ഓരോ ഗ്രാമപഞ്ചായത്തിലും കുടുംബശ്രീ സി.ഡി.എസുകൾ ഗ്രാമപഞ്ചായത്തുമായി ആലോചിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്.

5.) കുഴികൾ തയ്യാറാക്കി വൃക്ഷത്തൈകൾ നടുന്നതിനും തുടർന്ന് വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ മസ്റ്റർറോൾ ജനറേറ്റ് ചെയ്യാവുന്നതും അവിദഗ്ദ്ധ കായിക തൊഴിലിനുള്ള അനുവദനീയമായ വേതനം അയൽക്കൂട്ട അംഗങ്ങൾക്ക് നൽ കാവുന്നതുമാണ്.

6.) പരിപാലന ചുമതല നിർവ്വഹിക്കുന്ന അയൽക്കൂട്ട അംഗങ്ങൾക്കുള്ള കൂലി വൃക്ഷത്തൈകളുടെ അതിജീവന നിരക്കിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. ഓരോ മാസത്തിലും ആകെ നട്ട വൃക്ഷത്തൈകളുടെ 90% എങ്കിലും അതിജീവിക്കുന്ന പക്ഷം മാത്രമേ മുഴുവൻ കൂലിയ്ക്കും തൊഴിലാളിക്ക് അർഹതയുള്ളു. 90% നും 75% നും ഇടയിൽ അതിജീവനം ഉണ്ടായിട്ടുള്ളതെങ്കിൽ 50% കൂലിയും നൽകാവുന്നതാണ്. 75% ൽ താഴെ മാത്രം അതിജീവനമുള്ള സാഹചര്യത്തിൽ കൂലിയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

7.) വൃക്ഷത്തൈകൾ നടുന്നതിനും തുടർന്ന് 3 മുതൽ 5 വർഷം വരെ വെള്ളമൊഴിച്ച് പരിപാലിക്കുന്നതിനും ആവശ്യമായ ഡേറ്റ ഓരോ ജില്ലയിലും അതാത് ജില്ലകൾ ഉൾപ്പെടുന്ന അഗ്രോ ക്ലൈമാറ്റിക് സോണിന്റെ സവിശേഷതയ്ക്ക് അനുസൃതമായി തയ്യാറാക്കേണ്ടതാണ്.

8.) വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിന് ആവശ്യമെങ്കിൽ 'ട്രീഗാർഡുകൾ/ ജൈവവേലി' സ്ഥാപിക്കേണ്ടതാണ്.

9.) ഓരോ അയൽക്കൂട്ടത്തിനും നൽകുന്ന വൃക്ഷത്തൈകൾ സംബന്ധിച്ചും അതിൽ ഓരോ അയൽക്കൂട്ടഅംഗത്തിനും പരിപാലന ചുമതല നൽകിയിട്ടുള്ള വൃക്ഷത്തൈകൾ സംബന്ധിച്ചും രജിസ്റ്ററുകൾ വാർഡുതലത്തിൽ എ.ഡി.എസുകൾ എഴുതി സൂക്ഷിക്കേണ്ടതാണ്.

10.) വൃക്ഷത്തൈകളുടെ പരിപാലനത്തിന് ആവശ്യമായ മസ്റ്റർറോളുകൾ ഓരോ മാസവും നിശ്ചിത ദിവസങ്ങൾ കണക്കാക്കി പരിചരണ ചുമതലയുള്ള അയൽക്കൂട്ട അംഗങ്ങളുടെ പേരിൽ ഇഷ്യൂ ചെയ്യേണ്ടതും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത് 8 ദിവസത്തിനകം വൃക്ഷത്തൈകളുടെ അതിജീവനത്തിന്റെ അടിസ്ഥാനത്തിൽ വാല്യൂവേഷൻ നടത്തി കൂലി നൽകേണ്ടതുമാണ്.

11.) അയൽക്കൂട്ടങ്ങളെ ചുമതല ഏൽപ്പിച്ച വൃക്ഷത്തൈകളുടെ അതിജീവനം ഓരോ മാസവും ഉറപ്പുവരുത്തുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം വാർഡ് തലത്തിൽ വാർഡ് മെമ്പർ അദ്ധ്യക്ഷനും എ.ഡി.എസ് സെക്രട്ടറി കൺവീനറുമായി രൂപീകരിക്കേണ്ടതാണ്.

12.) വൃക്ഷത്തൈകളുടെ അതിജീവനത്തെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് അയൽക്കൂട്ട സെക്രട്ടറി നിശ്ചിത പ്രൊഫോർമയിൽ തൊട്ടടുത്ത മാസം 10-ാം തീയതിയ്ക്കകം തയ്യാറാക്കേണ്ടതും ആയത് എ.ഡി.എസ് സെക്രട്ടറി, പ്രസിഡന്റ് എന്നിവർ പരിശോധിച്ച് 15-ാം തീയതിയ്ക്കകം (പ്രൊഫോർമ അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.) വൃക്ഷത്തൈകളുടെ പരിപാലന പ്രവർത്തനവും അതിജീവനവും എ.ഡി.എസുകൾക്ക് വേണ്ടി ഫീൽഡ്തല പരിശോധന നടത്തുന്നതിനുവേണ്ടി ഒരു എ.ഡി.എസ് അംഗത്തെ മേറ്റായി ചുമതലപ്പെടുത്താവുന്നതും മേറ്റിന് അർഹമായ വേതനം തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും നൽകാവുന്നതുമാണ്.

13.) ഇപ്രകാരം എ.ഡി.എസുകൾ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിപാലനത്തിന് പ്രതിമാസം അർഹമായ കൂലി നൽകേണ്ടതുമാണ്.

14.) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, തൊഴിലുറപ്പ് എഞ്ചിനീയർ/ ഓവർസീയർമാർ, ബി.എഫ്.റ്റി എന്നിവർ ഓരോരുത്തരും എ.ഡി.എസ് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടുകളുടെ 10% ഫീൽഡുതല പരിശോധനയ് ക്ക് വിധേയമാക്കേണ്ടതാണ്. ഇപ്രകാരം ഫീൽഡുതല പരിശോധനയിൽ എ.ഡി.എസുകൾ നൽകിയ റിപ്പോർട്ടിൽ പോരായ്മകൾ കണ്ടെത്തിയാൽ

വിവരം ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ അക്കാര്യം പരിശോധിച്ച് നൽകിയ തുക തിരികെ ഈടാക്കുന്നതടക്കമുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

15.) വൃക്ഷത്തൈകളുടെ പരിപാലന പ്രവർത്തനവും അതിജീവനവും ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത്തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷിഓഫീസർ കൺവീനറും ആയുള്ള ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കാവുന്നതാണ്. ഈ മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളായി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർ/ ഓവർസീയർമാർ, സി.ഡി.എസ് ചെയർപേഴ്സൺ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്താവുന്നതാണ്.

16) ബ്ലോക്കുതലത്തിൽ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ കൺവീനറുമായുള്ള ഒരു മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. ഈ മോണിറ്ററിംഗ് കമ്മിറ്റിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, എക്സ്റ്റൻഷൻ ഓഫീസർമാർ തുടങ്ങിയവരെ അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.

17.) പൊതുഭൂമിയിൽ നട്ടുപിടിപ്പിക്കുന്ന ഫലവൃക്ഷങ്ങളുടെ ഫലം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള അയൽക്കൂട്ടത്തിലെ അംഗങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക യിലെ ഖണ്ഡിക 5 ൽ പരാമർശിക്കുന്ന വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് അവകാശപ്പെട്ടതായിരിക്കും.

18.) പൊതുനിരത്തുകളുടെ ഓരങ്ങളിൽ വൃക്ഷത്തൈകൾ നടുമ്പോൾ റോഡിലെ കാഴ്ചയ്ക്ക് തടസ്സമാകുന്ന വൃക്ഷയിനങ്ങളും പെട്ടെന്ന് ഒടിഞ്ഞ് വീഴുന്ന ഇനത്തിൽപ്പെട്ടവയും ഒഴിവാക്കേണ്ടതും റോഡ് സുരക്ഷയ്ക്ക് വിഘാതമാകാത്ത തരത്തിൽ മാത്രം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടതുമാണ്.

19.) ഫലവൃക്ഷത്തൈകൾ അതത് നഴ്സറികളിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ആവശ്യമായ വാഹനസൗകര്യം ഗ്രാമപഞ്ചായത്തുകൾ ഏർപ്പാടാക്കേണ്ടതാണ്.

20) വൃക്ഷത്തൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി പരമാവധി 10000 രൂപവരെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.

21) വൃക്ഷത്തൈകൾ നടുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും സോഷ്യൽ ആഡിറ്റിന് വിധേയമായിരിക്കുന്നതും ഓരോ വർഷത്തിലും നട്ടതും അവയിൽ അതിജീവിക്കുന്നതുമായ വൃക്ഷത്തൈകളുടെ വിശദാംശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതുമാണ്.

22) അയൽക്കൂട്ട ഭാരവാഹികൾക്ക് വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയമായ പരിശീലനം കൃഷിഭവനുകൾ, കൃഷി വിജ്ഞാൻ കേന്ദ്ര എന്നിവരുടെ സഹകരണത്തോടെ അടിയന്തിരമായി നൽകേണ്ടതാണ്. ഇതിനാവശ്യമായ പരിശീലന പരിപാടി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുമായി ആലോചിച്ച് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

എ. അജിത്ത് കുമാർ
സെക്രട്ടറി (റൂറൽ)

തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ വരുന്ന എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും /മിഷൻ ചീഫുമാർക്കും /ഡെവലപ്മെന്റ് ഏജൻസികളുടെ സെക്രട്ടറിമാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസി ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും

File No. LSGD-DD2/213/2018-LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ). 76/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 31-05-2018

പരാമർശം:-. 1. സ.ഉ.(കൈ) നം. 210/2010/ത.സ്വ.ഭ.വ തീയതി 13-09-2010
2. സ.ഉ.(കൈ) നം. 216/2007/ത.സ്വ.ഭ.വ തീയതി 03-11-2017
3. 15-02-2018-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ യോഗ തീരുമാനം
4. 20-04-2018-ലെ നഗരകാര്യ ഡയറക്ടറുടെ ഡി.സി.3-13667/17/ നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗരേഖ കാലോചിതമായി പരിഷ്കരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 15-02-2018-ലെ യോഗ തീരുമാനപ്രകാരം നഗരസഭകളുടെ ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും അംഗീകരിക്കുന്നതിനുള്ള നടപടിക്രമം ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 5-ആസൂത്രണം-5.1-ൽ ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും അംഗീകരിക്കുന്നതിനുള്ള നടപടിക്രമം താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഓരോ വർഷവും നഗരസഭകൾ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും നഗരസഭാ കൗൺസിൽ അംഗീകരിച്ച് അതാത് മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക് സൂക്ഷ്മപരിശോധനയ്ക്ക് സമർപ്പിക്കേണ്ടതും മേഖലാ ജോയിന്റ് ഡയറക്ടർമാർ പ്രസ്തുത ലേബർ ബഡ്ജറ്റുകൾ സൂക്ഷ്മ പരിശോധന നടത്തി ബന്ധപ്പെട്ട നഗരസഭകൾ മുഖേന ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് ശേഷം ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും നഗരകാര്യ ഡയറക്ടർ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

3. മേൽപ്പറഞ്ഞ ഭേദഗതിയോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗങ്ങൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) & ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.എ 1/493/2018/ തസ്വഭവ (1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി :05.06.2018

സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്- MGNREGS പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്ന നിർമ്മാണ പ്രോജക്ടുകൾ വെറ്റ് ചെയ്യുന്നത്- സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.18 ൽ കൂടിയ യോഗത്തിന്റെ 3.11 നമ്പർ പൊതു വിഷയ തീരുമാനം

ചില നിർമ്മാണ പ്രോജക്ടുകൾ (ഉദാ:- MGNREGS പദ്ധതിയിലെ Labour/ Material Component ഉം പ്രോജക്ടിൽ ഉൾപ്പെടുത്തിയേക്കാം)MGNREGS പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുന്നതിനാൽ ഇത്തരം പ്രോജക്ടുകൾ വെറ്റ ചെയ്യേണ്ട ഉദ്യോഗസ്ഥൻ ആരാണ് എന്നത് സംബന്ധിച്ച് അവ്യക്തതയുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അറിയിക്കുകയുണ്ടായി. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.05.18 ൽ കൂടിയ യോഗത്തിന്റെ 3.11 നമ്പർ പൊതു വിഷയ തീരുമാനപ്രകാരം ഇത് സംബന്ധിച്ച് താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

"ഇത്തരം പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ആരാണോ ആ ഉദ്യോഗസ്ഥന്റെ മേലുദ്യോഗസ്ഥനോ ആ പ്രോജക്ട് ഉൾപ്പെടുന്ന വകുപ്പിന്റെ ഉയർന്ന ഉദ്യോഗസ്ഥനോ വെറ്റ് ചെയ്ത് സാങ്കേതികാനുമതി നൽകേണ്ടതാണ്."

ഡോ.ദിവ്യ എസ് അയ്യർ
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി (1)യുടെ സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 23-05-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - കുടുംബശ്രീക്ക് കീഴിൽ തുടങ്ങുന്ന ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1611/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/06/2018

പരാമർശം:- 23.05.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12(6)-ാാം നമ്പർ തീരുമാനം

ഉത്തരവ്

23.05.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ, കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒന്നു വീതം എങ്കിലും കെട്ടിട നിർമ്മാണ യൂണിറ്റുകളും ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളും തുടങ്ങേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു (തീരുമാനം നം.3.12 (2)). കെട്ടിട നിർമ്മാണ വസ്തുക്കൾ (സിമെന്റ്, കട്ടിള, ജനൽ ഫ്രയിം, ടൈൽസ് മുതലായവ) നിർമ്മിക്കുന്ന മേല്പറഞ്ഞ യൂണിറ്റുകൾ തൊഴിലുറപ്പ പദ്ധതിയുമായി സംയോജിപ്പിച്ച് വേണം തുടങ്ങേണ്ടതെന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
സെക്ഷൻ ഓഫീസർ

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2017.06.[illegible] 17:10:48
IST
Reason: Approved
സെക്ഷൻ ഓഫീസർ

FILE No.LSGD-DD2/ 386/2018/LSGD

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികൾക്കായി സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച ഉത്തരവ്- ഭേദഗതി വരുത്തി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 110/2018/തസ്വഭവ **തിരുവനന്തപുരം, തീയതി, 13.08.2018**

പരാമർശം: 1. സ.ഉ.(കൈ)നം.93/2012/ത.സ്വ.ഭ.വ തീയതി 31.03.2012
2. സ.ഉ.(സാധാ)നം.161/2018/ത.സ്വ.ഭ.വ തീയതി 13.06.2018
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.06.2018-ലെ യോഗതീരുമാനത്തിന്റെ 3.11-ാം നമ്പർ തീരുമാനം
4. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 27.07.2018- ലെ 562/ഇ.ജി.എസ്.സി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് ആവശ്യമായ സിമന്റ് ഇഷ്ടിക, കട്ടിള, ജനൽ കട്ടില എന്നിവ ലഭ്യമാക്കുന്നതിന് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുള്ളതാണ്. ഇത്തരത്തിലുള്ള യൂണിറ്റുകളുടെ പ്രവർത്തനത്തിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ സാധന ഘടകം ഉപയോഗിക്കാവുന്നതാണെങ്കിലും സാധന ഘടകങ്ങളുടെ ഫണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ച് കിട്ടുന്നതിന് കാലതാമസം നേരിടുന്നതിനാൽ വിതരണക്കാർ ടെണ്ടറിൽ പങ്കെടുക്കാൻ വിമുഖത കാട്ടുന്നതായും ആവശ്യത്തിന് സാധന സാമഗ്രികൾ ലഭിക്കാതെ വരുന്നത് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ പ്രവർത്തനത്തെയും ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതിയെയും ബാധിക്കുമെന്നതിനാൽ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.07.2018-ലെ യോഗത്തിന്റെ പരാമർശം (3) തീരുമാന പ്രകാരം പരാമർശം (4) കത്ത് മുഖേന മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധനസാമഗ്രികളുടെ വാങ്ങലും സംഭരണവും സംബന്ധിച്ച പരാമർശം (1) ഉത്തരവിൽ വിതരണക്കാരുടെ യോഗ്യതകൾ പ്രതിപാദിക്കുന്ന (എ) മുതൽ (ഡി) വരെയുള്ള ഖണ്ഡികകൾക്ക് തുടർച്ചയായി ചുവടെ പറയുന്ന ഖണ്ഡികകൾ കൂടി കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഇ) ലൈഫ് മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി, ഗുണഭോക്താക്കൾക്ക് സിമന്റ് ഇഷ്ടിക, കട്ടിള, ജനൽ കട്ടിള മുതലായ വിവിധ നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തിന് ആവശ്യമായ സാധന സാമഗ്രികളുടെ വിതരണത്തിന് വെണ്ടർ ആയി, ഗ്രാമപഞ്ചായത്ത് തല കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയെ ചുമതലപ്പെടുത്തതാവുന്നതാണ്.

(എഫ്) തദ്ദേശ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ വെണ്ടർ ആയി സി.ഡി.എസ്.-നെ തെരഞ്ഞെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിന് കുടുംബശ്രീ സി.ഡി.എസ്-മായി സാധന സാമഗ്രികളുടെ വാങ്ങലിന് നേരിട്ട് കരാറിലേർപ്പെടാവുന്നതാണ്.

(ജി) ഇനി മുകളിൽ സൂചിപ്പിച്ച രീതി പരിഗണിക്കാതെ (സി.ഡി.എസ്-നെ നേരിട്ട് വെണ്ടർ ആക്കാതെ) സാധന സാമഗ്രികളുടെ വാങ്ങൽ പൊതു ടെണ്ടർ നടപടികളിലൂടെ നടത്താൻ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയാണെങ്കിൽ കുടുംബശ്രീ സി.ഡി.എസ്-നും പ്രസ്തുത ടെണ്ടറിൽ വെണ്ടർ എന്ന നിലയിൽ പങ്കെടുക്കാവുന്നതും തദവസരത്തിൽ സി.ഡി.എസ്-ന് മുവടെ പറയുന്ന ഇളവുകൾ അനുവദിക്കാവുന്നതുമാണ്.

a. ടെണ്ടറിൽ പങ്കെടുക്കാൻ വെണ്ടർ സമർപ്പിക്കേണ്ട ഇ.എം.ഡി., സി.ഡി.എസ്-ന് ഒഴിവാക്കി നൽകാവുന്നതാണ്.
b. ഇതര വെണ്ടർമാർ സമർപ്പിക്കുന്ന ടെണ്ടർ തുകയേക്കാൾ ഓരോ ഇനങ്ങൾക്കും 0.05% ഉയർന്ന നിരക്ക് അഥവാ ലോക്കൽ മാർക്കറ്റ് റേറ്റ് ഇതിലേതാണോ കുറവ്, ആയത് സി.ഡി.എസ്.-ന് അനുവദിക്കാവുന്നതാണ്.

3. മേൽപറഞ്ഞ ഭേദഗതികളോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ ,തിരുവനന്തപുരം
എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ എടുത്ത കുടുംബങ്ങൾക്ക് പ്രത്യേക പാരിതോഷികമായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)നം.2276/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 18.08.2018

==========

പരാമർശം: സ.ഉ.(സാധാ)നം.2898/2017/ത.സ്വ.ഭ.വ തീയതി 23.08.2017

ഉത്തരവ്

പരാമർശ സർക്കാർ ഉത്തരവ് പ്രകാരം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2016-17 സാമ്പത്തിക വർഷം 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിച്ചിരുന്നു. ഇതേ മാതൃകയിൽ 2017-18 സാമ്പത്തിക വർഷവും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100 ദിവസം തൊഴിലെടുത്ത 1,17,370 കുടുംബങ്ങൾക്ക് 1000 രൂപ പ്രത്യേക പാരിതോഷികമായി അനുവദിക്കാൻ സർക്കാർ ഉത്തരവാകുന്നു.

2 ഇതിലേക്കാവശ്യമായ 11,73,70,000 രൂപ, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 2505-02-101-99-MGNREGS (90% CSS)-02-State Share(P) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. ടി ഇക പിൻവലിക്കുന്നതിന് എല്ലാ ട്രഷറി നിയന്ത്രണങ്ങളും ഒഴിവാക്കിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ MGNREGS ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും
ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ് വിംഗ്)വകുപ്പ്
എല്ലാ ജില്ലാ/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സാമൂഹ്യ നീതിവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതി- MGNREGS കേന്ദ്ര വിഹിതം ലഭ്യമാവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റേയും തദ്ദേശ സ്ഥാപനങ്ങളുടേയും ലഭ്യമായ വിഹിതത്തിൽ നിന്നും മുൻകൂർ തുക ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2577/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/10/2018

പരാമർശം:- 1 സ.ഉ.(സാധാ)നം.118/2017/ത.സ്വ.ഭ.വ തീയതി 12.01.2016

2 സ.ഉ.(സാധാ)നം.223/2017/ത.സ്വ.ഭ.വ തീയതി 27.01.2017

3 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 22.03.2018- ലെ 2507/ഇ.ജി.എസ്.എ/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

4 പഞ്ചായത്ത് ഡയറക്ടറുടെ 30.08.2018-ലെ PAN/20181/2018-J 2 (DP) നമ്പർ കത്ത്

ഉത്തരവ്

ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും ഉല്പാദനപരമായ ആസ്തികളുടെ നിർമ്മാണവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഒരു പ്രത്യക്ഷ ലക്ഷ്യമാണ്. ഇതിലേയ്ക്കായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ സാമൂഹ്യ നീതിവകുപ്പിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 ലക്ഷം രൂപ വരെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതമായും അതിലധികം ആവശ്യമായി വരുന്ന തുകയിൽ 2 ലക്ഷം രൂപ വരെ സാമൂഹ്യനീതി വകുപ്പിന്റേയും വിഹിതമായി ചെലവഴിക്കുന്നതിനും, കൂടുതൽ തുക ആവശ്യം വരുന്ന പക്ഷം തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതിനും പരാമർശം(1), പരാമർശം(2) ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പദ്ധതികളുടെ സംയോജനത്തിലൂടെ 1000 അംഗൻവാടികൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നതിൽ 720 അംഗൻവാടികളുടെ നിർമ്മാണത്തിനുള്ള സാമൂഹ്യനീതി വകുപ്പിന്റെ വിഹിതം സംസ്ഥാന തൊഴിലുറപ്പ് മിഷന് കൈമാറുകയും ടി തുക മിഷൻ ഡയറക്ടറുടെ പേരിലുള്ള TSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സാധനസാമഗ്രികൾ ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ കേന്ദ്രവിഹിതം ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ ടി ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം തുക അനുവദിക്കാൻ കഴിയുന്നില്ല എന്നും ആയതിനാൽ പദ്ധതിയ്ക്ക് കീഴിൽ അങ്കണവാടി നിർമ്മാണം ഏറ്റെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾ വിമുഖത കാണിക്കുന്നതായും പരാമർശം(3) പ്രകാരം മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സ്ഥിതിയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പാക്കി വരുന്നതും പണി പൂർത്തിയാക്കിക്കഴിഞ്ഞതുമായ അങ്കണവാടി കെട്ടിടങ്ങൾക്ക് സാമൂഹ്യ നീതി വകുപ്പിന്റെയും വിവിധ തദ്ദേശ സ്ഥാപനങ്ങളുടേയും വിഹിതമായി ലഭിച്ചിട്ടുള്ള തുകയിൽ നിന്നും, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിയോഗത്തിനു മുൻപ് തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് ആവശ്യാനുസരണം തുക നൽകാൻ അനുവാദം നൽകണമെന്ന്

മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പരാമർശം (4) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറും ഇക്കാര്യം ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ നീതിവകുപ്പിന്റെയും(വനിതാ ശിശു വികസന വകുപ്പ്) , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതികളുമായി സംയോജിപ്പിച്ച് അങ്കണവാടികൾ നിർമ്മിക്കുന്ന പദ്ധതിയിൽ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടുന്ന സാഹചര്യം ഉണ്ടായാൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി അങ്കണവാടി നിർമ്മാണത്തിനുള്ള ദേശീയ തൊഴിലുറപ്പ് പദ്ധതി വിഹിതമായ 5 ലക്ഷം രൂപ ചെലവഴിക്കുന്നതിന് മുൻപ് തന്നെ സമൂഹ്യനീതി വകുപ്പിന്റെയോ തദ്ദേശ ഭരണസ്ഥാപനത്തിന്റെയോ വിഹിതമോ/സംയുക്തമായോ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോൾ ഡി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

വനിതാ ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ .

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.10.[illegible] 12:11:04 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

കേരള സർക്കാർ

നമ്പർ. 466/ഡിഡി2/2018/തസ്വഭവ

തസ്വഭവ (ഡിഡി) വകുപ്പ്
തിരുവനന്തപുരം
തീയതി: 15/10/2018

സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ് തൊഴിലുറപ്പ് പദ്ധതി – 2019-20 സാമ്പത്തിക വർഷത്തിലേയ്ക്കുള്ള ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മപദ്ധതിയുടെയും രൂപീകരണം-സംബന്ധിച്ച്

സൂചന:1) 01.04.2018 മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്രസർക്കാരിന്റെ മാസ്റ്റർ സർക്കുലർ

2) 27.09.2018 ലെ കേന്ദ്രസർക്കാരിന്റെ G31011/9/2018/-എം.ജി. എൻ.ആർ.ഇ.ജി.എ V (3604046) നമ്പർ കത്ത്

1. ആമുഖം

1.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 14(6) പ്രകാരം, 2019-20 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും അതിന് പുരകമായ പ്രവൃത്തികളുടെ പട്ടിക (Shelf of Projects) യും ഗ്രാമസഭ 2018-19 വർഷം തന്നെ നിശ്ചയിക്കേണ്ടതാണ്. തൊഴിൽ ദിനങ്ങളുടെ ആവശ്യകതയും, പ്രവൃത്തികളും ലേബർ ബഡ്ജറ്റിന്റെ രൂപീകരണത്തിലൂടെയാണ് സാക്ഷാൽക്കരിക്കേണ്ടത്. 2014 ജനുവരി 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക Iൽ വരുത്തിയിട്ടുള്ള ഭേദഗതിയ്ക്ക് അനുസൃതമായി 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റ് തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി ത്രിതല പഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണ്

1.2. 2018-19 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം സംസ്ഥാന സർക്കാർ രൂപപ്പെടുത്തുന്ന രീതിശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുതലങ്ങളിൽ ചിട്ടയോടുകൂടിയതും പങ്കാളിത്ത പൂർണ്ണവുമായ ആസൂത്രണ പ്രക്രിയ നടത്തണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

2.എന്താണ് ഷെൽഫ് ഓഫ് പ്രോജക്ട്സ്

2.1.ഓരോ ഗ്രാമപഞ്ചായത്തും ഓരോ വർഷത്തേയ്ക്കും ആവശ്യമായ തൊഴിൽ ദിനങ്ങൾ തിട്ടപ്പെടുത്തുന്നതോടൊപ്പം പ്രവൃത്തികളുടെ പട്ടിക (ഷെൽഫ് ഓഫ് പ്രോജക്ട്സ്) കൂടി തയ്യാറാക്കേണ്ടതും അതുവഴി തൊഴിൽ ആവശ്യപ്പെട്ട പത്തോ

അതിലധികമോ തൊഴിലാളികൾ സമീപിക്കുമ്പോൾ പഞ്ചായത്തിന് അനായാസേന പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന് സാധ്യമാവുകയും വേണം. ഇതിന് ഭരണ സാങ്കേതിക അനുമതി ലഭ്യമായ മതിയായ പ്രവൃത്തികൾ നിർവ്വഹണത്തിന് ഏറ്റെടുക്കാവുന്ന തരത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. അത്തരം പ്രവൃത്തികൾ അടങ്ങുന്ന പട്ടികയ്ക്കാണ് പ്രവൃത്തികളുടെ പട്ടിക അഥവാ Shelf of Projects എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

2.2. ഗ്രാമസഭ ശുപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ചിലത് സാങ്കേതിക കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കാതെ വരും. ഇക്കാരണത്താൽ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ള ഷെൽഫ് ഓഫ് പ്രോജക്ടസ് രണ്ട് വർഷക്കാലം വരെ ഉപയോഗിക്കാൻ പാകത്തിൽ തയ്യാറാക്കുന്നത് ഉചിതമായിരിക്കും. ഇപ്രകാരം രണ്ട് വർഷക്കാലത്തേക്കുള്ള പ്രവൃത്തികളുടെ ആവശ്യകത തൃപ്തിപ്പെടുത്തുന്ന ഷെൽഫ് ഓഫ് പ്രോജക്ട്സുകളിലൂടെ

1. സാങ്കേതിക അനുമതി നൽകുന്നതിന് മുൻപ് വിശദമായ പരിശോധന നടത്തുന്നതിന് മതിയായ സമയ ലഭ്യത ഉറപ്പാക്കാം
2. അനുമതികൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാം

2.3. എല്ലാ വർഷവും ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികൾ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നിന്നും ഒഴിവാക്കി ഗ്രാമസഭ അംഗീകരിച്ചിട്ടുള്ള പുതിയ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രളയക്കെടുതിയിലുണ്ടായ നാശനഷ്ടം കണക്കാക്കി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പദ്ധതികളും മുൻഗണന നൽകി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക കർമ്മ പദ്ധതി എന്നത് പ്രവൃത്തികളുടെ പട്ടികയിൽ നിന്നും ഉരുത്തിരിയുന്നതും Shelf of Projects-ലേതിനെക്കാളും കുറച്ചു പ്രവൃത്തികൾ ഉൾക്കൊള്ളുന്നതുമായ ഒരു രേഖയാണ്.

2.4. ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ ഇപ്പോൾ രൂപീകരിച്ചിട്ടുള്ള സെക്യൂർ സോഫ്റ്റ്വെയർ ഉപയോഗിക്കേണ്ടതാണ്. ഓരോ പ്രവൃത്തിയുടെയും ഭരണസാങ്കേതികാനുമതികൾ ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്.

2.5. ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് ഒരു പ്രത്യേക ഫയലായി സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത ഫയലിൽ എസ്റ്റിമേറ്റ് അബ്സ്ട്രാക്ട്, വിശദമായ എസ്റ്റിമേറ്റ്, വാർഷിക കർമ്മപദ്ധതിയുടെ പകർപ്പ്, സാധനസാമഗ്രികളുടെ വിശദാംശങ്ങൾ, ഡാറ്റാ വിശകലനം, എസ്റ്റിമേറ്റ് റിപ്പോർട്ട്, സ്കെച്ച്, ഡിസൈൻ,

ലൊക്കേഷൻ മാപ്പ്, പ്രവൃത്തി തുടങ്ങുന്നതിനു മുൻപുള്ള പ്രദേശത്തിന്റെ ഫോട്ടോ തുടങ്ങി കേന്ദ്രസർക്കാർ ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശ പ്രകാരമുള്ള എല്ലാ രേഖകളും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

2.6. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾക്ക് ആവശ്യമായ ഡാറ്റ അവലംബിക്കേണ്ടത് സംസ്ഥാന സർക്കാർ 10.05.2016 ലെ ജി.ഒ(ആർ.റ്റി) നം. 1640/16/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ആയിരിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികൾ, വിദഗ്ദ്ധ- അർദ്ധ വിദഗ്ദ്ധ തൊഴിലാളികളുടെ കൂലി എന്നിവയുടെ നിരക്ക് ഓരോ ജില്ലയിലെയും പി.ഡബ്ല്യു.ഡി – സ്റ്റിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുന്ന് മാസത്തിലൊരിക്കൽ നിർണ്ണയിക്കുന്ന പ്രാദേശിക കമ്പോള നിരക്കുകൾ (എൽ.എം.ആർ) അനുസരിച്ചായിരിക്കും. അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ കൂലി നിരക്ക് വർഷാവർഷം കേന്ദ്രസർക്കാർ സി.പി.ഐ എ.എൽ (CPI-AL) മാനദണ്ഡങ്ങൾക്ക് അനുസൃതമായി നിശ്ചയിക്കുന്നതാണ്.

3. ലേബർ ബഡ്ജറ്റിലെ ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട മാനദണ്ഡങ്ങൾ

3.1. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 7.2. പ്രകാരം ചുവടെ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

3.2. <u>വിഭാഗം എ</u> : **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ**

i. കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർജ്ജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under-ground dykes), മൺതടയണകൾ, നിലഅണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ **ജലസംരക്ഷണത്തിനും** ഭൂഗർഭജലപോഷണത്തിനും സഹായകരമായ **നിർമ്മിതികൾ;**

ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ടുതിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണം തുടങ്ങിയ **നീർത്തട പരിപാലന പ്രവൃത്തികൾ;**

iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നി പ്രവൃത്തികളും ;

iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള **പരമ്പരാഗത ജലസ്രോതസ്സുകളുടെ** പുനരുദ്ധാരണവും;

v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവത്കരണവും, വൃക്ഷത്തൈ ഉല്പാദനത്തിനായുള്ള നഴ്സറി രൂപീകരണം ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്;

vi. പുൽമേടുകളുടെ വികസനം, ദീർഘകാലം നിലനിൽക്കുന്ന പുല്ലുകൾ വച്ച് പിടിപ്പിക്കൽ.

vii. മുള, റബ്ബർ, തെങ്ങ്, എന്നിവയുടെ പ്ലാന്റേഷൻ

viii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികളും.

1.3.1. <u>വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള</u> **വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)**

i) ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് **ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി** ഭൂവികസനവും, കിണറുകൾ (Dug well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ;

ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, ഫാംഫോറസ്ട്രി എന്നിവയിലൂടെ **ആജീവനം മെച്ചപ്പെടുത്തൽ;**

iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ **തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച്** കൃഷിക്ക് അനുയോജ്യമാക്കൽ; (പ്രവൃത്തിയ്ക്കായി ഏറ്റെടുക്കുന്ന ഭൂമി തരിശുഭൂമി ആയിരുന്നുവെന്ന് ഉറപ്പാക്കേണ്ടതും ഇടപെടലുകൾ ഒറ്റത്തവണ മാത്രമായിരിക്കേണ്ടതുമാണ്)

iv) ആയുർദൈർഘ്യമുള്ള രാമച്ചം ഉൾപ്പെടെയുള്ള പുല്ലുകൾ ഉപയോഗിച്ചുള്ള പുൽമേടുകളുടെ വികസനവും

v) മുള, റബ്ബർ, തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ

vi) ഇന്ദിരാ ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകവും, വീടിന് ആവശ്യമായ ഉല്പാദിപ്പിക്കപ്പെട്ട നിർമ്മാണ സാമഗ്രികളും;

vii) മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണവും;

viii) മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;

ix) ജൈവവളത്തിന്റെ (NADEP, വെർമി കമ്പോസ്റ്റ്) ഉത്പാദനം

3.3.2. സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലൂടെ തരിശ്ശുഭൂമി/കൃഷിചെയ്യാത്ത ഭൂമി എന്നിവ മെച്ചപ്പെടുത്തി കൃഷിയ്ക്ക് ഉപയുക്തമാക്കുകവഴി കാറ്റഗറി ബി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കളുടെ വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്. സ്വകാര്യഭൂമിയിൽ നിയമത്തിന് നിരക്കാത്തതും ആവർത്തന സ്വഭാവമുള്ളതുമായ പ്രവൃത്തികൾ ചെയ്തുവന്നിരുന്നു എന്നതാണ് മുൻകാല അനുഭവം. സ്വകാര്യഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഒരു കാരണവശാലും നിലവിലെ പരിസ്ഥിതി സന്തുലിതാവസ്ഥയെ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്. ഉല്പാദനപരമല്ലാത്തതും നിലവിലെ പരിസ്ഥിതിയ്ക്ക് ആഘാതം സൃഷ്ടിക്കുന്നതരത്തിലുള്ളതുമായ പ്രവൃത്തികൾക്ക് ഒരു കാരണവശാലും സാങ്കേതികാനുമതി നൽകാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്ന ഉദ്യോഗസ്ഥർ ആയതിന്-

ഉത്തരവാദികളായിരിക്കും. സ്വകാര്യ ഭൂമിയിൽ ഒരു കാരണവശാലും ആവർത്തനസ്വഭാവമുള്ള താത്കാലിക പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

3.4. വിഭാഗം സി : **ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ**

i. കാർഷികോല്പന്നങ്ങളുടെ ഈടുറ്റ സംഭരണ സൗകര്യം ഉൾപ്പെടെയുള്ള വിളവെടുപ്പിന് ശേഷം ആവശ്യമായി വരുന്ന സൗകര്യങ്ങൾ (Post harvest facilities), ജൈവവളം എന്നിവയ്ക്ക് ആവശ്യമായ സ്ഥായിയായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുകവഴി കാർഷികോല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ;

ii. സ്വയം സഹായ സംഘങ്ങളുടെ ഉപജീവന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പൊതുവർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം.

3.5. വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ

i. നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ സംസ്കരണത്തിനും തുറസ്സായ സ്ഥലത്തെ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനും വേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്ലറ്റുകൾ, അങ്കണവാടി ടോയ്ലറ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ തുടങ്ങിയ ഗ്രാമീണ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ;

ii. ഒറ്റപ്പെട്ടുകിടക്കുന്ന ഗ്രാമങ്ങളെയും, നിർദ്ദിഷ്ട ഗ്രാമീണ ഉല്പാദന കേന്ദ്രങ്ങളെയും നിലവിലുള്ള റോഡ് ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള, എല്ലാ കാലാവസ്ഥയിലും ഉപയോഗിക്കാൻ പറ്റുന്ന ഗ്രാമീണ റോഡുകളുടെ നിർമ്മാണവും, ഓടകൾ, കലുങ്കുകൾ എന്നിവ ഉൾപ്പെടെയുള്ള ഗ്രാമത്തിലെ ഈടുറ്റ ഉൾറോഡുകളുടെയും വീഥികളുടെയും നിർമ്മാണവും;

iii. കളിസ്ഥലങ്ങളുടെ നിർമ്മാണവും;

iv. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികൾ, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടി

നിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ (chaur renovation), തീരപ്രദേശങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട സ്റ്റോം വാട്ടർ ഡ്രെയിനുകൾ, എന്നിവ ഉൾപ്പെടെയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ, റോഡുകളുടെ പുനഃരുദ്ധാരണം, ദുരന്തപ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളും;

v. ഗ്രാമപഞ്ചായത്തുകൾ, വനിതാ സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ (സൈക്ലോൺ ഷെൽറ്റർ), അങ്കണവാടികേന്ദ്രങ്ങൾ, ഗ്രാമീണ പന്തകൾ എന്നിവയ്ക്കാവശ്യമുള്ള കെട്ടിടങ്ങളുടെ നിർമ്മാണവും, ഗ്രാമ/ബ്ലോക്ക്തല ക്രിമറ്റോറിയങ്ങളുടെ നിർമ്മാണവും;

vi. ദേശീയ ഭക്ഷ്യസുരക്ഷാനിയമം 2013 (20/2013) ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന ഭക്ഷ്യധാന്യ സംഭരണികളുടെ നിർമ്മാണവും;

vii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ ഭാഗമായി വരുന്ന നിർമ്മാണ സാമഗ്രികളുടെ ഉല്പാദനവും;

viii. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമീണ പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികളും;

ix. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു പ്രവൃത്തിയും.

3.6.3. പ്രകടമല്ലാത്തതും, അളന്നുതിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികളും ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.

3.7.വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

(എ). പട്ടികജാതി
(ബി). പട്ടികവർഗ്ഗം
(സി). നാടോടികളായ ആദിവാസികൾ
(ഡി). ഡീനോട്ടിഫൈഡ് ആദിവാസികൾ
(ഇ). ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ
(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ
(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥർായിട്ടുള്ള കുടുംബങ്ങൾ
(എച്ച്). ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ

(ഐ). ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ
(ജെ). 2006 ലെ പട്ടികവർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും
(വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007 ലെ 2) ഗുണഭോക്താക്കളും,

3.8. മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടേയും ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008 ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ. മേൽപ്പറഞ്ഞ എല്ലാ വിഭാഗം കുടുംബങ്ങളും തൊഴിൽ കാർഡ് എടുക്കേണ്ടതും പ്രസ്തുത കുടുംബത്തിലെ കുറഞ്ഞത് ഒരു അംഗമെങ്കിലും സ്വന്തം ഭൂമിയിൽ/വീട്ടുവളപ്പിൽ പ്രവൃത്തിയിലേർപ്പെടാൻ സന്നദ്ധരാകേണ്ടതുമാണ്.

3.9. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നടപ്പാക്കിവരുന്ന സാധാരണ പ്രവൃത്തികളിൽ നിന്നും ഗുണപരമായി മെച്ചപ്പെട്ട തലത്തിലുള്ളവയും സംയോജിത പ്രകൃതി വിഭവ പരിപാലനത്തിൽ അധിഷ്ഠിതമായവയുമായ പ്രവൃത്തികളിലേക്ക് - സമൂലമായി മാറേണ്ടത് അത്യാവശ്യമാണ്. കാർഷിക ഉല്പാദനത്തിലും ജനങ്ങളുടെ വരുമാനത്തിലും സുസ്ഥിര വർദ്ധനവ് ലക്ഷ്യമാക്കിയുള്ള നീർത്തടാധിഷ്ഠിത തത്വത്തിൽ ഊന്നിയുള്ള ആസൂത്രിതവും ചിട്ടയോടും കൂടിയ ഭൂവികസന ജലസംരക്ഷണ പ്രവർത്തനങ്ങൾ ആയിരിക്കണം 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളുടെ അടിസ്ഥാന ലക്ഷ്യം.

4. നീർത്തടാധിഷ്ഠിത വികസന രീതിശാസ്ത്രം

4.1.1. ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഇപ്രകാരം ഒരു നദീതടത്തെ പല ഉപ നീർത്തടങ്ങളായും ഒരു ഉപനീർത്തടത്തെ പല ചെറു നീർത്തടങ്ങളായും തരം തിരിക്കാം. നീർത്തട പ്രദേശത്തിനുള്ളിലെ ജലവ്യവസ്ഥയും മണ്ണും ജൈവ സമ്പത്തും പരസ്പര ബന്ധിതമായി നിലകൊള്ളുന്നുവെന്നതാണ് നീർത്തടത്തിന്റെ പ്രത്യേകത. ഭൂസവിശേഷതകളായ കുന്ന്, ചരിവ്, താഴ്വര, മണ്ണിന്റെ ആഴം, ഘടന, മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാധ്യമാക്കുന്നതിനും,

ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത് (Watershed Based approach) ഇടപെടൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച് കുന്നിൻ മുകളിൽ നിന്നും താഴ്വാരത്തിലേക്ക് നീങ്ങുന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത് (Ridge to valley approach) നീർത്തടം എന്നത് വികസനത്തിന്റെ ഒരുക്കമുള്ള ഏകകം (Unit) ആയതിനാൽ കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യവനവത്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സംയോജിത നീർത്തട പരിപാലന (Integrated Watershed Management) കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടലുകൾ ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കാവുന്ന പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തടയണ നിർമ്മാണം: വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കി ഇരുമ്പ് വല കൊണ്ട് ആവരണം ചെയ്ത് (Gabion) തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.

ബി) വിയർ നിർമ്മാണം: നീരൊഴുക്ക് തടസ്സപ്പെടുത്തി ജലസംഭരണം സാധ്യമാകുന്നതിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക

സി) കോണ്ടൂർ ബണ്ടിംഗ്: വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറുകേ കയ്യാലനിർമ്മിക്കാവുന്ന സ്ഥലങ്ങൾ

ഡി) ബണ്ടുകൾ ശക്തിപ്പെടുത്തൽ: പുല്ല്, മരങ്ങൾ എന്നിവ വച്ച് പിടിപ്പിക്കേണ്ട സ്ഥലങ്ങൾ

ഇ) ധാരാളം വേരുപടലങ്ങളുള്ള ഗിനിഗ്രാസ്സ്, മാരച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ചു പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക

എഫ്) ജൈവ വേലി നിർമ്മിതികൾ: വട്ട, ശീമക്കൊന്ന, ശെബാബുൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളും നീർച്ചാലുകളുടെ കരകളിലും വച്ചുപിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ

ജി) ബ്രഷ്വുഡ് തടയണ നിർമ്മാണം (പാഴ്ത്തടികൊണ്ടുണ്ടാക്കുന്നവ): നീർച്ചാലുകളിൽ പാഴ്ത്തടികൾ, മരക്കൊമ്പുകൾ ഉപയോഗിച്ച്

എച്ച്) കുളങ്ങളുടെ നിർമ്മാണവും പൊതുകുളങ്ങളുടെ നവീകരണവും

9

4.1.2. നിലവിൽ, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും സംയോജിത നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുള്ളതാണ്. ഇപ്രകാരം അംഗീകാരം ലഭ്യമാക്കിയിട്ടുള്ള മാസ്റ്റർപ്ലാനിന്റെ കാലാവധി അഞ്ച് വർഷമായി നിജപ്പെടുത്തിയിരുന്നു. കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഘട്ടം ഘട്ടമായി നീർത്തട മാസ്റ്റർപ്ലാനുകൾ സമഗ്രമായി പരിഷ്കരിക്കാൻ നിർദ്ദേശിച്ചിരുന്നു മേൽ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്. പ്രളയബാധിത ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ നീർത്തട മാസ്റ്റർ പ്ലാനിൽ ഭേദഗതി വരുത്തേണ്ടതാണ്.

4.2.പദ്ധതി പ്രവൃത്തികൾ നീർത്തടാധിഷ്ഠിതമായി കണ്ടെത്തുന്ന രീതി

4.2.1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4.2.2. നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമി അവയുടെ ഉടമസ്ഥതയുടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ മൂന്നായി തിരിക്കാം

എ) വ്യക്തികളുടെ കൈവശമുള്ള കൃഷിഭൂമി

ബി) കൃഷിയ്ക്ക് ഉപയുക്തമായതോ, തരിശായി കിടക്കുന്നതോ ആയ പുറമ്പോക്ക് ഭൂമി

സി) പൊതു ഉടമസ്ഥതയിലുള്ള നീർച്ചാലുകൾ, തോടുകൾ, നീരുറവകൾ തുടങ്ങിയ ജലസ്രോതസ്സുകൾ

4.2.3.**പ്രകൃതി വിഭവ പരിപാലനം:** നീർത്തട പ്രദേശത്തെ പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ പരിപാലനവും പുനരുജ്ജീവനവും സാധ്യമാക്കുന്നതിന് ശാസ്ത്രീയവും, സൂക്ഷ്മവുമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ഭൂമിയുടെ ഉപരിതലത്തിലെ ഫലഭൂയിഷ്ഠമായ മേൽമണ്ണിനെ സംരക്ഷിച്ചു നിർത്തുവാനും മഴയായി ഭൂമിയിൽ പതിക്കുന്ന ജലത്തെ മണ്ണിലേയ്ക്ക് പരമാവധി കിനിഞ്ഞിറങ്ങുവാൻ സഹായിക്കുന്നതുമായ പ്രവർത്തനങ്ങൾക്കാണ് ഇതിൽ മുൻഗണന നൽകേണ്ടത്. ഭൂമിയുടെ സസ്യാവരണം മെച്ചപ്പെടുത്തുന്ന തരത്തിൽ പൊതുഭൂമിയിലും സ്വകാര്യഭൂമിയിലും വൻതോതിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുക്കേണ്ടതാണ്. കൂടാതെ പൊതു ആസ്തികളായ കുളങ്ങൾ, തണ്ണീർതടങ്ങൾ, കാവുകൾ, നീരുറവകൾ എന്നിവയെ

സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങളും നടത്താവുന്നതാണ്. പ്രകൃതി സൗഹാർദ്ദപരമായ ഇടപെടലുകളിലൂടെയും പരമ്പരാഗതവും പ്രാദേശികവുമായ അറിവുകൾ പരമാവധി പ്രയോജനപ്പെടുത്തിയുമായിരിക്കണം നീർത്തടങ്ങളിലെ പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്. സിമന്റ്, പാറ, മണൽ, സ്റ്റീൽ തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മാത്രമേ ഏറ്റെടുക്കേണ്ടതുള്ളൂ. കുളങ്ങളുടെയും തോടുകളുടെ വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തിയതിനുശേഷം പുല്ലുവച്ച് പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്.

4.2.4. പ്രകൃതി വിഭവങ്ങളുടെ പരിപാലനത്തിനായി ഓരോ നീർത്തട പ്രദേശത്തെയും (1) മേൽതട്ട് (upper reaches), (2) ഇടത്തട്ട് (middle reaches) (3)താഴെ തട്ട് (lower reaches) എന്നിങ്ങനെ മുന്നായി തിരിച്ച് ഓരോ ഭാഗത്തിനും അനുയോജ്യമായ പ്രവൃത്തികൾ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കണം.

4.2.5. ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി ഓരോ ജില്ലയിലും അവിടുത്തെ കാലാവസ്ഥക്കും പരിസ്ഥിതിക്കും അനുയോജ്യമായ വൃക്ഷങ്ങൾ പ്രത്യേകമായി പ്രചരിപ്പിച്ച് നട്ട് പിടിപ്പിക്കേണ്ടതാണ്. ഉദാഹരണത്തിന്, വയനാട് ജില്ലയിൽ ഏറ്റവും അനുയോജ്യവും ആവശ്യവുമായ മുള നട്ട് പിടിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. തീരപ്രദേശങ്ങളിൽ കണ്ടൽക്കാടുകൾ പ്രചരിപ്പിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4.2.6. വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്ന പരിപാടി ജില്ലയിൽ വിജയപ്രദമായി ഏറ്റെടുക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആനുവൽ മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 7.6 ഭാഗത്തിൽ പരാമർശിക്കുന്ന വിഷയങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പരമാവധി ഫലവൃക്ഷത്തൈകൾ തൊഴിലുറപ്പ് പദ്ധതിയിൽ നഴ്സറികൾ സ്ഥാപിച്ച് ഉല്പാദിപ്പിക്കേണ്ടതാണ്. ഇതിനായി മഴക്കാലത്തിന് മുൻപ് ആവശ്യമായ നഴ്സറികൾ എല്ലാ ബ്ലോക്കിലും രൂപീകരിക്കേണ്ടതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ നഴ്സറികളിൽ ഉല്പാദിപ്പിക്കുന്ന വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നതിനുള്ള വിശദമായ ആസൂത്രണവും ഗ്രാമപഞ്ചായത്തു തലത്തിൽ നടത്തേണ്ടതാണ്.

4.2.7. വ്യക്തിഗത പദ്ധതികൾ:

എ) ഭൂമിയിലെ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ

ബി) ബയോമാസ്സിന്റെ അളവ് കൂട്ടുന്നതിനുള്ള പരിപാടികൾ

സി) ജൈവ വൈവിദ്ധ്യം കൂട്ടുന്നതിനുള്ള പദ്ധതികൾ

ഡി) ജലസേചനത്തിനായി കുളം നിർമ്മാണം

ഇ) നിലവിലെ ജലസ്രോതസ്സുകളായ കിണറുകൾ റീചാർജ്ജ് ചെയ്ത് ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

എഫ്) ക്ഷീര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള തൊഴുത്ത് തുടങ്ങിയ മൃഗസംരക്ഷണപരിപാടികൾക്കുള്ള അടിസ്ഥാന സൗകര്യമൊരുക്കൽ

4.3.PMKSYപ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ പ്രോജക്ട് സമീപനത്തോടെ നീർത്തടവികസന പ്രവൃത്തികൾ സ്വതന്ത്രമായി ഏറ്റെടുക്കാൻ കഴിയും. ഇത്തരം പ്രവൃത്തികൾ സമഗ്ര നീർത്തട പദ്ധതിയുടെ ഭാഗമായിട്ടല്ലാതെ തനതായി ഏറ്റെടുക്കാൻ പാടുള്ളതല്ല

4.4.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻകീഴിലുള്ള നീർത്തട പരിപാലന പ്രവൃത്തികൾ PMKSY യുമായി സമന്വയിപ്പിച്ചുകൊണ്ട് PMKSY നിലവിൽ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നതോ പുതുതായി പോജക്ട് നടപ്പിലാക്കാനുദ്ദേശിക്കുന്നതോ ആയ പ്രദേശത്ത് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം ഏറ്റെടുക്കുമ്പോൾ പ്രവൃത്തികളുടെ ഇരട്ടിപ്പ് (ആവർത്തനം) ഉണ്ടാകാൻ പാടില്ല.

4.5.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൻ കീഴിൽ, നീർച്ചാലുകൾക്ക് കുറുകേ, മൺചാക്കുകൾ അടുക്കുന്നതിന് പകരമായി, ചരിവുകുറഞ്ഞതോ സമതലമോ ആയ പ്രദേശങ്ങളിൽ ജലസംരക്ഷണ നിർമ്മിതികളായ എർത്തൺ പ്ലഗ്ഗും ഗ്യാബിയോണും ഇടത്തരം-താഴ്ന്ന പ്രദേശങ്ങളിൽ ഡ്രോപ് സ്പിൽവേയും മണ്ണണകളും നിർമ്മിക്കാവുന്നതാണ്.

4.6. മഴവെള്ള പാച്ചിലിന്റെ ആഘാതങ്ങൾ ലഘൂകരിക്കൽ, മഴവെള്ളകൊയ്ത്ത്, തരിശുനിലങ്ങളെ കൃഷിയ്ക്ക് ഉപയുക്തമാക്കൽ, ലഭ്യമായ എല്ലാ പൊതുസ്ഥലങ്ങളും ഉല്പാദനക്ഷമമാക്കൽ, പട്ടികജാതി-പട്ടികവർഗ്ഗ, ചെറുകിട നാമമാത്ര കർഷകരുടെ ഭൂവികസനം എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള സംയോജിത പ്രകൃതിവിഭവ പരിപാലനത്തിലൂടെ ഉല്പാദനക്ഷമത

വർദ്ധിപ്പിക്കലും അതുവഴി ആജീവന വ്യവസ്ഥ ശക്തിപ്പെടുത്തലും ലക്ഷ്യമാക്കേണ്ടതാണ്

4.7. പ്രോജക്ടുകൾ രൂപീകരിക്കുമ്പോൾ സംയോജിത പ്രകൃതിവിഭവ പരിപാലന പ്രവർത്തനങ്ങളും വ്യക്തികളുടെ ഭൂമിയിലെ പ്രവൃത്തികളും നീർത്തടാധിഷ്ഠിത ഇടപെടലിന്റെ ഭാഗമായി യുക്തിപൂർവ്വം കോർത്തിണക്കാവുന്നതാണ്. സുസ്ഥിരവും ഉല്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് ചിട്ടയോടുകൂടിയ പ്രവൃത്തികളുടെ തെരഞ്ഞെടുപ്പും അതിന്റെ നിർവ്വഹണവും അത്യന്താപേക്ഷിതമാണ്.

4.8. 2014 ജനുവരി മാസം 3-ാം തീയതി കേന്ദ്രസർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക- Iൽ വരുത്തിയിട്ടുള്ള ഭേദഗതി പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ ഇടപെടുന്നതിന് പദ്ധതി തയ്യാറാക്കുമ്പോൾ, പട്ടിക 1 ഖണ്ഡിക 5 ൽ നിർദ്ദേശിച്ചിട്ടുള്ള വിഭാഗങ്ങൾക്ക് മുൻഗണന നൽകി അവരുടെ ഭൂമിയിൽ മാത്രമായ രീതിയിൽ ഇടപെടലുകൾ നടത്തിയതിന് ശേഷം മാത്രമേ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുള്ളൂ. 2019-20 സാമ്പത്തിക വർഷത്തേക്കുള്ള പ്രവൃത്തികളുടെ പട്ടിക തയ്യാറാക്കുന്ന വേളയിലും പട്ടിക I ഖണ്ഡിക 5 വിഭാഗത്തിൽ മുൻഗണനക്ക് അർഹരായിട്ടുള്ള എല്ലാ വിഭാഗങ്ങളുടെയും ഭൂമിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ സമഗ്ര നീർത്തടാധിഷ്ഠിതമായി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിൽ കുന്നിൻ മുകളിൽ നിന്നും താഴേക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് മേൽപ്പറഞ്ഞ മുൻഗണനാക്രമം പാലിക്കേണ്ടതില്ല.

4.9. പശ്ചിമ ഘട്ടത്തിലെ ചരിവേറിയ പ്രദേശങ്ങളിൽ നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ നീരൊഴുക്ക് പൂർണ്ണമായും തടസ്സപ്പെടുന്ന രീതി അവലംബിക്കുവാൻ പാടില്ലാത്തതാണ്. ചരിവ് കൂടിയ പ്രദേശങ്ങളിൽ അശാസ്ത്രീയമായി മഴക്കുഴികൾ അടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

5. സംസ്ഥാനത്ത്, പ്രകൃതി സമ്പത്തിന്റെ സംരക്ഷണം ലക്ഷ്യമിട്ട് നൂതനമായ ഒട്ടനവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ട ഒരു പ്രവൃർത്തനമാണ്

കിണറുകളിലെ ജലലഭ്യത വർദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള 'ജലസുഭിക്ഷ' എന്ന പ്രോജക്ട് വീടുകളിലെ കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശേഖരിച്ച് കിണറുകളിൽ എത്തിക്കുന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പ്രവർത്തനത്തിലൂടെ ജലലഭ്യത വൻതോതിൽ വർദ്ധിപ്പിക്കുവാൻ സാധിക്കും. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട ഇടപെടലാണ് നദീസംരക്ഷണം. പാലക്കാട് ജില്ലയിൽ നിലവിൽ ഗായത്രിപുഴയുടെ സംരക്ഷണത്തിന് ആവശ്യമായ പ്രവൃത്തികൾ കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കണ്ടെത്തലുകളെ അടിസ്ഥാനപ്പെടുത്തി മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എയിൽ ആലത്തൂർ, നെന്മാറ, കുഴൽമന്ദം ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഇടപെടലുകൾ കൊല്ലംകോട് ബ്ലോക്ക് പ്രദേശത്തും തൂതപ്പുഴയുടെ വൃഷ്ടി പ്രദേശങ്ങളിലും തുടർന്ന് ഏറ്റെടുക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി സംസ്ഥാന സർക്കാർ 'ഹരിതകേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നദീതടങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ വൃഷ്ടിപ്രദേശങ്ങളുടെ പാരിസ്ഥിതിക സന്തുലനാവസ്ഥ പുനസ്ഥാപിക്കുന്നതിനും ആവശ്യമായ ഇടപെടലുകളാണ് ഹരിതകേരളം പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഹരിതകേരളം പദ്ധതി വിജയിപ്പിക്കുന്നതിന് മുഖ്യസംഭാവന നൽകാൻ തൊഴിലുറപ്പ് പദ്ധതിയിലൂടെ സാധിക്കും. ഇക്കാരണത്താൽ, തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ നദീതട സംരക്ഷണത്തിനും പുനഃരുജ്ജീവനത്തിനും ഉതകുന്ന പ്രവൃത്തികൾക്ക് മുന്തിയ പരിഗണന നൽകേണ്ടതാണ്. 2019 -20 ലെ ലേബർ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ കേന്ദ്രസർക്കാർ മുൻഗണനാ പ്രവൃത്തികളായി നിർദ്ദേശിച്ചിട്ടുള്ള കുളങ്ങളുടെ നിർമ്മാണം, വില്ലേജ് ഹാട്ടുകൾ, വെർമി/നടേപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ, അംഗൻവാടി നിർമ്മാണം, പ്രധാനമന്ത്രി ഭവന യോജന (ഗ്രാമീൺ), ഫലവൃക്ഷതൈകൾ വച്ച് പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്ക് പ്രാധാന്യം കൊടുത്ത് ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രളയശേഷമുള്ള പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രവൃത്തികളും ഉൾപ്പെടുത്തേണ്ടതാണ്.

6. ഒരു സാമ്പത്തിക വർഷം മൊത്തം ചെലവിന്റെ ചുരുങ്ങിയത് 60 ശതമാനമെങ്കിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പട്ടിക അനുബന്ധം.VI ആയി ചേർത്തിട്ടുള്ളതാണ്.

7. 2019-20 സാമ്പത്തിക വർഷത്തിൽ കിണർ റീചാർജ്ജിംഗിന് മുന്തിയ പരിഗണന നൽകേണ്ടതാണ്.

8.ലേബർ മെറ്റീരിയൽ അനുപാതം ഗ്രാമപഞ്ചായത്ത് തലത്തിൽ 60:40 പാലിക്കേണ്ടതാണ്.

9. DAY-NRLM പദ്ധതിയിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായസംഘങ്ങളുടെ പങ്കാളിത്തം നീർത്തട വികസന പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രത്യേകിച്ചും മിഷൻ വാട്ടർ കൺസർവേഷൻ ബ്ലോക്കുകളിലെ ആസൂത്രണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലെ ക്ലസ്റ്റർ ഫെസിലിറ്റേഷൻ ടീമുകളും DAY-NRLM പദ്ധതിയിൽ ബ്ലോക്ക് ക്ലസ്റ്ററുകളും സജീവമായി പങ്കെടുക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

10. 2018-19 സാമ്പത്തിക വർഷം നീർത്തടാധിഷ്ഠിത വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിനാൽ റോഡ്, നടപ്പാത തുടങ്ങിയ പ്രവൃത്തികളുടെ ചെലവ് എല്ലായ്പ്പോഴും ഒരു പഞ്ചായത്തിന്റെ മൊത്തം ചെലവിന്റെ മൂന്നിൽ ശതമാനം അധികരിക്കാൻ പാടില്ലാത്തതാണ്.

11. പ്രളയ പ്രതിരോധത്തിനും, പ്രളയക്കെടുതികളുടെ പുനഃസ്ഥാപനത്തിനുമുള്ള പ്രവർത്തികൾക്ക് മുൻഗണന നൽകേണ്ടതാണ്.

10. തൊഴിലുറപ്പ് പദ്ധതിയും ഇതരവകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ :

10.1.ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

നീർത്തട മാസ്റ്റർപ്ലാനിന്റെ അടിസ്ഥാനത്തിൽ ഉൾനാടൻ ജലസോത്രോസ്സുകൾ തൊഴിലുറപ്പ് പദ്ധതിയിൽ പുനരുദ്ധാരണം നടത്തി മത്സ്യകൃഷി ഏറ്റെടുക്കാവുന്നതാണ്.

'മത്സ്യ സമൃദ്ധി' പദ്ധതിയുടെ ഭാഗമായുള്ള ശുദ്ധജല മത്സ്യഹാച്ചറി, ഉപ്പുജല മത്സ്യകൃഷി വികസന പദ്ധതി, പുതിയ കുളങ്ങളുടെയും ടാങ്കുകളുടെയും നിർമ്മാണം തുടങ്ങിയ പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതി ഘടകം ഏറ്റെടുക്കാവുന്ന മേഖലകളിൽ സംയോജിപ്പിക്കാവുന്നതാണ്. മത്സ്യ ബന്ധന തൊഴിലാളി കുടുംബങ്ങൾക്ക് കക്കൂസ്, ഖര ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യം, എന്നിവയും മത്സ്യബന്ധന തൊഴിലാളി കോളനികളിൽ സിമന്റ് കോൺക്രീറ്റ്, ഇന്റർലോക്ക് കട്ടകളുപയോഗിച്ചുള്ള റോഡ് നിർമ്മാണം, വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവയും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്നതാണ്.

10.2.സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ

മണ്ണുജല സമ്പത്തുകളുടെ ഘടന, തരം എന്നിവ സംബന്ധിച്ച് സാങ്കേതിക വിജ്ഞാനം നൽകുന്നതിനും വികസന പ്ലാനുകൾ തയ്യാറാക്കുന്നതിനും സോയിൽ സർവ്വേ&സോയിൽ കൺസർവേഷൻ വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

10.3.ജലസേചന വകുപ്പ്

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കനാലുകളിലെ ചെളിനീക്കം ചെയ്യൽ, കനാൽ ബണ്ടുകളുടെ സംരക്ഷണ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നവയാണ്. എന്നാൽ, 2017-18 ലെ കേന്ദ്രസർക്കാരിന്റെ വാർഷിക- മാസ്റ്റർ സർക്കുലറിന്റെ ഖണ്ഡിക 7.2.2.10 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതും 7.2.4.2. ൽ പരാമർശിച്ചിട്ടുള്ള ഈട് ഉറപ്പാക്കിയിരിക്കേണ്ടതുമാണ്.

10.4. കൃഷിവകുപ്പ്

കൃഷി വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ഭൂവികസന പ്രവർത്തനങ്ങൾ, ജലസേചനത്തിനുള്ള കിണർ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പച്ചക്കറികൃഷിക്കു തെരഞ്ഞെടുക്കുന്ന ഭൂമിയിലെ കാട് നീക്കം ചെയ്യൽ, ബണ്ട് നിർമ്മാണം, ഭൂമിതട്ടുതിരിക്കൽ എന്നീ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. തരിശ്ശായി കിടന്ന ഭൂമിയിൽ നെൽകൃഷിക്ക് ബണ്ട് നിർമ്മാണം, ചാലുകീറൽ, ജലസേചനകുളം നിർമ്മാണം, നിലവിലുള്ള പൊതു കുളങ്ങളുടെ ചെളി നീക്കം ചെയ്യൽ, ആഴംകൂട്ടൽ തുടങ്ങിയ പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാം.

10.5. നാളികേര വികസന പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ കൃഷി ചെയ്യാത്ത പുരയിടങ്ങളിൽ പുതുതായി തെങ്ങിൻതൈ വച്ച് പരിപാലിക്കുന്നതും നിലവിൽ രോഗം ബാധിച്ച തെങ്ങുകൾക്ക് പകരം പുതിയ തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതും അനുവദനീയമാണ്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവർത്തനങ്ങൾ പുതുതായി തെങ്ങ് നട്ട് പരിപാലിക്കുന്നതിനു മാത്രം അനുവദനീയമാണ്. പുതുതായി തെങ്ങിൻതൈ വച്ച് പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഒരുക്കൽ, തെങ്ങിൻതൈ നടുന്നതിന് ആവശ്യമായ കുഴി എടുക്കൽ, രണ്ട് വർഷക്കാലത്തേക്ക് തെങ്ങിൻതൈയ്ക്ക് ആവശ്യമായ ജലസേചനം തുടങ്ങിയവ പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. (രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമറ്റൽ, അവ കത്തിച്ച് കളയൽ തുടങ്ങിയവ ഒരു കാരണവശാലും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതാണ്.)

10.6.ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ

കംപോസ്റ്റ് തയ്യാറാക്കൽ, വളം നിർമ്മാണം, ജലസംരക്ഷണനിർമ്മിതികൾ, ചുറുങ്ങിയത് 25 വർഷം വരെ നിലനിൽക്കുന്ന ഫവലൃക്ഷങ്ങൾക്ക് ജലസേചനം എന്നിവ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

10.7. ക്ഷീരവികസന വകുപ്പ്

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട തീറ്റപ്പുൽകൃഷി, ബയോഗ്യാസ്/ജൈവവളം, കാലിത്തൊഴുത്ത് എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

10.8. മൃഗസംരക്ഷണവകുപ്പ്

ആടുവളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ എന്നിവ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളാണ്. കൂടാതെ കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ എന്ന സ്ഥാപനം സംസ്ഥാനത്ത് നിലവിൽ ഉണ്ട്. ആട്/പന്നി/കോഴി എന്നിവയെ വളർത്തുന്നതിനുള്ള കൂട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള സാധ്യത ഉപയോഗിക്കാവുന്നതാണ്.

10.9. വനം, വന്യജീവി വകുപ്പ്

തൊഴിലുറപ്പ് പദ്ധതിയിലെ പ്രകൃതിപരിപാലന പ്രവർത്തനങ്ങളിലെയും ഗ്രാമീണ ചേട്ടകുടുകളുടെ വികസനത്തിലെയും ഒട്ടുമിക്ക പ്രവർത്തനങ്ങളും വനംവകുപ്പുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.208/2017/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം വനത്തിലുള്ളിലെ ജലസംരക്ഷണം നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ, ജലസംഭരണികൾ, വനവത്കരണം, നഴ്സറികൾ ആരംഭിക്കൽ, ഭൂവികസനം എന്നിവയും വനവാസികളുടെ ഭൂമിയിൽ ഭൂവികസനം, ജലസംരക്ഷണം, ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കക്കൂസ് നിർമ്മാണം, തൂടങ്ങിയവയും വനഭൂമിയിലെ പാതകളുടെ നിർമ്മാണവും വനത്തിലുള്ളിലെ കോളനികളുടെ അടിസ്ഥാന സൗകര്യവികസനവും സാധ്യമാകുന്നതാണ്.

10.10. സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒട്ടനവധി അങ്കണവാടികൾ നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്തവയാണ്. ഇവയുടെ നിർമ്മാണം അടിയന്തിരമായി ഏറ്റെടുക്കേണ്ടതാണെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതും 2016-17 സാമ്പത്തിക വർഷം മുതൽ ഒരു മുൻഗണനാ പ്രവൃത്തിയായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടങ്കലിന്റെ 5 ലക്ഷം രൂപവരെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും ലഭിക്കുന്നതാണ്. ഇതിനുപുറമേ 2 ലക്ഷം രൂപവരെ സാമൂഹികനീതി വകുപ്പ്

ധനസഹായമായി നൽകുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ഏഴ് ലക്ഷം രൂപയ്ക്ക് പുറമേ അടങ്കൽ പ്രകാരം ആവശ്യമായ തുക ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതാണ്. അടങ്കൽ തയ്യാറാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സ്റ്റാന്റേർഡൈസ്ഡ് ഡാറ്റ ഉപയോഗിക്കേണ്ടതും നിരക്കുകളുടെ കാര്യത്തിൽ കേരള പി.ഡബ്ല്യൂ.ഡി നിശ്ചയിക്കുന്ന എൽ.എം.ആറും അവലംബിക്കേണ്ടതാണ്. പ്രവൃത്തികളുടെ നിർവ്വഹണം പൂർണ്ണമായും മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണം. അങ്കണവാടികളിൽ കെട്ടിടത്തിന് പുറമേ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റും, കമ്പോസ്റ്റും NADEP/മണ്ണിര കുഴികളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

10.11. പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗക്കാർക്ക് സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണം നടത്തുമ്പോൾ അതിനാവശ്യമായ വേതനഘടകവും, പട്ടികവർഗ്ഗ കുട്ടികൾക്കുള്ള ഹോസ്റ്റലുകളിൽ കളിസ്ഥലങ്ങളുടെ നിർമ്മാണവും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്.

10.12.ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം

ഏകദേശം 4000 കോടി രൂപ ഒരു വർഷം ത്രിതല പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടായി സംസ്ഥാന സർക്കാർ നൽകുന്നുണ്ട് ഇതിൽ 50% തുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ആകയാൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തികളിലെ തൊഴിൽഘടകം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കേണ്ടതാണ്. ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരണ വേളയിൽ തന്നെ സംയോജനം ഫലപ്രദമാക്കാനുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്. ഇതിലേക്ക് പഞ്ചായത്ത് ഒരു സമഗ്ര വികസന പരിപ്രേക്ഷ്യം രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന സമഗ്ര വികസന പദ്ധതിയുടെ ഒരു അനിവാര്യ ഘടകമായി വേണം തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മപദ്ധതി രൂപപ്പെടുത്തേണ്ടത്. പഞ്ചായത്തിന്റെ വികസന ഫണ്ട്, പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട വികസന വകുപ്പുകളുടെ ഫണ്ട്, സ്വന്തമായി സ്വരൂപിക്കുന്ന വിഭവം, കേന്ദ്രാവിഷ്കൃതപദ്ധതി വിഹിതം എന്നിവ കൂട്ടിച്ചേർത്ത് വികസന പ്രോജക്ടുകളിലൂടെ രൂപീകരിക്കുന്ന സമഗ്ര പദ്ധതിയാണ് പഞ്ചായത്തിന്റെ വികസന പദ്ധതി.

10.13. ലൈഫ് പദ്ധതി:– സംസ്ഥാന സർക്കാർ ലൈഫ് മിഷന്റെ ഭാഗമായി പാർശ്വവത്കൃത കുടുംബങ്ങൾക്കായി നിർമ്മിക്കുന്ന ഭവനങ്ങൾക്ക് 90 ദിവസത്തെ അവിദഗ്ദ്ധ കായിക തൊഴിലും, നിർമ്മാണ സാമഗ്രികളും തൊഴിലുറപ്പ് പദ്ധതിയിൽ നൽകാവുന്നതാണ്. ആയതിനാൽ നിർമ്മാണ

സാമഗ്രികളായ കട്ട, കട്ടിള, ജനൽഫ്രയിമുകൾ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിച്ച് നൽകുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കേണ്ടതാണ്.

10.14. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY)

കേന്ദ്രവിഷ്കൃതപദ്ധതിയായി നടപ്പിലാക്കി വന്നിരുന്ന സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) ഇപ്പോൾ പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജന (PMKSY) പദ്ധതിയുടെ നീർത്തടഘടകമെന്ന നിലയിൽ ഗ്രാമവികസന വകുപ്പു വഴി നടപ്പിലാക്കുന്നു. പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഘടകങ്ങൾ ചുവടെപ്പറയുന്നവയാണ്.

1. ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ് പ്രോഗ്രാം (AIBP) ഡാമുകളുടെയും കനാലുകളുടെയും നിർമ്മാണം
2. 'ഹർഖേത് കോ പാനി'– എല്ലാ കൃഷിയിടങ്ങളിലേക്കും ജലസേചനം എത്തിക്കൽ
3. മോർ ക്രോപ്പ് പെർ ഡ്രോപ്– ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ ഉല്പാദന വർദ്ധനവ് സാധ്യമാക്കുക
4. നീർത്തടവികസനം
5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള സംയോജിത പ്രവൃത്തികൾ

പ്രധാനമന്ത്രി കൃഷി സിഞ്ചായിയോജനയുടെ ഭാഗമായി എല്ലാജില്ലകളിലും ജില്ലാ ഇറിഗേഷൻ പ്ലാൻ (DIP) തയ്യാറാക്കിയിട്ടുണ്ട്. ഓരോ പ്രദേശത്തും ഏറ്റെടുത്തു നടപ്പിലാക്കേണ്ടുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ സംസ്ഥാനത്ത് 83 നീർത്തട പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ന്റെ അടിസ്ഥാനത്തിലാണ് ഇവയുടെ നിർവ്വഹണം നടത്തുന്നത്. സംസ്ഥാനത്തെ നീർത്തട പരിപാലന പ്രവർത്തനങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നത് ഏറെ പ്രയോജനകരമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ 2018–19 ലെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ ഇതിനായി ചുവടെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. നിലവിൽ, IWMPപദ്ധതി നടപ്പിലാക്കിവരുന്ന പ്രദേശങ്ങളിൽ DPR ൽ ഉൾപ്പെടുത്തിയിട്ടുള്ള അവിദഗ്ദ്ധ തൊഴിൽ ആവശ്യമുള്ള എല്ലാ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയുടെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്താവുന്നതാണ്.

2. IWMPപദ്ധതി നിലവിൽ ഇല്ലാത്ത പ്രദേശങ്ങളിൽ ജില്ലാ ഇറിഗേഷൻ പ്ലാനിന്റെ ഭാഗമായി നിരവധി മണ്ണ്-ജല സംരക്ഷ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയുടെ 2018-19 ലെ ഷെൽഫ് ഓഫ് പ്രോജക്ട്സിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്.

ഓരോ ജില്ലയിലേയും അംഗീകൃത ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അതത് ഗ്രാമപഞ്ചായത്തുകൾക്ക് അയച്ചുകൊടുത്ത് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കൂടാതെ ലേബർ ബഡ്ജറ്റിലെ NRM പ്രവൃത്തികളും ജില്ലാ ഇറിഗേഷൻ പ്ലാനും തമ്മിലുള്ള സംയോജനം ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർ ഉറപ്പു വരുത്തേണ്ടതാണ്.

10.15. മുകളിൽ പരാമർശിച്ച വിവിധ വകുപ്പുകളുടെ സംയോജനത്തിന് പുറമേ താഴെ സൂചിപ്പിക്കുന്ന വിവിധ പരിപാടികളുടെ ഉദ്ഗ്രഥന സാധ്യതകളും പഞ്ചായത്തുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

1. രാഷ്ട്രീയ കൃഷിവികാസ് യോജന (RKVY)
2. കമാന്റ് ഏരിയാ ഡവലപ്പമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് (CAD and WM)
3. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ(NHM)
4. സ്വച്ച് ഭാരത് മിഷൻ (SBM)
5. നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം (NRDWP)
6. ജലനിധി (KRWSA)
7. മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (MKSP)
8. ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം (NRLM)
9. പ്രധാനമന്ത്രി ആവാസ് യോജന (PMAY)

11. ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ പട്ടികയും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിനുള്ള മുമ്പായി സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ ചിട്ടയോടുകൂടി സംഘടിപ്പിക്കേണ്ടതാണ്.

11.1. ഘട്ടം-1 ഗ്രാമസഭായോഗം ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നതിന് മുന്നോടിയായി ഒക്ടോബർ 2 ന് എല്ലാ വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുച്ചേർക്കണം. പ്രസ്തുത ഗ്രാമസഭയിൽ ചുവടെപ്പറയുന്ന വിഷയങ്ങൾ ചർച്ച ചെയേണ്ടതാണ്.

1. 2017-18 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ വാർഡിൽ ഏറ്റെടുത്തതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട്.
2. ഏറ്റെടുത്ത പ്രവൃത്തികൾ
3. മുൻവർഷങ്ങളിൽ ഏറ്റെടുത്തതും ഇനിയും പൂർത്തീകരിക്കാൻ ശേഷിക്കുന്നതുമായ പ്രവൃത്തികളുടെ പട്ടിക
4. ഷെൽഫ് ഓഫ് പ്രോജക്ട്സ്
5. തൊഴിൽകാർഡുകളിൽ വിവരങ്ങൾ കൃത്യതയോടുകൂടി രേഖപ്പെടുത്തുന്നത് സംബന്ധിച്ച കാര്യങ്ങൾ
6. ഓരോ പ്രവൃത്തിസ്ഥലത്തും സ്ഥാപിക്കേണ്ട ബോർഡുകൾ
7. മിഷൻ വാട്ടർ കൺസർവേഷൻ/ പ്രകൃതിവിഭവ പരിപാലനം എന്നീ വിഷയങ്ങൾ
8. വാർഡിലെ ശുചിത്വസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കമ്പോസ്റ്റ്, സോക്ക്പിറ്റ് എന്നിവയുടെ ആവശ്യകതയും പ്രവർത്തന പരിപാടികളും ആവിഷ്കരിക്കൽ.
9. സോഷ്യൽ ഓഡിറ്റിൽ വില്ലേജ് റിസോഴ്സ് പേഴ്സണായി പ്രവർത്തിക്കാൻ കഴിയുന്നവരെ കണ്ടെത്തുന്നതിന് സഹായകരമാകുംവിധം വാർഡിലെ 2-3 വനിതാ സ്വയം സഹായസംഘങ്ങളെ തെരഞ്ഞെടുക്കൽ

11.2. ഘട്ടം-2 അയൽകൂട്ടതല ചർച്ച.

11.2.1. അയൽക്കൂട്ട യോഗത്തിൽ വച്ച് പ്രസ്തുത അയൽക്കൂട്ട പ്രദേശത്ത് കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനുള്ള ഭൂവികസനവും ജല സമ്പത്ത് മെച്ചപ്പെടുത്തുന്നതിനും മണ്ണ് സംരക്ഷണത്തിനും വനവത്കരണത്തിനും ഉപകരിക്കുന്ന പ്രവൃത്തികൾ കണ്ടെത്തണം. അയൽക്കൂട്ടാംഗങ്ങളുടെ അനുവേത്തിന്റേയും നിരീക്ഷണത്തിന്റേയും അടിസ്ഥാനത്തിലാണ് പ്രവർത്തികൾ നിശ്ചയിക്കേണ്ടത്. കൂടാതെ ഗ്രാമപഞ്ചായത്തുതലത്തിൽ തയ്യാറാക്കിയിട്ടുള്ള സമഗ്ര നീർത്തട മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ കുന്നിൻ മുകളിൽ നിന്നും താഴേക്ക് എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകി ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന പ്രവൃത്തികളും ഓരോ അയൽകൂട്ട അംഗത്തിന്റെ കുടുംബത്തിനും ആവശ്യമായ തൊഴിൽ ദിനങ്ങളും നിർണ്ണയിക്കേണ്ടതാണ്. അയൽകൂട്ട യോഗങ്ങൾ ഒക്ടോബർ മാസം 15 ന് മുൻപായി സംഘടിപ്പിക്കേണ്ടതാണ്.

അയൽക്കൂട്ടതലത്തിൽ ആവശ്യമായ തൊഴിൽ ദിനങ്ങളും പ്രവൃത്തികളും രേഖപ്പെടുത്തുന്നതിനുമുള്ള ഫോറം അനുബന്ധം V ആയി ചേർത്തിരിക്കുന്നു.

11.3. ഘട്ടം-3 വാർഡ്തല ക്രോഡീകരണം

11.3.1.അയൽകൂട്ട തലത്തിൽ തയ്യാറാക്കുന്ന പ്രവൃത്തികളുടെ ക്രോഡീകരണം നിർവ്വഹിക്കുന്നത് അസി: സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന മൂന്ന് മേറ്റ്മാർ എന്നിവർ അടങ്ങുന്ന സമിതിയായിരിക്കും. ഇതിനായുള്ള ഫോറം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു. നവംബർ 1 ന് മുമ്പായി വിവിധ ഡിപ്പാർട്ടുമെന്റുകൾ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ അവർ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പട്ടിക ഷെൽഫ് ഓഫ് പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. ഇപ്രകാരം മറ്റ് ഏജൻസികൾ സമർപ്പിക്കുന്ന പ്രവൃത്തി പട്ടികകൾ കൂടി ഉൾപ്പെടുത്തി നവംബർ 15 നു മുമ്പായി വാർഡ്തല സമിതി വാർഷിക പദ്ധതി ക്രോഡീകരിച്ച് ഗ്രാമസഭയുടെ അംഗീകാരത്തിന് സമർപ്പിക്കണം.

11.3.2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ഒറ്റനോട്ടത്തിൽ ഏതൊരു വ്യക്തിയ്ക്കും കണ്ടെത്തുന്നതിന് കഴിയണം. ഇതിനായി വാർഡിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ എല്ലാം തന്നെ വാർഡിന്റെ മാപ്പിൽ രേഖപ്പെടുത്തി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ് . ഗ്രാമസഭയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ മാപ്പ് അവതരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്തിലെ കൃഷിഓഫീസർക്കാണ്.

11.4.ഘട്ടം-4 ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ പരിശീലനം

11.4.1. ഓരോ പഞ്ചായത്തിലും ഒരേ സമയം എല്ലാ ഗ്രാമസഭകളും സംഘടിപ്പിക്കുന്നതിനും നടത്തിപ്പിൽ സഹായിക്കുന്നതിനും ഗ്രാമസഭയിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനും ശേഷിയും സന്നദ്ധതയുമുള്ള 10-15 പേരടങ്ങിയ ഒരു ടീമിനെ ഫെസിലിറ്റേറ്റർമാരായി കണ്ടെത്തേണ്ടതാണ്. ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുക്കേണ്ടവരെ സംബന്ധിച്ച് മുൻ വർഷങ്ങളിൽ അവലംബിച്ച മാനദണ്ഡങ്ങൾ നടപ്പ് വർഷവും സ്വീകരിക്കാവുന്നതാണ്.

11.4.2. മുൻ വർഷങ്ങളിൽ ഈ ആവശ്യത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാരെ നടപ്പുവർഷത്തേയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ഓരോ പഞ്ചായത്തും തെരഞ്ഞെടുക്കുന്ന ഫെസിലിറ്റേറ്റർമാരുടെ ബ്ലോക്ക്തല പരിശീലനം ഒക്ടോബർ മാസം 10-ാം തീയതിയ്ക്കുമുൻപായി ബ്ലോക്ക്തലത്തിൽ പൂർത്തീകരിച്ചിരിക്കണം.

11.5 ഘട്ടം-5 തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ

11.5.1. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ചു ചേർക്കേണ്ടതാണ്. ഇത് വാർഡ് അടിസ്ഥാനത്തിലോ 2,3 വാർഡുകൾക്ക് ഒരുമിച്ചോ, ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലോ വിളിച്ചുചേർക്കാം. തൊഴിലാളികളുടെ കാഴ്ചപ്പാടും ആശയാഭിലാഷങ്ങളും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നതിനാണ് തൊഴിലാളികളുടെ പ്രത്യേക ഗ്രാമസഭ വിളിച്ച് കൂട്ടേണ്ടത്. പട്ടികജാതി/ പട്ടികവർഗ്ഗ/ സ്ത്രീപങ്കാളിത്തം പ്രസ്തുത ഗ്രാമസഭയിൽ പരമാവധി ഉറപ്പാക്കുന്നതിന് വാർഡ്തലത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സമിതിയും ഗ്രാമപഞ്ചായത്തും ശ്രദ്ധിക്കേണ്ടതാണ്. തൊഴിലാളികളുടെ ഗ്രാമസഭകൾ ഒക്ടോബർ മാസം 20 ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ്.

11.6. ഘട്ടം-6 പൊതുഗ്രാമസഭ

11.6.1. ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ കാലേകൂട്ടി ഓരോ ഗ്രാമപഞ്ചായത്തിലെയും ഗ്രാമസഭാ മീറ്റിംഗുകൾ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും അത് നവംബർ മാസം 30-ാം തീയതിയ്ക്കകം സംഘടിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.

11.6.2. അയൽകൂട്ടതലത്തിലെ ലേബർ ബഡ്ജറ്റ് ക്രോഡീകരിക്കുന്ന സമിതിയാണ് കരട് ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ട്സും ഗ്രാമസഭയിൽ ചർച്ചയ്ക്ക് അവതരിപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന കരട് ഷെൽഫ് ഓഫ് പ്രോജക്ട്സിൽ നീർത്തട മാസ്റ്റർപ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകൃതി വിഭവ പരിപാലന പ്രവൃത്തികളും അന്തർഗ്രാമ/അന്തർബ്ലോക്ക്തല പ്രവൃത്തികളും നിർബന്ധമായും ഉൾപ്പെടുത്തി യിട്ടുണ്ടെന്ന് വാർഡ്തല കോർഡിനേഷൻ കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. അതോടൊപ്പം തന്നെ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള നീർത്തട വികസനം, ജലസേചനം എന്നിവയുമായി ബന്ധപ്പെട്ട പ്രവൃത്തികളും ഗ്രാമസഭയിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസൃതമായി കരട് ലേബർ ബഡ്ജറ്റിൽ സമിതിയ്ക്ക് മാറ്റങ്ങൾ വരുത്താവുന്നതാണ്. ഗ്രാമസഭയിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനയും പരാമർശി ക്കപ്പെടേണ്ടതുണ്ട്.

11.6.3. പൊതുഗ്രാമസഭയിൽ പാലിക്കേണ്ട നടപടിക്രമം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

11.6.4.ഓരോ ഗ്രാമസഭയിലും എല്ലാ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിന് സംഘാടക സമിതികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രാമസഭയ്ക്ക് മുന്നോടിയായി വിളിച്ചുചേർക്കേണ്ടതാണ്. ഗ്രാമസഭയുടെ ക്ഷണക്കത്ത് തയ്യാറാക്കി യോഗത്തിന് ഒരാഴ്ച മുൻപെങ്കിലും മുഴുവൻ കുടുംബങ്ങൾക്കും എത്തിക്കേണ്ടതാണ്. കത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഗ്രാമസഭയുടെ പ്രാധാന്യം, കാര്യപരിപാടി എന്നിവ വ്യക്തമായി വിവരിക്കണം.

11.6.5. ഗ്രാമസഭാകാര്യപരിപാടി:

1. രജിസ്ട്രേഷൻ
2. സ്വാഗതം
3. അധ്യക്ഷപ്രസംഗം
4. സമിതിയുടെ ക്രോഡീകരിച്ച കരട് ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും അവതരിപ്പിക്കൽ
5. വാർഡിലെ പ്രവൃത്തികൾ ഉൾകൊള്ളിച്ചിട്ടുള്ള മാപ്പ് അവതരിപ്പിക്കൽ
6. ജലസംരക്ഷണ പ്രവർത്തനങ്ങളും നദീപുനരുദ്ധാരണ പ്രവർത്തനങ്ങളും നീർത്തടാധിഷ്ഠിതമായി ഏറ്റെടുക്കുന്നതു സംബന്ധിച്ച വിശദീകരണം
7. ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് ഊന്നൽ നല്കികൊണ്ട് പ്രവൃത്തികൾ ഏറ്റെടുക്കണ്ടതിന്റെ ആവശ്യകത.
8. ഗ്രാമീണചന്തകൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള ചർച്ച
9. കരട് ലേബർ ബഡ്ജറ്റ്/പ്രവൃത്തികളുടെ ലിസ്റ്റിൻമേലുള്ള ഗ്രൂപ്പ് ചർച്ച (10 മുതൽ 15 പേർ അടങ്ങുന്ന നാലോ അഞ്ചോ ഗ്രൂപ്പുകൾ തിരിച്ച് കരട് പരിശോധിക്കേണ്ടതാണ്.)
10. ഗ്രൂപ്പ് ലീഡർമാർ പ്ലീനറി സെഷനിൽ ഗ്രൂപ്പ് റിപ്പോർട്ട് അവതരിപ്പിക്കുന്നു.
11. മാസത്തിൽ ഒരിക്കലെങ്കിലും റോസ്ഗാർ ദിവസിൽ പങ്കെടുക്കുമെന്ന പ്രതിജ്ഞ.
12. ക്രോഡീകരണം
13. Janmanrega മൊബൈൽ ആപ്പിന്റെ ഉപയോഗരീതിയും പ്രയോജനവും സംബന്ധിച്ച ചർച്ച

11.6.6. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യുന്ന ഓരോ ഗ്രാമസഭയുടെയും ഫോട്ടോഗ്രാഫ് അടക്കമുള്ള മിനിട്ട്സ് ജില്ലാതലത്തിൽ ക്രോഡീകരിക്കുകയും സംസ്ഥാനമിഷന് അയച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഗ്രാമസഭ നടപടിക്രമത്തിന്റെ പകർപ്പ് ഗ്രാമപഞ്ചായത്ത് ലേബർ ബഡ്ജറ്റിനോടൊപ്പം MIS ലേക്ക് അപ്ലോഡ് ചേയ്യേണ്ടതാണ്.

11.7. ഘട്ടം-7 ഗ്രാമ പഞ്ചായത്തുതല ലേബർ ബഡ്ജറ്റ് രൂപീകരണം

11.7.1. ഗ്രാമസഭകൾ അനുബന്ധം -4 ൽ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും പഞ്ചായത്തുതലത്തിൽ പരിശോധിച്ച് മെച്ചപ്പെടുത്താനുള്ള ചുമതല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും. ഇതിനായി അസി. സെക്രട്ടറി, വി.ഇ.ഓമാർ, ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ /ഓവർസീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, പഞ്ചായത്ത് ഈ ആവശ്യത്തിലേക്കായി തിരഞ്ഞെടുക്കുന്ന ആറ് മേറ്റ്മാർ എന്നിവരുടെ സേവനം പൂർണ്ണമായി ഇക്കാര്യത്തിൽ ഉപയോഗിക്കാവുന്നതാണ്. ലേബർ ബഡ്ജറ്റ് ചർച്ച ചെയ്യാൻ ഗ്രാമപഞ്ചായത്ത് തല ശിലപ്ശാല സംഘടിപ്പിക്കണം. ഈ ശിലപ്ശാലയിൽ (i) കാർഷിക കലണ്ടറും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം (ii) സമഗ്ര നീർത്തട മാസ്റ്റർപ്ലാനും ലേബർ ബഡ്ജറ്റുമായുള്ള ബന്ധം . (iii) ലേബർ ബഡ്ജറ്റും പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുമായുള്ള സംയോജനം (iv) നിർവ്വഹണവുമായി ബന്ധപ്പെട്ട പരിശീലനാ വശ്യങ്ങൾ (v) മറ്റ് വികസന പരിപാടികളുമായുള്ള ഉദ്ഗ്രഥന സാധ്യത തുടങ്ങിയവ ചർച്ചചെയ്യണം. പഞ്ചായത്തിൽ അനുവർത്തിക്കേണ്ട പ്രചരണ പരിപാടികളുടെ പ്രവർത്തന രേഖ രൂപീകരിക്കണം, സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയവയും ചർച്ചയിൽ ഉൾപ്പെട്ടിരിക്കണം. ശില്പശാലയുടെ ശുപാർശകൾ കൂടി പരിഗണിച്ചശേഷം പഞ്ചായത്ത് കമ്മിറ്റി ലേബർ ബഡ്ജറ്റിനും വാർഷിക കർമ്മ പരിപാടിയ്ക്കും അംഗീകാരം നൽകണം. പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റ് ഫോറം III (എ), III (ബി)- യിൽ 05.12.2018 നകം ബ്ലോക്ക് പ്രോഗ്രാം ആഫീസർക്ക് നൽകണം. ഗ്രാമസഭയിൽ അംഗീകരിച്ച എല്ലാ വാർഡുകളിലേയും പ്രവൃത്തികൾ അടങ്ങിയിട്ടുള്ള മാപ്പ് പദ്ധതിയോടൊപ്പം പ്രോഗ്രാം ഓഫീസർക്ക് കൈമാറേണ്ടതാണ്. ഓരോ വാർഡിലെയും മാപ്പ് അതത് ഗ്രാമപഞ്ചായത്തുകൾ വെബ്സൈറ്റിലേക്ക് അപ്ലോഡ് ചെയ്തിട്ടുണ്ടെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

11.7.2. ഈ അവസരത്തിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ്, പ്ലാൻ, ഡ്രോയിംഗ്സ്, പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകത, ചെലവ്, പ്രവൃത്തിയുടെ പേര്, പ്രവൃത്തി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയെ സംബന്ധിച്ച വിശദാംശങ്ങൾ, പ്രവൃത്തിയുടെ വ്യാപ്തി, നീളം, ഏരിയ, പ്രവൃത്തിയുടെ ഗുണം ലഭിക്കുന്ന പ്രദേശം, കുടുംബങ്ങളുടെ എണ്ണം എന്നീ വിശദാംശങ്ങൾ അടങ്ങുന്ന പ്രോജക്ട് റിപ്പോർട്ട് ഓവർസീയർ തയ്യാറാക്കി തുടങ്ങേണ്ടതാണ്.

11.7.3. ലേബർ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഓരോ കോളവും ശരിയായി പൂരിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. 2019-20 ലെ പ്രതിമാസ ലേബർ പ്രോജക്ഷനും വർക്ക് പ്രോജക്ഷനും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. പ്രവൃത്തികളുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തേണ്ട യൂണിറ്റുകളും (അളവ്/നീളം/ഏര്യാ തുടങ്ങിയവ) പ്രവൃത്തിദിനങ്ങൾ, വില എന്നിവയുമായി ബന്ധപ്പെട്ട നമ്പരുകളും കൃത്യമായിത്തന്നെ രേഖപ്പെടുത്തേണ്ടതാണ്.

11.8. ഘട്ടം-8 ബ്ലോക്ക് പഞ്ചായത്ത് കർമ്മ പദ്ധതി രൂപീകരണം

11.8.1. ഷെൽഫ് ഓഫ് പ്രോജക്ടും ലേബർ ബഡ്ജറ്റും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ശേഷം ആയതിന്റെ റിക്കോർഡുകളും പ്രമേയവും പ്രോഗ്രാം ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതാണ്. പദ്ധതിയും ലേബർ ബഡ്ജറ്റും ലഭിച്ച് കഴിഞ്ഞാൽ പ്രോഗ്രാം ഓഫീസർ ചുവടെ സൂചിപ്പിക്കുന്ന വിഷയങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

a) സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ ഓരോന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ എന്നും അവ ഈടുറ്റതാണോ എന്നുള്ളതും കൃത്യതയോടുകൂടി പരിശോധിക്കേണ്ടതാണ്. നിയമത്തിൽ അനുശാസിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും ഭേദഗതി ചെയ്ത പട്ടികയിലെ ഖണ്ഡിക 4(2) പ്രകാരം അനുവദനീയമല്ലാത്ത പ്രവൃത്തികൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം ബ്ലോക്ക് പ്രോഗ്രാം ഓഫീസർ പദ്ധതി അംഗീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കേണ്ടത്. ഗ്രാമപഞ്ചായത്തിലെ പദ്ധതിയ്ക്കൊപ്പം ഓരോ ഗ്രാമസഭയിലും കൃഷി ഓഫീസർ അവതരിപ്പിച്ച പ്രവൃത്തികളുടെ വാർഡ്തല മാപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് പ്രത്യേകം ഉറപ്പാക്കേണ്ടതാണ്.

b) പട്ടികയിലുൾപ്പെടുത്തിയ മൊത്തം പ്രവൃത്തികളുടെ കൂലി, സാധന-വേതന അനുപാതം എന്നിവ നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

11.8.2. ബ്ലോക്കിൽ ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലേയും പദ്ധതികൾ ക്രോഡീകരിച്ചാണ് ബ്ലോക്ക് പദ്ധതി രൂപീകരിക്കേണ്ടത്.

11.8.3. ബ്ലോക്ക് പദ്ധതി ഡിസംബർ 15-ാം തീയതിക്കകം ബ്ലോക്ക് പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

11.8.4.ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമസഭയ്ക്ക് സമാനമായി ജനപ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സമർപ്പിച്ചിട്ടുള്ള ലേബർബഡ്ജറ്റ്/പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതി എന്നിവ പരിശോധിച്ച് ബ്ലോക്കിതല ലേബർബഡ്ജറ്റ്/ പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതിയ്ക്ക് രൂപം നൽകേണ്ടതാണ്. ഗ്രാമസഭയിൽ അവതരിപ്പിച്ച ഓരോ വാർഡിന്റെയും മാപ്പ് യോഗം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

11.8.5. ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസർയ്ക്ക് സമർപ്പിക്കുന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്ത് നിരസിക്കുവാൻ പാടുള്ളതല്ല. നിർദ്ദേശങ്ങൾ നിയമപ്രകാരമോ മാർഗ്ഗനിർദ്ദേശങ്ങളാലോ സാങ്കേതികമായി നടപ്പാക്കാൻ പ്രയാസമുള്ളവയാണെന്നും ഏറ്റെടുക്കുവാൻ പാടില്ലാത്തവയാണെന്നും ബോധ്യപ്പെടുന്ന പക്ഷം പ്രോഗ്രാം ഓഫീസർ പ്രസ്തുത വിവരം പ്രത്യേകം രേഖപ്പെടുത്തി ബ്ലോക്ക് തല ക്രോഡീകൃത പദ്ധതിയോടൊപ്പം ബ്ലോക്ക് പഞ്ചായത്തിന്റെ പരിഗണനയ്ക്കായി ഡിസംബർ 15-ാം തീയതിക്കകം സമർപ്പിക്കേണ്ടതാണ്.

11.8.6.ബ്ലോക്കിതല വാർഷിക വികസന പദ്ധതി ക്രോഡീകരിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ ബ്ലോക്ക് പഞ്ചായത്തുകൾ യാതൊരു കാരണവശാലും മാറ്റുവാൻ പാടുള്ളതല്ല.

11.8.7.ഇപ്രകാരം ബ്ലോക്കിതല പദ്ധതി രൂപീകരണ വേളയിൽ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള അന്തർ ഗ്രാമതല പ്രവൃത്തികളെ ബ്ലോക്കിതല പദ്ധതിയായി പ്രവൃത്തികളുടെ പട്ടിക/വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ചിട്ടുള്ള അന്തർ ബ്ലോക്കിതല പ്രവൃത്തികൾ മേൽത്തട്ട് നിർദ്ദേശങ്ങളായി ജില്ലാപഞ്ചായത്തിന് പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

11.8.8. ഡിസംബർ മാസം 20-ാം തീയതിക്കോ അതിനുമുൻപോ ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് തല വാർഷിക വികസന പദ്ധതി ജില്ലാപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ഈ സമയപരിധി പാലിക്കാത്ത ബ്ലോക്ക് പഞ്ചായത്തുകളുടെ *(ഡിസംബർ മാസം 20-ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ പദ്ധതി സമർപ്പിക്കുവാൻ പരാജയപ്പെട്ട ബ്ലോക്കുകൾ)* ബി.പി.ഒ സമർപ്പിച്ച ബ്ലോക്ക്പദ്ധതി അംഗീകരിച്ചതായി കണക്കാക്കുകയും ചെയ്യുന്നതാണ്.

11.9. ഘട്ടം-9 ജില്ലാതല സൂക്ഷ്മപരിശോധനയും ജില്ലാ പഞ്ചായത്തിന്റെ അംഗീകാരവും:

11.9.1. ബ്ലോക്ക് തലത്തിൽ നിന്നും പദ്ധതികൾ ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർക്കാണ് സമർപ്പിക്കുന്നത്. ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ചെയ്യേണ്ടത്:-

a) സമർപ്പിക്കപ്പെട്ട വാർഷിക പദ്ധതിയിലെ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം അനുവദനീയമാണോ എന്ന് കൃത്യതയോടുകൂടി പരിശോധിക്കേണ്ടതാണ്.

b) എല്ലാ പഞ്ചായത്തിലും പ്രവൃത്തികളുടെ കലണ്ടർ അനുസരിച്ച ആവശ്യാനുസരണം ഏറ്റെടുക്കുവാനുള്ള പദ്ധതികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

c) ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും ഡിസംബർ 30-ാം തീയതിക്കകം ജില്ലാ പഞ്ചായത്തിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.

11.9.2. ജില്ലാതലത്തിൽ ലേബർ ബഡ്ജറ്റിന്റെ സാങ്കേതിക പരിശോധന നടത്തേണ്ട ഉത്തരവാദിത്വം ജില്ലാപഞ്ചായത്തിന്റെ ദാരിദ്ര്യ ലഘൂകരണ ഉപസമിതിയ്ക്കായിരിക്കും. ഈ ആവശ്യത്തിനായി പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ, മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ, ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണവകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെ പ്രസ്തുത കർമ്മ സമിതിയിലേക്ക് ജില്ലാ കളക്ടർ കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണത്തിന് ഉപസമിതി നിലവിലില്ലാത്ത ജില്ലകളിൽ ഈ ആവശ്യത്തിനായി രൂപീകരിക്കണം.

11.9.3. ഡിസ്ട്രിക്ട് പ്രോഗ്രാം കോർഡിനേറ്റർ സമർപ്പിച്ച ജില്ലാതല വാർഷിക വികസനപദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്ത് 2018 ജനുവരി 10 നകം അംഗീകരിക്കേണ്ടതും അല്ലാത്തപക്ഷം പദ്ധതി അംഗീകരിച്ചതായി കരുതുന്നതുമാണ്.

11.9.4. ജില്ലാ പഞ്ചായത്ത്, ഗ്രാമസഭയ്ക്ക് സമാനമായി ജനപ്രതിനിധികളുടെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതും ജില്ലാതല ഷെൽഫ് ഓഫ് പ്രോജക്ട്സ് ഫോറം 1 (എ), 1 (ബി) യിൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടതുമാണ്.

11.9.5. ലേബർ ബഡ്ജറ്റ് ജില്ലാ പഞ്ചായത്ത് അംഗീകരിച്ചതിനുശേഷം

a. തൊഴിൽ നൽകേണ്ട കുടുംബങ്ങളുടെ എണ്ണം
b. സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ
c. പ്രതീക്ഷിക്കുന്ന ചെലവ്
d. ഏറ്റെടുക്കേണ്ട പ്രവൃത്തികൾ

എന്നിവ എം.ഐ.എസിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഡേറ്റാ എൻട്രി ചെയ്യേണ്ടതും ആയത് ജനുവരി മാസം 20-ാം തീയതിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

12. അംഗീകരിച്ച പ്രവൃത്തികളുടെ ഭരണ-സാങ്കേതിക അനുമതി

12.1. അംഗീകാരം ലഭിച്ച എല്ലാ പ്രവൃത്തികൾക്കും ബന്ധപ്പെട്ട അധികാര സ്ഥാനത്ത് നിന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സംസ്ഥാന സർക്കാർ കാലകാലങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സാങ്കേതികമായ എല്ലാ വിശദാംശങ്ങളും പ്രവൃത്തിയുടെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

13.അംഗീകരിച്ച ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ട്സും സംസ്ഥാനമിഷനിൽ സമർപ്പിക്കൽ

13.1.ജില്ലാപഞ്ചായത്ത് അംഗീകരിച്ച ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും ജനുവരി മാസം 20-ാം തീയതിയ്ക്കുള്ളിൽ സംസ്ഥാനമിഷന് സമർപ്പിക്കുന്നതിന് എല്ലാ ഡി.പി.സി/ജെ.പി.സിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ജനുവരി മാസം 31-ാം തീയതിയ്ക്കുള്ളിൽ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റും ഷെൽഫ്പ്രോജക്ടും സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ പരിശോധിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ജനുവരി മാസം 25 ന് മുൻപ് ഓരോ ഡി.പി.സി/ജെ.പി.സിയും തങ്ങളുടെ ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും സംസ്ഥാന മിഷന് മുൻപിൽ അവതരിപ്പിക്കേണ്ടതാണ്.

14. കേരള പ്ലസ്

14.1. കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 100 ദിവസം തൊഴിൽ പൂർത്തീകരിച്ച തൊഴിലാളികൾക്ക് 100 ദിവസത്തെ അധിക തൊഴിൽ പ്രദാനം ചെയ്യുന്ന പദ്ധതിയാണ് കേരള പ്ലസ്. പ്രസ്തുത പദ്ധതിയുടെ ലേബർ ബഡ്ജറ്റും ഷെൽഫ് പ്രോജക്ടും ഡി.പി.സി/ജെ.പി.സിമാർ ലേബർ ബഡ്ജറ്റിനൊപ്പം അവതരിപ്പിക്കേണ്ടതാണ്. ഇപ്രകാരം പ്രോജക്ട് തയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകേണ്ടതാണ് :-

- പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങളും കൃഷിയ്ക്കുപയുക്തമാക്കലും.
- പട്ടികവർഗ്ഗ ഭൂമിയിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.
- കോഴിക്കൂട്, ആട്ടിൻകൂട്, പശുത്തൊഴുത്ത് തുടങ്ങിയ ആസ്തികൾ പ്രദാനം ചെയ്ത് ജീവനോപാധികൾ മെച്ചപ്പെടുത്തൽ.

- റോഡ് സൗകര്യമില്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്ക് ആവശ്യമായ റോഡുകളുടെ നിർമ്മാണം.

14.2. ടി പദ്ധതി രൂപീകരണത്തിൽ നിർബന്ധമായും ഊരു കൂട്ടങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ഊരു കൂട്ടങ്ങളുടെ നിർദ്ദേശങ്ങളിൽ ഒരു കാരണവശാലും പഞ്ചായത്തുകൾ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

15.ലേബർ ബഡ്ജറ്റ് രൂപീകരണത്തിൽ ഡി.പി.സി/ജെ.പി.സിമാർക്കുള്ള പങ്ക്

15.1. മുകളിൽ സൂചിപ്പിച്ച ചിട്ടയായ പ്രവർത്തനങ്ങളുടെ ഏകോപനം

15.2. പ്രയോജനപരമല്ലാത്തതും അളക്കാൻ പറ്റാത്തതും, കാണാൻ പറ്റാത്തതും ആവർത്തന സ്വഭാവമുള്ളതും 100% സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികളും പഞ്ചായത്തുകളുടെ ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പാക്കൽ.

15.3. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ഗ്രാമ/ബ്ലോക്ക് പ്രസിഡന്റുമാരുടെ യോഗം വിളിച്ചുകൂട്ടി വിശദീകരണം നൽകൽ. (പ്രസ്തുത യോഗങ്ങളിൽ നിർബന്ധമായും ജില്ലാകളക്ടർ പങ്കെടുക്കേണ്ടതാണ്).

15.4. ഗ്രാമപഞ്ചായത്തുകളിലെ ലേബർ ബഡ്ജറ്റ് രൂപീകരണവും ആസൂത്രണ പ്രക്രിയയും ഫലപ്രദമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന് ജില്ലാതലത്തിൽ ഒരു ടീമിനെ രൂപീകരിക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പരിശീലന ക്ലാസ്സുകൾ എടുക്കുന്നതിൽ സഹായം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളായിരിക്കും ജില്ലാതല ടീമിന്റെ ഉത്തരവാദിത്വം. മുൻ വർഷങ്ങളിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ/ ഐ.പി.പി.ഇ പദ്ധതി രൂപീകരണം എന്നിവയിൽ പങ്കാളികളായവരെ ടീമിൽ ഉൾപ്പെടുത്തുന്നതിന് പരിഗണിക്കാവുന്നതാണ്.

15.5. ജില്ലാകളക്ടറുടെയും ജെ.പി.സിയുടെയും മുൻ ഖണ്ഡികയിൽ സൂചിപ്പിച്ച ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ പഞ്ചായത്തുകൾ 19-20 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള 10% പ്രവൃത്തികൾ എങ്കിലും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

15.6. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റ് തയ്യാറാക്കൽ, ആസൂത്രണം, നിർവ്വഹണം എന്നിവ പരിശോധിക്കുന്നതിന് സബ്കളക്ടർ, അസി:കളക്ടർ എന്നിവർക്ക് ചുമതല നൽകൽ

15.7. ലേബർബഡ്ജറ്റ് ബ്ലോക്ക്/ജില്ലാ/സംസ്ഥാനതലത്തിൽ ക്രോഡീകരിക്കുന്നതിന് കേന്ദ്രസർക്കാർ നൽകിയിട്ടുള്ള ഫോർമാറ്റ് അനുബന്ധം VII ആയി ചേർക്കുന്നു. എല്ലാ തലങ്ങളിലുമുള്ള ലേബർബഡ്ജറ്റ് ക്രോഡീകരിക്കുന്നതിന് മേൽപ്പറഞ്ഞ ഫോർമാറ്റിൽ കൂടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

16.ഡോക്യുമെന്റേഷൻ

16.1. 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ലേബർ ബഡ്ജറ്റും ഷെൽഫ് ഓഫ് പ്രോജക്ടും തയ്യാറാക്കുന്ന എല്ലാ നടപടിക്രമങ്ങളും, യോഗങ്ങളും രേഖകളും പ്രത്യേകം ഓരോ പഞ്ചായത്തും ഡോക്യുമെന്റ് ചെയ്യേണ്ടതാണ്. ഇപ്രകാരം ഓരോ പഞ്ചായത്തും ഡോക്യുമെന്റ് ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ ഡി.പി.സി/ജെ.പി.സി അവരവരുടെ ലേബർ ബഡ്ജറ്റ് സംസ്ഥാനമിഷനിൽ അവതരിപ്പിക്കുന്ന വേളയിൽ പ്രത്യേകം പരാമർശിക്കേണ്ടതും ആയതിന്റെ കോപ്പികൾ നൽകേണ്ടതുമാണ്.

16.2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ ഭരണക്ഷമത വർദ്ധിക്കുന്നതിന് പ്രത്യേകം ഊന്നൽ നൽകേണ്ടതാണ്. ഇതിൽ പരാമർശിക്കേണ്ടവ ചുവടെ സൂചിപ്പിക്കുന്നു.

1. തൊഴിൽ കാർഡുകളുടെ പരിപാലനം, തൊഴിൽ കാർഡുകളിൽ ഉൾപ്പെടേണ്ട വിവരങ്ങൾ സമയാസമയങ്ങളിൽ ഉൾച്ചേർത്ത് ചുമലതപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേലൊപ്പിട്ട് നൽകേണ്ടതാണ്.
2. എല്ലാ ഗ്രാമപഞ്ചായത്തലത്തിലും കേന്ദ്രഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള 7 രജിസ്റ്ററുകൾ കൃത്യമായി എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ച് പരിപാലിക്കേണ്ടതാണ്.
3. ഓരോ പ്രവർത്തിക്കും പ്രത്യേകം ഫയൽ/ റിക്കാർഡ് ഗ്രാമവികസന മന്ത്രാലയം നിർദ്ദേശിച്ച പ്രകാരം പരിപാലിക്കേണ്ടതാണ്.
4. ഓരോ പ്രവൃത്തിയ്ക്കും പ്രത്യേകം സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർബന്ധമായും സ്ഥാപിക്കേണ്ടതാണ്. പ്രസ്തുത ബോർഡിന്റെ ചെലവ് പദ്ധതിയുടെ സാധനസാമഗ്രികളിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിക്കേണ്ടതും ബോർഡുകൾ തകര/ഇരുമ്പ്/ പേപ്പർ/ പ്ലാസ്റ്റിക് എന്നീ വസ്തുക്കൾ ഒഴിവാക്കി സിമന്റിൽ തന്നെ ചെയ്യേണ്ടതാണ്.

17. ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പാലിക്കേണ്ട സമയവിവര പട്ടിക

2018 ഒക്ടോബർ 2 ന് മുൻപായി	ഗ്രാമസഭ യോഗം
ഒക്ടോബർ 10 ന് മുൻപായി	ഗ്രാമസഭ ഫെസിലിറ്റേറ്റർമാരുടെ ബ്ലോക്ക്തല യോഗവും പരിശീലനവും
ഒക്ടോബർ 10 ന് മുൻപായി	ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ബ്ലോക്ക്തല എക്സ്റ്റൻഷൻ ഓഫീസർമാർ, വി.ഇ.ഒമാർ, ബ്ലോക്ക്തലത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ, ബ്ലോക്ക്തലത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ, പഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, പഞ്ചായത്ത് തല ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ തുടങ്ങിയവർക്കുള്ള ഏകദിന പരിശീലനം
ഒക്ടോബർ 15 ന് മുൻപായി	അസ്സൽകൂട്ടുതല ലേബർ ബഡ്ജറ്റ്/പ്രവൃത്തികൾ രൂപീകരണം
ഒക്ടോബർ 20 ന് മുൻപായി	തൊഴിലാളികളുടെ ഗ്രാമസഭ
നവംബർ 15 ന് മുൻപായി	വാർഡ്തല കോർഡിനേഷൻ കമ്മിറ്റി വാർഡ്തല ലേബർ ബഡ്ജറ്റ് രൂപീകരിക്കേണ്ടത്
നവംബർ 30 ന് മുൻപായി	പൊതു ഗ്രാമസഭ
ഡിസംബർ 3 ന് മുൻപായി	പഞ്ചായത്ത്തല ലേബർ ബഡ്ജറ്റ് രൂപീകരണം
ഡിസംബർ 3 ന് മുൻപായി	ഗ്രാമപഞ്ചായത്തിന്റെ ലേബർ ബഡ്ജറ്റ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കുന്നു
ഡിസംബർ 5 ന് മുൻപായി	ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ ക്രോഡീകരിച്ച് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ബ്ലോക്ക് പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു
ഡിസംബർ 20 ന് മുൻപായി	ബ്ലോക്ക് പഞ്ചായത്തുകൾ ബ്ലോക്ക്തല വാർഷിക പദ്ധതി അംഗീകരിച്ച് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർക്ക് സമർപ്പിക്കുന്നു.
ഡിസംബർ 30 ന് മുൻപായി	ഓരോ ഗ്രാമപഞ്ചായത്തിന്റെയും ഷെൽഫ് ഓഫ് പ്രോജക്ട് തയ്യാറായിട്ടുണ്ടെന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പാക്കി. ജില്ലാ വാർഷിക പദ്ധതിയും ലേബർ ബഡ്ജറ്റും ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുന്നു.
2018 ജനുവരി 10 ന് മുൻപായി	ജില്ലാ വാർഷിക പദ്ധതി ജില്ലാ പഞ്ചായത്ത് അംഗീകരിക്കുന്നു.

ജനുവരി 20 ന് മുൻപായി	പഞ്ചായത്ത് സമർപ്പിച്ച പ്രവൃത്തികളുടെ പട്ടിക പ്രകാരം ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതികൾ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നു.
ജനുവരി 20 ന് മുൻപായി	ജില്ലയുടെ ലേബർ ബഡ്ജറ്റും പ്രവൃത്തികളുടെ ലിസ്റ്റും സംസ്ഥാനമിഷന് കൈമാറുന്നു.
ജനുവരി 10 മുതൽ 30 വരെ	കേന്ദ്രസർക്കാരിന്റെ എം.ഐ.എസിൽ 2019-20 ലെ ലേബർ ബഡ്ജറ്റ് ഡേറ്റാ എൻട്രി പഞ്ചായത്ത്തലത്തിൽ ബ്ലോക്ക് ഡി.ഇ.ഒ മാർ ഐ.റ്റി പ്രൊഫഷണൽ, ബി.പി.ഒ മാർ, ജെ.പി.സിമാർ എന്നിവരുടെ സൂക്ഷമമായ മേൽനോട്ടത്തിൽ നടത്തുന്നു.
ജനുവരി 30 ന് മുൻപായി	സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം കൂടി ലേബർ ബഡ്ജറ്റ് അംഗീകരിക്കുന്നു.
ഫെബ്രുവരി 15 ന് മുൻപായി	കേന്ദ്രഗ്രാമവികസന മന്ത്രാലയത്തിന് ലേബർ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു

മേൽ നിർദ്ദേശപ്രകാരമുള്ള സമയക്രമം പാലിച്ചുകൊണ്ട് ജില്ലാപ്രോഗ്രാം കോർഡിനേറ്റർമാർ ലേബർബഡ്ജറ്റ് തയ്യാറാക്കി എം .ഐ.എസിൽ ആവശ്യമായ വിവരങ്ങൾ ഉൾച്ചേർത്ത് സംസ്ഥാന തൊഴിലുറപ്പ് മിഷന് ബഡ്ജറ്റ് സമർപ്പിക്കേണ്ടതാണ്.

മിനിമോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
5. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
6. പഞ്ചായത്ത് ഡയറക്ടർ
7. എല്ലാ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാർക്കും
8. എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ/ പ്രോജക്ട് ഡയറക്ടർമാർക്കും (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടർ മുഖേന)
9. എല്ലാ ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ/ സെക്രട്ടറിമാർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
10. ഡയറക്ടർ, സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട്
11. ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം I

(ജില്ലാപഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2019-20) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം I(a)

സംസ്ഥാനം:

ജില്ല :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം:
(2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ ആകെ എണ്ണം :
(2011 സെൻസസ് പ്രകാരം)

വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം :
ഭാഗം I

മിനിമം കൂലി (രൂപ): 271 രൂപ

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

ഫോറം 2

ഫോറം II(b)

നിശ്ചിത ഫീസ് ഈടാക്കാതെ ബന്ധപ്പെട്ട ഓഫീസർമാർക്ക് ലഭ്യമാക്കുന്ന വിവരങ്ങൾ

ക്രമ നമ്പർ	ലഭ്യമാക്കുന്നതിനുള്ള വിവരങ്ങൾ (shelf of works)	ഏതു വിവരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയാണ് പരിഗണിക്കുന്നത്	അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓഫീസർ	അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓഫീസിന്റെ സ്ഥാനം	അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ	യൂണിറ്റ് (കൃത്യമായ തീർപ്പ്/ലഭ്യമാക്കൽ)	സൂപ്പർവൈസറി ഓഫീസർ	ഏതിനുള്ള തുക(ബാധകമെങ്കിൽ)	
								അപേക്ഷയോടൊപ്പം നൽകേണ്ട തുക	സ്ഥലം സംബന്ധിച്ച വിവരം/ലഭ്യമാക്കാനുള്ള ഓഫീസിന്റെ സ്ഥാനം
	കുട്ടനാടിലെ കുടവെച്ചുള്ള ഉയർത്തിയുള്ള വീടുകളും ഇതരനിർമ്മിതികളും (under ground dykes), മണ്ണിനടിയിലെ കേബിളുകൾ, ജലവിതരണ പൈപ്പുകൾ തുടങ്ങിയവയുടെ സ്ഥാനം സംബന്ധിക്കുന്ന വിവരങ്ങൾ								
	(a) സർക്കാരിന്റെ വിവിധ വകുപ്പുകൾ ഇടപെടുന്ന പദ്ധതികളുടെ കോഓർഡിനേഷൻ, മോണിറ്ററിംഗ്, നിർവ്വഹണം, വിലയിരുത്തൽ തുടങ്ങിയവയുടെ ചുമതലയുള്ള ഓഫീസർ ആരെന്നതിനെ സംബന്ധിച്ച വിവരം								
	സുരക്ഷാ-പോലീസ് ജോലിയുമായി ബന്ധപ്പെട്ടുള്ള ഓഫീസുകൾ / കേന്ദ്രങ്ങൾ എന്നിവയുടെ സ്ഥാനം, ചുമതലയുള്ള ഓഫീസർ ആരെന്നതിനെ സംബന്ധിച്ച വിവരം								

	തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land) വികസിപ്പിച്ച് കൃഷിക്ക് അനുയോജ്യമാക്കൽ;									
	ആയുർദൈർഘ്യമുള്ള രാമച്ചം ഉൾപ്പെടെയുള്ള പുല്ലുകൾ ഉപയോഗിച്ചുള്ള പുൽമേട് വികസനം									
	മുള/റബ്ബർ,തെങ്ങ് എന്നിവയുടെ പ്ലാന്റേഷൻ;									
വിഭാഗം. ബി സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുട്ടംബങ്ങൾക്ക് മാത്രം)	ഇന്ദിരാ ആവാസ് യോജന പ്രകാരമോ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിക്കുന്ന മറ്റ് ഭവന നിർമ്മാണ പദ്ധതികൾ പ്രകാരമോ ഏറ്റെടുക്കുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ദ്ധ കായിക തൊഴിൽ ഘടകം;									
	മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൻ കൂട്, പന്നി കൂട്, തൊഴുത്ത്, പുൽതൊട്ടി എന്നിവയുടെ നിർമ്മാണവും;									
	മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ, നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ (Seasonal water bodies on public land) മത്സ്യം വളർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കലും;									

അനുബന്ധം II

(ബ്ലോക്ക്പഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2019-20) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം II(a)

ബ്ലോക്ക് :

ജില്ല :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം; (2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ ആകെ എണ്ണം ; (2011 സെൻസസ് പ്രകാരം)

വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം :

മിനിമം കൂലി (രൂപ); 271 രൂപ

ഭാഗം 1

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

അനുബന്ധം III

(ഗ്രാമപഞ്ചായത്തിന്റെ ഉപയോഗത്തിന്)
അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള (2019-20) ലേബർ എസ്റ്റിമേറ്റും ഷെൽഫ് ഓഫ് വർക്ക്സും തയ്യാറാക്കൽ
ഫോറം III(a)

ജില്ല :

ബ്ലോക്ക് :

ഗ്രാമപഞ്ചായത്ത് :

ഗ്രാമീണ കുടുംബങ്ങളുടെ ആകെ എണ്ണം; (2011 സെൻസസ് പ്രകാരം)

ഗ്രാമീണ ബി.പി.എൽ കുടുംബങ്ങളുടെ ആകെ എണ്ണം ;

വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം :

മിനിമം കൂലി (രൂപ); 271 രൂപ

ഭാഗം 1

മാസം	അടുത്ത സാമ്പത്തിക വർഷം തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)	ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങളുടെ എണ്ണം (ശരാശരി)	അടുത്ത സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെടേണ്ട ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)	അടുത്ത സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം (cumulative)
ഏപ്രിൽ				
മേയ്				
ജൂൺ				
ജൂലൈ				
ആഗസ്റ്റ്				
സെപ്റ്റംബർ				
ഒക്ടോബർ				
നവംബർ				
ഡിസംബർ				
ജനുവരി				
ഫെബ്രുവരി				
മാർച്ച്				
ആകെ				

അനുബന്ധം III(b)

ഫോറം 2

ക്രമ നമ്പർ	തലക്കെട്ട്	ജലസേചന സൗകര്യങ്ങളുടെ നിലവിലുള്ള സ്ഥിതി (ഓരോ ജലസേചന പദ്ധതിയുടെയും പ്രത്യേകം)							എസ്റ്റിമേറ്റ് തുക(ലക്ഷങ്ങളിൽ)		
		ജലസേചനത്തിനുള്ള സ്വന്തമായുള്ള സംവിധാനം (പമ്പിങ്ങിനുള്ള ഏർപ്പാടുകൾ ഉൾപ്പെടെ)	ജലസേചന സൗകര്യത്തിന്റെ ഏകദേശ വിസ്തൃതി	സംവിധാനത്തിന്റെ ഏകദേശ പ്രായം	നടപ്പുവർഷം ജലസേചന സൗകര്യത്തിന്റെ ഏകദേശ വിസ്തൃതി	കൃഷിയുടെ (കൃഷിയിനം തിരിച്ച്/വെവ്വേറെ /കിലോ)	സംഭരിക്കുന്ന ജലത്തിന്റെ ഏകദേശ അളവും	അടിയന്തിര മെയിന്റനൻസിനുള്ള തുക	സാധാരണ സാമ്പത്തിക വർഷത്തിൽ ചിലവഴിക്കാവുന്ന തുക	മറ്റു വിവരം
1	ചെറിയ ജലസേചന പദ്ധതികൾ (ചെക്ക് ഡാമുകൾ, ചിറകൾ, കുളങ്ങൾ, കുഴൽ കിണറുകൾ, ഉപരിതല ജലസേചന പദ്ധതികൾ, ഭൂഗർഭ

അനുബന്ധം IV

ഫോറം- 4(1)

തൊഴിലുറപ്പ് പദ്ധതി വാർഡുതല തൊഴിൽ ക്രോഡീകരണ ഫോറം

സാമ്പത്തിക വർഷം 2019-20

വാർഡിന്റെ പേര് :

വാർഡിന്റെ നമ്പർ :

വാർഡിനുള്ളിലെ പ്രവൃത്തികൾ/ പഞ്ചായത്തിനുള്ളിലെ പ്രവൃത്തികൾ/ഒന്നിലധികം പഞ്ചായത്തുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവൃത്തികൾ

ക്രമനം.	മാസം	തൻമാസത്തിൽ പുതുതായി തൊഴിൽ ആവശ്യപ്പെടുന്ന കുടുംബം*	മുൻമാസത്തിൽ / മാസങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ തൊഴിൽ ആവശ്യപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം (cumulative)**	തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങൾ	മുൻമാസത്തിൽ / മാസങ്ങളിൽ ആവശ്യപ്പെട്ടതടക്കം തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)
1	2	3	4	5	6
1	ഏപ്രിൽ				
2	മേയ്				
3	ജൂൺ				
4	ജൂലൈ				
5	ആഗസ്റ്റ്				
6	സെപ്റ്റംബർ				
7	ഒക്ടോബർ				
8	നവംബർ				
9	ഡിസംബർ				
10	ജനുവരി				
11	ഫെബ്രുവരി				
12	മാർച്ച്				

- ഓരോ മാസവും പുതുതായി തൊഴിലിന് വരുന്ന കുടുംബത്തിന്റെ എണ്ണമാണ് കോളം 2 ൽ സൂചിപ്പിക്കേണ്ടത്. ഉദാഹരണത്തിന് ഒരു കുടുംബം ഏപ്രിൽ മാസത്തിൽ തൊഴിലാവശ്യപ്പെട്ടതിനുശേഷം വീണ്ടും ആഗസ്റ്റ്മാസത്തിൽ തൊഴിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത കുടുംബത്തെ ആഗസ്റ്റ്മാസത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല കാരണം ഈ കുടുംബം ഏപ്രിൽ മാസത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആകെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണമാണ് കോളം 3 ൽ സൂചിപ്പിക്കേണ്ടത്.
- ഓരോ മാസത്തിലും അയൽകൂട്ട അംഗങ്ങൾക്ക് ആവശ്യമുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 5 ൽ ഉൾപ്പെടുത്തേണ്ടത്
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആവശ്യപ്പെട്ടിട്ടുള്ള ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 6 ൽ ഉൾച്ചേർക്കേണ്ടത്..

അനുബന്ധം IV

ഫോറം- 4(2)

ഹൈസ്കൂൾ വിഭാഗം/ ഹയർസെക്കൻഡറി വിഭാഗം/ സ്പെഷ്യൽ സ്കൂൾ സ്ഥിതിചെയ്യുന്ന ഓഫീസ്

സാമ്പത്തിക വർഷം 2019-20

ഏത് ഓഫീസിന്റെ പരിധിയിൽ വരുന്നു

ഓഫീസിന്റെ പേര്

ഓഫീസിന്റെ മേൽവിലാസം

ഫോൺ നമ്പർ

ഇ-മെയിൽ വിലാസം

| ക്രമനമ്പർ | ഓഫീസിന്റെ പേര് | ഓഫീസിന്റെ പ്രവർത്തനമേഖല | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേര് | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പദവി | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഫോൺ നമ്പർ | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഇ-മെയിൽ വിലാസം | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക മേൽവിലാസം | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക മൊബൈൽ നമ്പർ | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഫാക്സ് നമ്പർ | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വെബ്സൈറ്റ് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഫേസ്ബുക്ക് പേജ് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ട്വിറ്റർ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഇൻസ്റ്റാഗ്രാം അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക യൂട്യൂബ് ചാനൽ വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വാട്സ്ആപ്പ് നമ്പർ (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ടെലഗ്രാം അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ലിങ്ക്ഡ്ഇൻ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക പിൻറെസ്റ്റ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ടിക്ടോക് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഗിറ്റ്ഹബ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഷെയർചാറ്റ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ക്വോറ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക മീഡിയം അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഡിസ്കോർഡ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഗൂഗിൾ ഗ്രൂപ്പ് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ടെലിഗ്രാം ചാനൽ വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ടെലിഗ്രാം ഗ്രൂപ്പ് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക സ്കൈപ്പ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക സ്നാപ്ചാറ്റ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ടംബ്ലർ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വീചാറ്റ് അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വെയ്ബോ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക യാഹൂ മെസഞ്ചർ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക സിഗ്നൽ അക്കൗണ്ട് വിലാസം (ഉണ്ടെങ്കിൽ) | ഓഫീസിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ ഔദ്യോഗിക ഐ.ആർ.സി.ടി.സി

അനുബന്ധം V

ഫോറം- 5(1)

തൊഴിലുറപ്പ് പദ്ധതി അയൽക്കൂട്ടതല തൊഴിൽ നിർണ്ണയ ഫോറം

സാമ്പത്തിക വർഷം 2019-20

വാർഡിന്റെ പേര് :
അയൽക്കൂട്ടത്തിന്റെ പേര് :
ആകെ കുടുംബങ്ങളുടെ എണ്ണം :
തൊഴിൽ കാർഡ് ഉടമകളുടെ എണ്ണം :

ക്രമനം	മാസം	തൻമാസത്തിൽ പുതുതായി തൊഴിൽ ആവശ്യപ്പെടുന്ന കുടുംബം*	മുൻമാസത്തിൽ / മാസങ്ങളിൽ തൊഴിൽ ആവശ്യപ്പെട്ടതുകൊണ്ട് തൻമാസത്തിൽ തൊഴിൽ ആവശ്യപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം (cumulative)**	തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങൾ	മുൻമാസത്തിൽ / മാസങ്ങളിൽ ആവശ്യപ്പെട്ടതുകൊണ്ട് തൻമാസത്തിൽ ആവശ്യപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം (cumulative)
1	2	3	4	5	6
1	ഏപ്രിൽ				
2	മെയ്				
3	ജൂൺ				
4	ജൂലൈ				
5	ആഗസ്റ്റ്				
6	സെപ്റ്റംബർ				
7	ഒക്ടോബർ				
8	നവംബർ				
9	ഡിസംബർ				
10	ജനുവരി				
11	ഫെബ്രുവരി				
12	മാർച്ച്				

- ഓരോ മാസവും പുതുതായി തൊഴിലിന് വരുന്ന കുടുംബത്തിന്റെ എണ്ണമാണ് കോളം 2 ൽ സൂചിപ്പിക്കേണ്ടത്. ഉദാഹരണത്തിന് ഒരു കുടുംബം ഏപ്രിൽ മാസത്തിൽ തൊഴിലാവശ്യപ്പെട്ടതിനുശേഷം വീണ്ടും ആഗസ്റ്റ്മാസത്തിൽ തൊഴിൽ ആവശ്യപ്പെട്ടാൽ പ്രസ്തുത കുടുംബത്തെ ആഗസ്റ്റ്മാസത്തിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ല കാരണം ഈ കുടുംബം ഏപ്രിൽ മാസത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആകെ തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണമാണ് കോളം 3 ൽ സൂചിപ്പിക്കേണ്ടത്.
- ഓരോ മാസത്തിലും അയൽക്കൂട്ട അംഗങ്ങൾക്ക് ആവശ്യമുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 5 ൽ ഉൾപ്പെടുത്തേണ്ടത്
- ഓരോ മാസത്തെയും ഏപ്രിൽ മുതൽ ആവശ്യപ്പെട്ടിട്ടുള്ള ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണമാണ് കോളം 6 ൽ ഉൾച്ചേർക്കേണ്ടത്..

അനുബന്ധം -VI

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 പ്രകാരം കൃഷിയും അനുബന്ധ മേഖലകളുമായി നേരിട്ടു ബന്ധപ്പെ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1 ലെ വിഭാഗം	പ്രവൃത്തികൾ
I. വിഭാഗം എ: പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ	i. കൂടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭജല വിതാനം ഉയർത്തുന്നതിന് ആവശ്യമായ അടിയണകൾ (under ground dykes), മൺതടയണകൾ, അണകൾ (സ്റ്റോപ്പ്ഡാം), ചെക്ക്ഡാമുകൾ തുടങ്ങിയ ജലസംരക്ഷണത്തിനും ജലകൊയ്ത്തിനും സഹായകരമായ നിർമ്മിതികൾ; ii. ഒരു നീർത്തടത്തിന്റെ സമഗ്ര പരിപാലനത്തിന് ഉതകുന്ന ഇടപെടലുകളായ കോണ്ടൂർട്രഞ്ചുകൾ, തട്ട്തിരിക്കൽ (terracing), കോണ്ടൂർബണ്ടുകൾ, കൽത്തടയണകൾ, ഗ്യാബിയോൺ നിർമ്മിതികൾ, നീരുറവ പ്രദേശത്തിന്റെ പരിപോഷണ തുടങ്ങിയ നീർത്തട പരിപാലന പ്രവൃത്തികൾ ; iii. സൂക്ഷ്മ-ചെറുകിട ജലസേചന പ്രവൃത്തികളും തോടുകൾ/ കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾ ; iv. ജലസേചന കുളങ്ങളുടേയും മറ്റ് ജലസ്രോതസ്സുകളുടേയും ആഴം കൂട്ടൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം; v. കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും, വനഭൂമിയിലും, മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കൽ വനവത്കരണം, ഹോർട്ടികൾച്ചർ പ്രവൃത്തികൾ ഇവയിൽ നിന്നും ലഭിക്കുന്ന ആദായത്തിന്റെ അവകാശം നിയമത്തിലെ പട്ടിക I ഖണ്ഡിക 5 ൽ പ്രതിപാദിക്കുന്ന കുടുംബങ്ങൾക്ക് നൽകേണ്ടതാണ്; vi. മേച്ചിൽ സ്ഥലങ്ങളുടെ വികസനം; സൈറ്റലോ തുടങ്ങിയ ദീർഘകാല പുൽച്ചെടികൾ vii. മുള, റബ്ബർ, തെങ്ങ് പ്ലാന്റേഷൻ viii. പൊതു ഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ.
II. വിഭാഗം ബി: സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ (ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് മാത്രം)	i) നിയമത്തിലെ പട്ടിക 1 ഖണ്ഡിക 5 ൽ പരാമർശിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഭൂവികസനവും, കിണറുകൾ (Dugg well), കുളങ്ങൾ (farm ponds), മറ്റ് ജലകൊയ്ത്ത് നിർമ്മിതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ; ii) പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിളകൃഷി, മറ്റ് പ്ലാന്റേഷനുകൾ, ഫാംഫോറസ്ട്രി എന്നിവയിലൂടെ ആജീവനം മെച്ചപ്പെടുത്തൽ; iii) ഖണ്ഡിക 5 ൽ സൂചിപ്പിക്കുന്ന കുടുംബങ്ങളുടെ തരിശ് ഭൂമി/ പാഴ്ഭൂമി (fallow or waste land)

		വർക്കസ്റ്റിപ്പ് രൂപത്തിൽ അനുവദനീയമാണ്; iv) മഴവെള്ള സംഭരണം ലൈസ്റ്റേഷൻ, ലഘുവിള തുടങ്ങിയ നീർത്തടാധിഷ്ഠിത വികസനം v) തുള്ളി, സ്പ്രിംഗ്ലർ തുടങ്ങിയ ജലസേചന സമ്പ്രദായങ്ങൾ vi) കുടിവെള്ള പദ്ധതികൾക്കായുള്ള കിണർ റീചാർജിംഗ് ഘടനകൾ, കുഴൽക്കിണർ റീചാർജിംഗ് ഘടനകൾ, കുളങ്ങൾ, പൂന്തോട്ടങ്ങൾ തുടങ്ങിയ ഉപരിതല ജലസംഭരണികൾ എന്നിവയുടെ നവീകരണം; vii) മണ്ണിലെ ഈർപ്പം സംരക്ഷിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കാടുവെച്ചുപിടിപ്പിക്കൽ, മണ്ണുസംരക്ഷണ കേന്ദ്രങ്ങൾ, ചെറുകിട ജലസേചന പദ്ധതികൾക്കായുള്ള ചെറിയ തടയണകൾ, ചെക്ക്ഡാമുകൾ, കുളങ്ങൾ തുടങ്ങിയ പരമ്പരാഗത ജലസംഭരണികൾ എന്നിവയുടെ നവീകരണം; viii) ജൈവവേലി (NADEP, മണ്ണിര കമ്പോസ്റ്റിംഗ് തുടങ്ങിയവ)
iii.	വിഭാഗം സി : തരിശായി ശ്രദ്ധിക്കാതെ കിടക്കുന്ന നിലനിൽക്കുന്ന സ്വകാര്യ സംഘങ്ങൾക്ക് സർക്കാരിതര സംഘടനകൾക്ക്	i. കാർഷികേതരാവശ്യങ്ങളുടെ ഇരട്ടിയിലധികം ജലലഭ്യത ഉൾപ്പെടുത്തുള്ള വിളവെടുപ്പിന് ശേഷം കൈകാര്യം ചെയ്യൽ (Post harvest facilities), ജൈവവളങ്ങൾ (NADEP, മണ്ണിര കമ്പോസ്റ്റിംഗ്) എന്നിവയ്ക്ക് ആവശ്യമായ സ്ഥാപനപരമായ ഭരണസംവിധാനങ്ങൾ
iv.	വിഭാഗം ഡി : ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	i. നദീതീര കൈയ്യേറ്റങ്ങൾ തടയുന്നതിനായുള്ള –2013 ലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന കൈയ്യേറ്റ സംരക്ഷണങ്ങളുടെ നിർമ്മാണം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ(വർക്സ്) തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യും നിയമന രീതി പരിഷ്കരിച്ചും ഉത്തരവാകുന്നു.

==========

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ)നം. 162/2018/തസ്വഭവ **തിരുവനന്തപുരം, തീയതി, 08.11.2018**

==========

പരാമർശം: 1.സ.ഉ.(കൈ)നം. 53/2009/ത.സ്വ.ഭ.വ തീയതി 18.04.2009

2.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.10.2018-ലെ 9833/ഇ.ജി.എസ്.ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനതലത്തിൽ എൻ.ആർ.ഇ.ജി.എ.സെൽ രൂപീകരിക്കുന്നതിനും ടി സെല്ലിൽ താൽകാലികമായി എട്ട് പ്രോഗ്രാം ഓഫിസർ തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ടി തസ്തികകളിൽ ഒന്നായ പ്രോഗ്രാം ഓഫീസർ(വർക്സ്) തസ്തികയിൽ ബി.എസ്.സി (എൻജിനിയറിംഗ്)/സിവിൽ അഥവാ അഗ്രികൾച്ചർ എഞ്ചിനീയറിംഗിൽ ബിരുദവും കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരെ (പ്രകൃതി വിഭവ പരിപാലനം, നീർത്തട വികസനം എന്നിവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന) കരാർ അടിസ്ഥാനത്തിൽ നിയമിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്. നിലവിൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്നിയമം 2014-ലെ ഭേദഗതിക്കു ശേഷം "ആസ്തി സൃഷ്ടിക്കൽ" പദ്ധതിയിലെ പ്രധാന ഘടകമായി തീർന്നിരിക്കുന്നതു കൊണ്ടും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയും, സാങ്കേതിക പരിജ്ഞാനവും പ്രവൃത്തി പരിചയവുമുള്ള ഒരു എഞ്ചിനീയറുടെ സേവനം പദ്ധതിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള പ്രോഗ്രാം ഓഫീസർ (വർക്സ്) തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ.എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യണമെന്നും കരാർ നിയമനം കൂടാതെ ഇറിഗേഷൻ/പൊതുമരാമത്ത്/തദ്ദേശ സ്വയംഭരണ(എഞ്ചിനിയറിംഗ് വിംഗ്) വകുപ്പുകളിൽ ഏതിൽ നിന്നെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ മുഖേന നിയമിക്കാൻ കഴിയുന്ന വിധം നിയമന രീതി പരിഷ്കരിക്കണമെന്നും പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു മേൽ വിവരിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, പരാമർശം (1) പ്രകാരം സംസ്ഥാന മിഷനിൽ സൃഷ്ടിച്ചിട്ടുള്ള പ്രോഗ്രാം ഓഫീസർ (വർക്സ്) എന്ന തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ.എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യും ടി തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരം നിയമനരീതി നിർവ്വചിച്ചും

പരാമർശ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

നിയമനരീതി

കരാർ നിയമനം.

OR

ഇറിഗേഷൻ/പൊതുമരാമത്ത്(റോഡ്സ്/ബിൽഡിംഗ്സ്)/തദ്ദേശ സ്വയംഭരണ(എഞ്ചിനിയറിംഗ് വിംഗ്) വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
മിനി മോൾ എബ്രഹാം
അഡീഷണൽ സെക്രട്ടറി

To
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനിയർ(ജലസേചനം)
ചീഫ് എഞ്ചിനിയർ(ഭരണം),പൊതുമരാമത്ത് വകുപ്പ്
ചീഫ് എഞ്ചിനിയർ(തദ്ദേശസ്വയംഭരണം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-NON-DSR സാമഗ്രികളുടെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള ജില്ലാതലകമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.3159/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/12/2018

പരാമർശം:- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 14.11.2018- ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ കത്ത്

ഉത്തരവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന ഘടകം ഉൾപ്പെടുത്തി പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സെക്യൂർ (SECURE) സോഫ്റ്റ്വെയറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള നിരക്കുകൾ പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നത്. തദ്ദേശ സ്വയംഭരണം(എഞ്ചിനിയറിംഗ് വിഭാഗം), പൊതുമരാമത്ത്, ഇറിഗേഷൻ മുതലായ വകുപ്പുകളിൽ ഉപയോഗിക്കുന്നതും PRICE സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടുള്ളതുമായ ലോക്കൽ മാർക്കറ്റ് നിരക്കുകളാണ് SECURE സോഫ്റ്റ്വെയറിലും ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കാർഷിക മേഖലയിലും, മണ്ണ്/ജല സംരക്ഷണ മേഖലയിലും ഉള്ള പ്രവൃത്തികൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുമ്പോൾ ടി പ്രവൃത്തികൾക്ക് ആവശ്യമായ പല സാധനങ്ങളുടെയും(ഉദാ.മെടഞ്ഞ ഓല, ചാണകം, തൊണ്ട്, ഉടങ്ങിയവ) ലോക്കൽ മാർക്കറ്റ് നിരക്കുകൾ SECURE സോഫ്റ്റ്വെയറിൽ ലഭ്യമല്ലാത്തതിനാൽ ഇത്തരം സാധനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിന് ജില്ലാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശം പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കേണ്ടി വരുന്നതും SECURE സോഫ്റ്റ്വെയറിൽ ലോക്കൽ മാർക്കറ്റ് നിരക്കുകൾ ലഭ്യമല്ലാത്തതുമായ Non-DSR സാധനങ്ങളുടെ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഓരോ ജില്ലയിലും താഴെപറയുന്ന ഘടനയോടു കൂടിയ പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ-അദ്ധ്യക്ഷൻ
2. എക്സിക്യൂട്ടീവ് എൻജിനിയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (തദ്ദേശ സ്വയംഭരണം)-മെമ്പർ

3. പ്രിൻസിപ്പൽ കൃഷി ഓഫീസർ-മെമ്പർ
4. സോയിൽ സർവ്വേ ജില്ലാ ഓഫീസർ -മെമ്പർ
5. തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് തല അക്രെഡിറ്റഡ് എഞ്ചിനിയർ-മെമ്പർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിമോള് എബ്രഹാം
അഡീഷണല് സെക്രട്ടറി

പകർപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ വികസന കമ്മീഷണർ

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനിയർ(തദ്ദേശസ്വയംഭരണം)

ഡയറക്ടർ, കൃഷി വകുപ്പ്

ഡയറക്ടർ, സോയിൽ സർവ്വേ & കൺസർവേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.12.18 10:39:50 IST
സെക്ഷൻ ഓഫീസർ

3.ഹരിതകേരളം മിഷൻ/ ആർദ്രം മിഷൻ

ജെ5 -6763/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 22.06.2017

സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ്-ഗ്രാമപഞ്ചായത്തുകളുടെപരിധിയിൽ നടക്കുന്ന വിവാഹങ്ങളിൽ ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : ശുചിത്വ മിഷൻ എക്സി: ഡയറക്ടറുടെ 19/5/2017 ലെ 2997/ഇ/2016/എസ്.എം. നമ്പർ കത്ത്.

ശുചിത്വ മിഷന്റെ ഗ്രീൻ പ്രോട്ടോകോൾ ആശയപ്രകാരം സംസ്ഥാനത്ത് വിവാഹങ്ങൾ പ്രകൃതി സൗഹൃദമായി നടത്തപ്പെട്ടു വരുന്നുണ്ട്. ഇത്തരത്തിൽ ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ സജ്ജീകരിച്ചും, അലങ്കാരങ്ങൾക്ക് പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചു കൊണ്ടും, ആഹാരം പാഴാക്കാതെയും വിവാഹങ്ങൾ നടത്തപ്പെടുന്നത് മാലിന്യം രൂപപ്പെടുത്തുന്നതിന്റെ തോതിൽ വലിയൊരളവ് കുറവ് വരുത്തുന്നു. ഒപ്പം പുതുതലമുറയ്ക്ക് പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകതയെ ബോദ്ധ്യപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കും. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്ക്കരിക്കുന്നതിനുള്ള പോംവഴി അന്വേഷിച്ച് നടക്കാതെ മാലിന്യ ഉല്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

മേൽ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിൽ നടത്തുന്ന എല്ലാ വിവാഹങ്ങളും ശുചിത്വ മിഷന്റെ ഗ്രീൻ പ്രോട്ടോകോൾ പ്രകാരം നടത്തുന്നുവെന്ന് ഗ്രാമ പഞ്ചായത്തുകൾ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിലുള്ള എല്ലാ ആഡിറ്റോറിയങ്ങളിലും കൺവെൻഷൻ സെന്ററുകളിലും ആരാധനാലയങ്ങളിലും സ്ക്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ ബാധകമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ബൈ-ലോകൾ ഉൾപ്പെടെ.)

ഗ്രീൻ പ്രോട്ടോകോൾ തത്വങ്ങൾ

1) നിത്യ ജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ളാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.

2) ഡിസ്പോസബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക.(സ്റ്റീൽ, ചില്ല് തുടങ്ങിയവ)

3) നിരോധിത പ്ളാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും മേൽ വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.

4) ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിക്കുക

5) ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ /ബയോഗ്യാസ് പ്ളാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.

6) അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കേണ്ടതും ആയത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ പാഴ്വസ്തു വ്യാപാരികൾക്കോ പുന:ചംക്രമണത്തിനായി കൈമാറുകയും ചെയ്യുക.

7) ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേണ്ടതും ആയത് ശേഖരിക്കുന്ന പാഴ്വസ്തു വ്യാപാരികൾക്കോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ യഥാസമയം കൈമാറേണ്ടതുമാണ്.

8) ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ, പേപ്പറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനം വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക. സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതുണ്ട്.

9) ആഹാര വസ്തുക്കൾ പാഴ്സലായി വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ പ്രകൃതി സൗഹൃദ പാത്രങ്ങൾ ആവശ്യനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക.

10) അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പുന:ചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതാണ്.

11) ഫ്ളക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക.

വി.രതീശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

1) എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
3) എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡി.ഡി.പി. മുഖേന)
4) കരുതൽ/അധികം
5. website.

// ഉത്തരവിൻ പ്രകാരം //
സൂപ്രണ്ട്

GOVERNMENT OF KERALA

Abstract

Local Self Government Department – Notifying Suchitwa Mission as the agency for technical and economic appraisal of Detailed Project Report for Solid Waste Management under Swachh Bharath Mission(Urban) – sanction accorded – orders issued

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(Rt)No.11/2018/LSGD. Dated, Thiruvananthapuram, 03.01.2018

Read:- 1. Minutes of the State Level Empowered Committee (SLEC) for Sanitation held on 31.10.2017 & 24.11.2017
2. Letter No.3719(1)/D1/2015/SM dated 18.11.2017 from the Executive Director, Suchitwa Mission.

ORDER

As per Swachh Bharat Mission (Urban) guidelines, central incentive for Solid Waste Management projects is available in the form of a maximum of 35% Grant/VGF for each project according to the Detailed Project Report (DPR) prepared by the Urban Local Body. The DPRs shall be subjected to technical and economic appraisal by institutes of national repute authorized by the State Level Empowered Committee (formerly SHPC) . Ministry of Housing and Urban Affairs had clarified that the DPRs prepared by third party consultants should be appraised by a technical arm of State Government such as PWD, Public Health Department etc.

2. The State Level Empowered Committee (SLEC) for Sanitation held on 18/7/2017 authorized Suchitwa Mission to constitute a competent technical committee for the vetting of Solid Waste Management Projects, as Suchitwa Mission being the technical agency of Government for Solid Waste Management projects. The Ministry of Housing and Urban Affairs, had suggested to place a proposal before State High Power Committee for considering to authorize Suchitwa Mission as an agency for the technical and economical appraisal of DPRs for projects recommended by Urban Local Bodies. Accordingly the State Level Empowered Committee for sanitation held on 31/10/2017 deliberated upon the matter and resolved to take up the matter with Government for issuing an Order notifying Suchitwa Mission as the agency for technical and economic appraisal of DPR for Solid Waste Management under Swachh Bharath Mission(Urban).

3. The State Level Empowered Committee (SLEC) for Sanitation held on 24/11/2017 has also resolved to issue a Govt Order notifying Suchitwa Mission as the agency for technical and economic appraisal of DPRs for Solid Waste Management under Swachh Bharath Mission(Urban). Suchitwa Mission shall do the technical and economic appraisal of such DPRs through a competent technical committee and shall recommend DPRs to the SLEC for sanction. The SLEC shall verify, approve and recommend DPRs to the Ministry of Housing and Urban Affairs.

4. As per the letter read as 2nd paper above, the Executive Director, Suchitwa Mission has recommended to constitute a sub-committee at Government level to scrutinize the DPRs, which are recommended by Suchitwa Mission to smoothen the recommendation process of SLEC.

5. Government have examined the matter in detail and are pleased to notify Suchitwa Mission as the agency for technical and economic appraisal of Detailed Project Report for Solid Waste Management under Swachh Bharath Mission(Urban). Sanction is also accorded to constitute a sub-committee to scrutinize the DPRs which are recommended by Suchitwa Mission ,with the following members ; in order to smoothen the recommendation process of SLEC

Secretary, Local Self Government(Urban) Department- Chairman
Executive Director, Suchitwa Mission- Convenor
Director, Urban Affairs- Member
Chief Engineer, Local Self Government Department- Member
Joint Secretary, Finance Department- Member
Member Secretary, Kerala State Pollution Control Board- Member
Chief(Decentralization)State Planning Board- Member

(By order of the Governor)
Sindhu L
Special Secretary to Govt

To
The Executive Director, Suchitwa Mission, Thiruvananthapuram.
The Members of the Sub-committee (through Executive Director, Suchitwa Mission)
The Director of Urban Afafirs, Thiruvananthapuram.
The Principal Accountant General (Audit),(A&E)/ Kerala, Thiruvananthapuram.
The Executive Director, Information Kerala Mission, Thiruvananthapuram.
The Director, I&PRD/Web&New Media, Thiruvananthapuram.
Stock File/ Office Copy.

Forwarded/ By Order
Section Officer

1573
20/1/18

GOVERNMENT OF KERALA

Abstract

Local Self Government Department – Solid Waste Management Rules 2016 - State Level Advisory Body - Constituted - Orders issued.

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(Rt)No.140/2018/LSGD. Dated, Thiruvananthapuram, 16.01.2018

Read:- Letter No.3152/G/2013/SM dated 24.06.2017 from the Executive Director, Suchitwa Mission.

ORDER

As per Rule 23(1) of the Solid Waste Management Rules 2016, notified on 8th April 2016, every department in charge of local bodies of the concerned State Government or Union Territory administration has to constitute a State Level Advisory Body within six months from the date of notification of the said rules. As per rule 23(2) of the Solid Waste Management Rules 2016, the State Level Advisory Body shall meet at least once in every six months to review the matters related to implementation of these rules, state policy and strategy on Solid Waste Management rules and give advice to State Government for taking measures that are necessary for expeditious and appropriate implementation of these rules

2. As per the letter read above, Executive Director, Suchitwa Mission has requested to constitute a State Level Advisory Body as required by Solid Waste Management Rules, 2016.

3. Government have examined the matter in detail and are pleased to constitute a State Level Advisory Body for Solid Waste Management with the following members.

Chairman	Secretary (Urban), Local Self Government Department	
Members	1	Director of Panchayat
	2	Director of Urban Affairs
	3	Commissioner, Land Revenue
	4	Representative nominated by MoEF
	5	Representative nominated by MoUD
	6	Representative nominated by MoRD
	7	Representative nominated by CPCB
	8	Chairman, Kerala State Pollution Control Board
	9	Dr. Sivasubramanian, HoD, Department of Chemical

		Engineering, NIT,Calicut
	10	Chief Town Planner
	11	Chairman, Mayors Chamber
	12	Chairman, Chamber of Municipal Chairmen
	13	Chairman, Panchayat Association
	14	Chairman, Perinthalmanna Municipality
	15	Chairman, Punalur Municipality
	16	V.R.Raghunandan, (Associate Professor (Rtd), Kerala Veterinary and Animal Sciences University), Head of Waste Management, IRTC
	17	Director, Industries
	18	Dr.R.Ajaya Kumar Varma, Technical Advisor, Haritha Keralam Mission
	19	Mr.Jagadeesh Kumar, Retired Professor, Kerala Agriculture University
	20	Director, Agriculture
	21	Labour Commissioner
Convener	Executive Director, Suchitwa Mission	

(By order of the Governor)
Sindhu L
Special Secretary to Govt

To

The Executive Director, Suchitwa Mission.
All the Members of the State Level Advisory Body for Solid Waste Management (Through The Executive Director, Suchitwa Mission)
The Principal Accountant General (Audit),(A&E)/ Kerala, Thiruvananthapuram.
The Executive Director, Information Kerala Mission
The Director, I&PRD/Web&New Media
Stock File/ Office Copy.

Forwarded/ By Order

Section Officer



കേരള സർക്കാർ

നം.233/ഡി നി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,തീയതി 28.04.2018

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 1) 22.01.2018 ലെ 17/DC1/2018/തസ്വഭവ നമ്പർ സർക്കുലർ
2) 13.04.2018 ൽ തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ

സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും ഏജൻസികളുടേയും മിഷനുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രത കാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേക്കു വേണ്ട വിശദമായ മാർഗ നിർദ്ദേശം സൂചന 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ആയതനുസരിച്ച് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ മൺസൂൺ തുടങ്ങുന്നതിന് മുൻപ് ഏപ്രിൽ - മേയ് മാസങ്ങളിൽ ചിട്ടയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ പകർച്ച വ്യാധികളും മരണവും പരമാവധി ഒഴിവാക്കുന്നതിലേക്ക് സംഘടിപ്പിക്കേണ്ടതുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിലേക്ക് അതാത് അധികാര സ്ഥാനങ്ങൾ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫീൽഡ് തല ഉദ്യോഗസ്ഥന്മാരും ചുവടെ പറയും പ്രകാരമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ക്രമ നം.	പ്രവർത്തനം	കാലഗണന	ചുമതല
1	തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ ആരോഗ്യ ജാഗ്രതാ പ്രവർത്തന അവലോകന ജില്ലാതല യോഗം (ജില്ലയിലെ എല്ലാ MLA മാരേയും MP മാരേയും പങ്കെടുപ്പിക്കണം)	2018 മെയ് 4	ജില്ലാ കളക്ടർ
2	പുന:ചംക്രമണ സാധ്യതയുള്ള അജൈവ മാലിന്യ ശേഖരണത്തിനായി പ്രത്യേക സമാഹരണ യജ്ഞം : എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടത്തുകയും അവ സ്ഥാപ് മർച്ചൻറ് അസോസിയേഷന് കൈമാറുന്നതിന് നടപടികളും	2018 മെയ് 5,6,7	ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ

	2		
3	അജൈവ മാലിന്യ സംഭരണം, കൈയ്യൊഴിയൽ എന്നിവയുടെ പ്ലാനും സംഘാടന നിർദ്ദേശങ്ങളും തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുക	2018 മെയ് 4	ജില്ലാ കോ-ഓർഡിനേറ്റർമാർ ശുചിത്വ മിഷൻ & ഹരിത കേരളം മിഷൻ
4	നഗരസഭകളിലും ഗ്രാമപഞ്ചായത്തുകളിലും വിപുലമായ യോഗങ്ങൾ വിളിച്ചുചേർക്കുകയും ശുചീകരണ കാമ്പയിനുകളുടെ സംഘാടനവും തീരുമാനിക്കുക	2018 മെയ് 5	തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ
5	നിലവിലെ മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ബഹുജന കാമ്പയിൻ (വിവിധ സംഘടനകളുടെ സഹകരണം ഉറപ്പാക്കി)	2018 മെയ് 1-10	തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരും
6	ജാഗ്രതോത്സവം : കുട്ടികളുടെ ക്യാമ്പ് : മുനിസിപ്പാലിറ്റികളിലേയും, ഗ്രാമപഞ്ചായത്തുകളിലേയും മുഴുവൻ വാർഡുകളിലും ഒരു ക്യാമ്പ് വീതവും, കോർപ്പറേഷൻ വാർഡുകളിൽ കുറഞ്ഞത് രണ്ട് ക്യാമ്പുകൾ വീതവും സംഘടിപ്പിക്കുക	മെയ് 1-15, 2018	ശുചിത്വ മിഷൻ & ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർമാർ
7	2018 മെയ് മാസം അവസാനത്തോടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കിയതിന്റെ പ്രഖ്യാപനം	2018 മെയ് 28-31	തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി
8	തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ജില്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക	2018 മെയ് 28-31	അതാത് ജില്ലാ തല ഉദ്യോഗസ്ഥർ, ഗ്രാമവികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ, ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
9	ക്ലീൻ കേരള കമ്പനി വഴി സ്ഥാപിതമായ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുക.	2018 മെയ് 31 നകം	മാനേജിംഗ് ഡയറക്ടർ ക്ലീൻ കേരള കമ്പനി
10	എം.സി.എഫ്, ആർ.ആർ.എഫ് എന്നിവ യുടെ നിർമാണം സമയബന്ധിതമായി പൂർത്തീകരിക്കുക	2018 ജൂൺ 30 നകം	തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ
11	ഗ്രാമപഞ്ചായത്ത്/നഗരസഭകളിലെ ഹരിത കേരളം പ്രവർത്തനം ജില്ലാതലത്തിൽ വിലയിരുത്തൽ	2018 ഏപ്രിൽ 30 നകം	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ

3

12	നഗരസഭകളിലെ ഹെൽത്ത് സൂപ്പർ വൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ ജില്ലാതല റിവ്യൂ ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.	2018 ഏപ്രിൽ 30 നകം	നഗരകാര്യ ഡയറക്ടർ
13	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ അവലോകനയോഗം ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡി നേറ്റർ എല്ലാ മാസങ്ങളിലും ബ്ലോക്ക് തലത്തിൽ നടത്തുക	എല്ലാ മാസവും	ഗ്രാമ വികസന കമ്മീഷണർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ
14	നാഷണൽ സർവ്വീസ് സ്കീം - അലുമിനി സംഘടനയായ സോഷ്യൽ റിസർച്ച് സൊസൈറ്റിയെ ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന സ്പെഷ്യൽ ഡ്രൈവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിയാ കുന്നതിനുള്ള നിർദ്ദേശം ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർമാർക്ക് നൽകുക	നിരന്തരം	എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

ഡോ. ദിവ്യ. എസ്. അയ്യർ
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
2.. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4.ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
5.ചീഫ് ടൗൺ പ്ലാനർ ,തിരുവനന്തപുരം
6.ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7.ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
8.എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
9.എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
10.എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11.എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
12.എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
13.എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
14.എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

15.എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16.എല്ലാ ജില്ലാ ജില്ലാ കളക്ടർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, മുഖേന)
17.മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
18.അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
19.ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആരോഗ്യവകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ)സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സിനിമ തീയറ്ററുകളിൽ സിനിമ പ്രദർശനത്തിന്റെ ഭാഗമായി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1235/2018/തസ്വഭവ തിരുവനന്തപുരം, തീയതി 02.05.2018

പരാമർശം :- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.05.2017 ലെ 2285/E/2017/SM നമ്പർ കത്ത്

ഉത്തരവ്

മാലിന്യങ്ങൾ പൊതു സ്ഥലത്തു കത്തിക്കുന്നത് ദേശീയ ഹരിത ട്രിബ്യൂണൽ നിരോധിക്കുകയും വീഴ്ച വരുത്തുന്നവരിൽ നിന്നും പിഴ ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ബഹു. കേരള ഹൈക്കോടതിയും നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാലിന്യം കത്തിക്കുന്നത് മൂലമുള്ള വിപത്തിനെ കുറിച്ചും സുരക്ഷിത മാലിന്യ സംസ്കരണത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട് . അതിനാൽ സിനിമ-സീരിയലുകളുടെ ഭാഗമായി സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു സംസ്ഥാനത്തെ സിനിമ തീയറ്ററുകളിൽ സിനിമ പ്രദർശനത്തിന്റെ ഭാഗമായി താഴെ പറയുന്ന സുരക്ഷിത മാലിന്യ സംസ്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- മാലിന്യങ്ങൾ വലിച്ചെറിയരുത്/കത്തിക്കരുത്.
- ജൈവ മാലിന്യങ്ങൾ വീട്ടിൽ / സ്ഥാപനങ്ങളിൽ തന്നെ സംസ്കരിക്കുക.
- അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനായി കൈമാറുക.
- മാലിന്യങ്ങൾ, പ്ലാസ്റ്റിക് എന്നിവ കത്തിക്കുന്നത് ക്യാൻസറിനും മറ്റു രോഗങ്ങൾക്കും കാരണമാകും .
- എന്റെ മാലിന്യം എന്റെ ഉത്തരവാദിത്തമാണ്, എന്റെയും വരും തലമുറയുടെയും നില നില്പിനും ആരോഗ്യത്തിനും ഞാൻ ഉത്തരവാദിത്തം നിറവേറ്റും.

3. അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മേൽ നിർദ്ദേശം സിനിമ തീയറ്റർ ഉടമകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിന്ധു .എൽ

ഗവ. സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂമീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.176/ഡി സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,തീയതി 04.05.2018

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന : 1) 5.10.2017 ലെ സ.ഉ (സാ.ധാ) നം.3214/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
2) സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് 04.04.2018 ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, പബ്ലിക് ഓഫീസ്, വികാസ് ഭവൻ, സ്വരാജ് ഭവൻ, എല്ലാ വകുപ്പുകളുടെയും ഡയറക്ടറേറ്റ്/കമ്മീഷണറേറ്റ്, ജില്ലാകളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ സർക്കാർ ഓഫീസുകളുടെ ദൈനം ദിന പ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും നടക്കുന്ന എല്ലാത്തരം ചടങ്ങുകളിലും ഡിസ്പോസിബിൾ വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നതും പുനഃചംക്രമണത്തിനു വിധേയമാക്കുവാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രം ഉപയോഗിച്ച് നടപ്പിലാക്കുന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കി സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കുന്നതിനും, 2018 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന് മുമ്പായി ഓഫീസുകളിൽ ഗ്രീൻപ്രോട്ടോക്കോൾ പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും/ സൂചന 2 പ്രകാരം തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് താഴെപ്പറയുന്ന സമയക്രമവും പ്രവർത്തന നിർദ്ദേശങ്ങളും വകുപ്പ്/ സ്ഥാപന മേധാവികൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ക്രമ നം.	പ്രവർത്തനം	കാലഗണന	ഉത്തരവാദിത്തം
1	ഓരോ സ്ഥാപന മേധാവിയുടെയും അധ്യക്ഷതയിൽ എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ച കൊണ്ടുള്ള യോഗം	2018 മെയ് 9	സ്ഥാപന മേധാവി
2	ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി രൂപീകരണവും നോഡൽ ഓഫീസറെ നിയോഗിക്കലും (എല്ലാ ഓഫീസുകളിലും)	2018 മെയ് 10	സ്ഥാപന മേധാവി

2

ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനാവശ്യമായ പ്രവൃത്തികൾ			
3	അഴുകുന്നതും അഴുകാത്തതുമായ മാലിന്യം ശേഖരിക്കാനായി പ്രത്യേകം ബിന്നുകൾ സ്ഥാപിക്കൽ (അതാത് സ്ഥാപനങ്ങളിൽ)	2018 മെയ് 11	സ്ഥാപന മേധാവി
4	അഴുകാത്ത മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കാൻ പ്രത്യേകം സ്ഥലം കണ്ടെത്തുക	2018 മെയ് 14	സ്ഥാപന മേധാവി
5	എല്ലാ ജീവനക്കാരോടും പുന:രുപയോഗിക്കാവുന്ന പാത്രങ്ങളിൽ ആഹാരം കൊണ്ടു വരാൻ നിർദ്ദേശം നൽകി നടപ്പിലാക്കുക .	2018 മേയ് 15	സ്ഥാപന മേധാവി
6	ഓഫീസിൽ പ്ളാസ്റ്റിക് ക്യാരിബാഗ് നിരോധിക്കുക	2018 മേയ് 15	സ്ഥാപന മേധാവി
7	എല്ലാ പൊതു ചടങ്ങുകളിലും പ്രചരണങ്ങൾക്കും തുണി ബാനറുകൾ/ ബോർഡുകൾ ഉപയോഗിക്കുന്നു എന്നുറപ്പാക്കുക	2018 മേയ് മുതൽ	സ്ഥാപന മേധാവി
8	ഓഫീസിലുണ്ടാകുന്ന ജൈവമാലിന്യങ്ങളുടെ തോതനുസരിച്ചുള്ള കമ്പോസ്റ്റിംഗ് ഉപാധികൾ സ്ഥാപിക്കുക	2018 മേയ് 15	സ്ഥാപന മേധാവി
9	കമ്പോസ്റ്റിംഗ് ആരംഭിക്കുക	2018 മേയ് 15	സ്ഥാപന മേധാവി
10	ഒരു തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന വസ്തുക്കൾ ഒഴിവാക്കി സ്റ്റീൽ, പോർസലൈൻ കപ്പുകളും പ്ലേറ്റുകളും വാങ്ങുക (ഇതിനായി ഓഫീസ് ചെലവ് ഫണ്ട് ഉപയോഗിക്കുക)	2018 മേയ് 31	സ്ഥാപന മേധാവി
11	നിശ്ചിത ഇടവേളകളിൽ അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കാനായി തദ്ദേശ സ്ഥാപനവുമായോ /പാഴ് വസ്തു വ്യാപാരികളുമായോ, ക്ലീൻ കേരള കമ്പനിയുമായോ ധാരണയിലെത്തുക	2018 മേയ് 31	സ്ഥാപന മേധാവി
12	ടോയ് ലെറ്റുകൾ ആവശ്യത്തിന് വെള്ളവും വെളിച്ചവും വൃത്തിയും ഉറപ്പാക്കുക	2018 മേയ് 31	സ്ഥാപന മേധാവി

13	ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കൽ വിലയിരുത്തുന്നതിനായി സ്ഥാപനതല വിലയിരുത്തൽ	മാസത്തിൽ രണ്ട് തവണ	സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി
14	ഗ്രീൻ പ്രോട്ടോക്കോൾ സാങ്കേതിക കമ്മിറ്റിയുടെ വിലയിരുത്തൽ	2018 ജൂൺ 05 ന് മുമ്പ്	സ്ഥാപനതല ഗ്രീൻ പ്രോട്ടോക്കോൾ കമ്മറ്റി
16	സ്ഥാപനത്തെ ഗ്രീൻ പ്രോട്ടോക്കോൾ സ്ഥാപനമായി പ്രഖ്യാപിക്കൽ	2018 ജൂൺ 05	അതാത് സ്ഥാപനം

- സംസ്ഥാനത്തെ ഗവൺമെന്റ് സെക്രട്ടറിയേറ്റ് മുതൽ താഴെ ഗ്രാമതലങ്ങൾ വരെയുള്ള എല്ലാ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ വകുപ്പ്/ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതാണ്.
- തരംതിരിച്ച് ശേഖരിച്ച അജൈവ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സംവിധാനം സംബന്ധിച്ച വിവരം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതിനുള്ള നടപടികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.
- സർക്കാർ സ്ഥാപനങ്ങളിലെ ശുചിമുറികൾ സ്ത്രീ/ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 24 x 7 ജല ലഭ്യത ഉറപ്പാക്കുന്നതിനും അതാത് സ്ഥാപന മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
- പൊതു/ സർക്കാർ സ്ഥാപനങ്ങളിലെ നോഡൽ ഓഫീസർമാർ/ഹൗസ് കീപ്പിങ്ങ്/ എസ്റ്റേറ്റ് ഓഫീസർ/ മറ്റ് ജീവനക്കാർ എന്നിവർക്ക് പരിശീലനം നൽകേണ്ടതാണ്. ഇതിനുള്ള നടപടി ശുചിത്വ മിഷനും ഹരിതകേരളം മിഷനും സ്വീകരിക്കേണ്ടതാണ്.
- 2018 ജൂൺ 5 ലോകപരിസ്ഥിതി ദിനത്തിൽ കേരളത്തിലെ സർക്കാർ ഓഫീസുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി സ്വയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പ് /സ്ഥാപന മേധാവികളും സ്വീകരിക്കേണ്ടതാണ്.
- മേൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ചെലവ് തുക അതാത് സ്ഥാപനങ്ങളുടെ ഓഫീസ് ചെലവുകൾ എന്ന ഘടകത്തിൽ നിന്ന് ചെലവഴിക്കേണ്ടതാണ്.

2. മേൽ വിവരിക്കപ്പെട്ട പ്രകാരം നടപടികൾ സ്വീകരിച്ച് സംസ്ഥാനത്തെ എല്ലാ തലങ്ങളിലുമുള്ള സർക്കാർ ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന് അതാത് തലങ്ങളിലെ ഓഫീസ് തലവന്മാർ നടപടി സ്വീകരിക്കേണ്ടതാണ്.

പോൾ ആന്റണി ഐ.എ.എസ്
ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന)
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും (ശുചിത്വ മിഷൻ മുഖേന)

എക്സ്ക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പൊതുഭരണ (ഹൗസ് കീപ്പിങ്) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മ സേനയുടെ പ്രാഥമിക ചെലവ് വഹിക്കുന്നതിനായി ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.1391/2018/തസ്വഭവ തിരുവനന്തപുരം, തീയതി 19.05.2018

പരാമർശം :- 1) 15.07.2017 ലെ സ. ഉ(സാധാ)നം. 2420/2017/തസ്വഭവ നമ്പർ ഉത്തരവ്
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.10.2017 ലെ 2152/C1/2016/SM നമ്പർ കത്ത്
3) 29.11.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നമ്പർ 4.2

ഉത്തരവ്

ഹരിത കേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമായ ഹരിതകർമ്മസേനയുടെ രൂപീകരണം, സംഘടനാ സംവിധാനം, സേവനങ്ങൾ, ഹരിതകർമ്മസേനയ്ക്കാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള സംവിധാനമായ ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനം, ഹരിതകർമ്മ സേനയുടെയും ഹരിതസഹായസ്ഥാപനത്തിന്റെയും സാമ്പത്തിക വിശകലനം, യൂസർ ഫീ എന്നിവ സംബന്ധിച്ച് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഹരിതകർമ്മ സേന ഫലപ്രദമായി പ്രവർത്തിപ്പിക്കുവാൻ കഴിയും വിധം യൂസർ ഫീ ലഭിച്ചു തുടങ്ങാൻ കാലതാമസമുണ്ടാകുമെന്നതിനാൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾ വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയബിലിറ്റി ഗ്യാപ് ഫണ്ട് നീക്കി വയ്ക്കണം എന്നും, വയബിലിറ്റി ഗ്യാപ് ഫണ്ട്, ഹരിതകർമ്മസേനയുടെ പ്രവർത്തന ചെലവുകൾ, ഹരിതസഹായസ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന -ആവർത്തന ചെലവുകൾ എന്നിവ ഓരോ പ്രദേശത്തിന്റെയും മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകമായി തന്നെ നിജപ്പെടുത്തണം എന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. ഹരിതകർമ്മസേനയെ സംരംഭ മാതൃകയിൽ വളർത്തി അവരുടെ സുഗമവും സുസ്ഥിരവുമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് മുകളിൽ പറയുന്ന നിരക്കിൽ

വയബിലിറ്റി ഗ്യാപ് ഫണ്ട് ആകെ വാർഡുകളുടെ എണ്ണത്തിന് അനുസൃതമായി നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപറേഷൻ എന്നിവയുടെ വികസന ഫണ്ടിൽ (ഹരിതകേരളം മിഷന് വേണ്ടി പൊതു വിഭാഗം ഫണ്ടിൽ വകയിരുത്തുന്ന തുക) നിന്നും നീക്കി വച്ച് പ്രോജക്ട് തയാറാക്കി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന്, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ഗ്രാമ പഞ്ചായത്തുകൾക്ക് ഒരു വാർഡിന് - 23,175/- രൂപ
മുനിസിപ്പാലിറ്റികൾക്കു ഒരു വാർഡിന് - 46,350/- രൂപ
കോർപറേഷനുകൾക്ക് ഒരു വാർഡിന് - 92,700/- രൂപ

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹരിതകേരളം മിഷന്റെ ഭാഗമായി തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിന് ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനുള്ള തുക മേൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ അധികരിക്കാതെ പ്ലാൻ ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിന് പഞ്ചായത്തുകൾക്കും നഗരസഭകൾക്കും താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (3)ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) യാതൊരു സാഹചര്യത്തിലും ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് അധിക ഫണ്ട് അനുവദിക്കുന്നതല്ല

ii) മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്ലാൻ ഫണ്ടിൽ നീക്കി വയ്ക്കുന്ന 10 % തുകയിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കേണ്ടതാണ്.

iii)വയബിലിറ്റി ഗ്യാപ് ഫണ്ട് , ഹരിത കർമ്മ സേനയുടെ പ്രവർത്തന ചെലവുകൾ, ഹരിത സഹായ സ്ഥാപനത്തിനുള്ള ഫീസ്, പൊതു സംവിധാനം ഒരുക്കുന്നതിനുള്ള മൂലധന - ആവർത്തന ചെലവുകൾ ഓരോ പ്രദേശത്തിന്റെ മാലിന്യത്തിന്റെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ പ്രത്യേകം പ്രത്യേകമായി നിജപ്പെടുത്തണം എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ വാർഡിന്റെയും വയബിലിറ്റി ഗ്യാപ് ഫണ്ട് ഹരിത കേരളം മിഷൻ പ്രത്യേകം നിശ്ചയിച്ചു നൽകേണ്ടതാണ്. പ്രസ്തുത തുക മേൽ പരാമർശിച്ചിരിക്കുന്ന നിരക്കിൽ അധികരിക്കാൻ പാടില്ല

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സിസ്സു. എൽ
ഗവ. സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ,തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

3

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ് , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
ധനകാര്യ (എസ്.എഫ്.സി സെൽ-എ) വകുപ്പ്
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ (റൂറൽ)വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് (അർബൻ) സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

കേരള സർക്കാർ

നം.720/ഡി സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,തീയതി : 25.05.2018.

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച്

സൂചന : 1) 22.01.2018 ലെ 17/DC1/2018/തസ്വഭവ നമ്പർ സർക്കുലർ
2)28.04.2018 ലെ 233/DC1/2018/തസ്വഭവ നമ്പർ സർക്കുലർ

സംസ്ഥാനത്ത് 2018 വർഷത്തിൽ പകർച്ച വ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന് ആരോഗ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ബന്ധപ്പെട്ട ഇതര വകുപ്പുകളുടേയും ഏജൻസികളുടേയും മിഷനുകളുടേയും നേതൃത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രത കാമ്പയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലേക്കു വേണ്ട വിശദമായ മാർഗ നിർദ്ദേശം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഫീൽഡ് തല ഉദ്യോഗസ്ഥന്മാരും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർച്ച വ്യാധി പ്രതിരോധ - നിയന്ത്രണവുമായി ബന്ധപ്പെട്ട് ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആരംഭിച്ചിട്ടുണ്ട് എങ്കിലും മഴക്കാലമെത്തിയതോടെ പകർച്ച വ്യാധികൾ വിവിധ ഇടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതും അതിന്റെ പ്രതിദിന പുരോഗതി പഞ്ചായത്ത് ഡയറക്ടറും, നഗരകാര്യ ഡയറക്ടറും മോണിറ്റർ ചെയ്ത് സർക്കാരിൽ ഇ-മെയൽ വഴി അറിയിക്കേണ്ടതും, അവരവരുടെ വെബ്സൈറ്റിൽ ദിവസംതോറും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

1. വാർഡ് തല ശുചിത്വ സ്ക്വാഡുകൾക്ക് പരാമർശം (1) പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുള്ള ചുമതലകൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്.

2. ശുചിത്വ സ്ക്വാഡുകൾ വീടുകൾ സ്ഥാപനങ്ങൾ എന്നിവയുടെ പരിസരം സന്ദർശിച്ച് കൊതുകിന് മുട്ടയിട്ട് പെരുകുവാനുള്ള സാഹചര്യം സൃഷ്ടിക്കുന്ന എല്ലാ വസ്തുക്കളും അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണ്.

3. ആൾതാമസം ഇല്ലാതെ പരിസരം വൃത്തിഹീനമായി കാടുകയറി കിടക്കുന്ന വീടുകളുടെയും കാടുകയറി കിടക്കുന്ന പറമ്പുകളുടെയും ഉടമകളെ വിവരം അറിയിക്കുകയും അത് വൃത്തിയാക്കാനുള്ള നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി അടിയന്തിര നടപടി കൈക്കൊള്ളേണ്ടതുമാണ്.

4. വീടുകളുടെ / സ്ഥാപനങ്ങളുടെ ടെറസ്, സൺഷേഡ്, മുതലായവയിലും ടോയ് ലെറ്റ് സീറ്റുകളിലും വെള്ളം കെട്ടി നിന്ന് കൊതുക് മുട്ടയിടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആവർത്തിച്ച് പൊതുജനാരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സ്ഥാപനങ്ങളുടേയും, വീടുകളുടേയും വിവരങ്ങൾ പൊതുജന മധ്യത്തിൽ പ്രദർശിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

5. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മതമേലധ്യക്ഷൻമാർ, അമ്പല കമ്മറ്റി അംഗങ്ങൾ, കരയോഗ പ്രതിനിധികൾ, ലയൺസ്, റോട്ടറി സംഘടനാ പ്രതിനിധികൾ, വ്യാപാര വ്യവസായ സംഘടനാ പ്രതിനിധികൾ, സ്വകാര്യ സ്ഥാപന പ്രതിനിധികൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവരുടെ യോഗം അതാതു സ്ഥലങ്ങളിൽ അടിയന്തിരമായി വിളിച്ചു ചേർത്ത് ആരോഗ്യ ജാഗ്രതാ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും അവരുടെ പങ്കാളിത്തം പ്രസ്തുത പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

6. നഗര / ഗ്രാമ പ്രദേശങ്ങളിൽ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ കൂന്പുകൂടി കിടക്കുന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ ആയത് കണ്ടെത്തി അടിയന്തിരമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

7. നഗര / ഗ്രാമ പ്രദേശങ്ങളിലെ ഓടകൾ അടിയന്തിരമായി വൃത്തിയാക്കി കൊതുക മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

8. വാർഡുകളും വീടുകളും കേന്ദ്രീകരിച്ച് ശ്രചിത്വ സ്കാഡുകൾ നടത്തിയ ശ്രചീകരണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്ക് (വാർഡുകളുടെ എണ്ണം, വാർഡ് തലത്തിൽ പരിശോധിച്ച വീടുകളുടെ എണ്ണം മുതലായവ ഉൾപ്പെടുത്തി) വകുപ്പ് മേധാവി, ജില്ലാ / മേഖല മേധാവി വഴി ശേഖരിച്ച് ഒരാഴ്ചയ്ക്കകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് സ്ഥലത്ത് റിപ്പോർട്ട് ചെയ്യുന്ന ഓരോ പകർച്ചവ്യാധിയുടെയും ഹോട്ട് സ്പോട്ടുകൾ (പകർച്ച വ്യാധി കൂടുതലായി പടർന്നു പിടിക്കാൻ സാധ്യതയുള്ള സ്ഥലങ്ങൾ) കണ്ടെത്തി ആക്ഷൻ പ്ലാൻ തയാറാക്കി ആയതു പ്രകാരമുള്ള നടപടി സ്വീകരിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് തദ്ദേശസ്വയംഭരണ സ്ഥപാന സെക്രട്ടറിമാർ ദിവസേന ജില്ലാ / മേഖല മേധാവികൾക്ക് സമർപ്പിക്കേണ്ടതും ആഴ്ച്ചയിൽ ഒരിക്കൽ ജില്ലാ / മേഖല മേധാവി സമാഹൃത റിപ്പോർട്ട് വകുപ്പ് മേധാവിക്ക് ലഭ്യമാക്കേണ്ടതുമാണ്

10. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും വിവിധ ഇനം പകർച്ചവ്യാധികൾ ബാധിച്ച് ചികിത്സ തേടിയവരുടെ വിശദാംശങ്ങൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ സ്ഥപനങ്ങളുമായി ബന്ധപ്പെട്ട് (Hospital / IDSP) ശേഖരിച്ച് പ്രതിദിനം ബന്ധപ്പെട്ട വകുപ്പ് അദ്ധ്യക്ഷൻമാർക്ക് (പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ) ജില്ലാ / മേഖലാ മേധാവികൾ മുഖേന ഇ-മെയിൽ വഴി ലഭ്യമാക്കേണ്ടതാണ്.

11. അന്യസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലങ്ങൾ കൃത്യമായി പരിശോധിച്ച് ആരോഗ്യജാഗ്രത നിർദ്ദേശങ്ങൾ നൽകേണ്ടതും, പകർച്ചവ്യാധിക്ക് കാരണമാകുന്ന സാഹചര്യങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

12. അടിയന്തിരസാഹചര്യം നേരിടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും, ആരോഗ്യവിഭാഗം ജീവനക്കാരും പൂർണ്ണമായും സജ്ജരായിരിക്കേണ്ടതും അടിയന്തര സാഹചര്യങ്ങളിലല്ലാതെ വരുന്ന മൂന്നുമാസത്തേക്ക് അവധി അനുവദിക്കുവാൻ പാടില്ലാത്തതുമാണ്.

13. ജില്ലാ കളക്ടർ / തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾ തോട്ടം മേഖലയിലും തീരദേശ മേഖലയിലും ആളുകൾ തിങ്ങിപാർക്കുന്ന കോളനികളിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും പകർച്ചവ്യാധികൾ പിടിപെടാനുള്ള സാഹചര്യങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

14. മഴക്കാലത്ത് കെട്ടികിടക്കുന്ന വെള്ളം പമ്പ് ചെയ്ത് മാറ്റുന്നതിനുള്ള മോട്ടർ അടക്കമുള്ള ഉപകരണങ്ങൾ, കൊതുക് നശീകരണത്തിനുള്ള ഫോഗിംഗ് മെഷീൻ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. കൊതുക് നിവാരണത്തിനും പകർച്ചവ്യാധി തടയുന്നതിനും ആവശ്യമായ വസ്തുകൾ ആവശ്യത്തിന് ലഭ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

15. അപകടകരമായി നിൽക്കുന്ന മരങ്ങൾ നിയമാനുസൃതം വെട്ടിമാറ്റേണ്ടതും കൂടുതൽ ശിഖരങ്ങൾ ഉള്ള മരങ്ങളുടെ ചില്ലകൾ വെട്ടി ഒതുക്കേണ്ടതുമാണ്.

16. പ്രസ്തുത പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി നഗരകാര്യ ഡയറക്ടറേറ്റിലും, പഞ്ചായത്ത് ഡയറക്ടറേറ്റിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

ടി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
അക്കൗണ്ടൻറ് ജനറൽ (എ & ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നു തന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു..മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആരോഗ്യവകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ)സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്

കേരള സർക്കാർ

നം.പി.എസ്.2/288/2018/ത.സ്വ.ഭ.വ. തദ്ദേശ സ്വയംഭരണ (പി.എസ്.)വകുപ്പ്,
തിരുവനന്തപുരം. തീയതി, 29.05.2018

സർക്കുലർ

വിഷയം- ത.സ്വ.ഭ.വ.- ലോക പരിസ്ഥിതി ദിനം ജൂൺ 5 - വൃക്ഷത്തൈ നടൽ കർമ്മ പദ്ധതി - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

ലോക പരിസ്ഥതി ദിനമായ ജൂൺ 5-ന് സംസ്ഥാന സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന്റെ കർമ്മ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 2018 മെയ് 30 ന് വൃക്ഷത്തൈകൾ വനം വകുപ്പ് (സോഷ്യൽ ഫോറസ്ട്രി) വിതരണം ചെയ്യേണ്ടതാണ്. അതാത് ജില്ലയിലെ വനം വകുപ്പ് ഡി.എഫ്.ഒ. മാരുമായി ബന്ധപ്പെട്ട തൈകൾ ശേഖരിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുമാണ്.
2) ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആ പ്രദേശത്തെ മറ്റ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് വാഹനസൗകര്യം ഏർപ്പാടാക്കി വൃക്ഷത്തൈകൾ ശേഖരിച്ച് കൊണ്ട പോകേണ്ടതും സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ അടക്കമുള്ളവരുടെ സഹകരണത്തോടെ തദ്ദേശ സ്ഥാപന തലത്തിൽ സൂക്ഷിക്കുകയും ഉചിതമായ രീതിയിൽ നട്ടുവളർത്തി പരിപാലിക്കേണ്ടതുമാണ്.
3) വൃക്ഷത്തൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി പരമാവധി 10,000 രൂപ വരെ ഓരോ തദ്ദേശ സ്ഥാപനത്തിനും തനതു ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.
4) ഓരോ പ്രദേശത്തിനും അനിയോജ്യമായ വൃക്ഷത്തൈകൾ ശേഖരിക്കുവാനും നട്ടു പിടിപ്പിക്കാനും ശ്രദ്ധിക്കണം. തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പറമ്പുകൾ, ഒഴിഞ്ഞ ഇടങ്ങൾ, റോഡരികുകൾ, പൊതു ഇടങ്ങൾ തുടങ്ങി തണ്ണീർതടങ്ങളല്ലാത്ത ഇടങ്ങൾ വൃക്ഷത്തൈകൾ നടുന്നതിനായി കണ്ടെത്തേണ്ടതാണ്.
5) തൊഴിലുറപ്പ് തൊഴിലാളികളേയും ഉപകരണങ്ങളും പരമാവധി ഉപയോഗപ്പെടുത്തി തൈകൾ നടുന്നതിനും പരിപാലിക്കുന്നതിനും പദ്ധതി ഉണ്ടാകണം. അതുപോലെ തന്നെ കുടുംബശ്രീ സി.ഡി.എസുകൾ കുടുംബശ്രീ പ്രവർത്തകരേയും ഉപയോഗപ്പെടുത്തി വൃക്ഷത്തൈ നടുന്നതിനും പരിപാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) നട്ട കഴിഞ്ഞ വൃക്ഷത്തൈകൾക്ക് ഒരു വർഷത്തെ പരിപാലനം ഉറപ്പാക്കുന്നതിനും ആയതിന്റെ നിലനിൽപ്പും വളർച്ചയും വിലയിരുത്തുന്നതിന് മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കുന്നതിന് തദ്ദേശ സ്ഥാപന തലത്തിൽ സമിതികൾ ഉണ്ടാക്കണം. 15 പേരുടെ അംഗസംഖ്യ അധികരിക്കാത്ത ഇത്തരം കമ്മിറ്റികളുടെ നേതൃത്വം പഞ്ചായത്ത് പ്രസിഡന്റ്, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ എന്നിവരിലും അംഗങ്ങളായും മറ്റ ഭാരവാഹികളായും ഉദ്യോഗസ്ഥർ, സ്കൂൾ ഹെഡ്മാസ്റ്റർമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, പൊതുപ്രവർത്തകർ എന്നിവരിലും നിക്ഷിപ്തമായിരിക്കേണ്ടതാണ്.

7) 2000 വൃക്ഷത്തൈകൾ വീതമാണ് ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും നൽകുന്നത്. കൃഷിവകുപ്പിന്റെ നഴ്സറികളിൽ നിന്ന് തൈകൾ ആവശ്യമെങ്കിൽ കൃഷി ഓഫീസർ അംഗീകരിച്ച വിലയ്ക്ക് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വാങ്ങാവുന്നതാണ്. ഫോറസ്റ്റ് വകുപ്പിന്റെ കൈവശം അധികതൈകൾ ലഭ്യമെങ്കിൽ ആയതും ലഭ്യമാക്കേണ്ടതാണ്.

8) വൃക്ഷത്തൈകൾ നടുന്നതിന് ഉപകരണങ്ങൾ ആവശ്യമെങ്കിൽ തൊഴിലുറപ്പ് പദ്ധതി ഫണ്ട് വിനിയോഗിച്ച് ആയത് വാങ്ങാവുന്നതാണ്.

9) പഞ്ചായത്ത് വഴി വ്യക്തികൾക്ക് തൈകൾ നൽകുന്നുവെങ്കിൽ അവർ അത് നട്ട് പരിപാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

10) പ്രാദേശിക അടിസ്ഥാനത്തിൽ പ്ലാൻ തയ്യാറാക്കി തൈവിതരണം ചുരുങ്ങിയ ചെലവിൽ നിർവ്വഹിക്കേണ്ടതാണ്. പരമാവധി വ്യക്തികളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി പ്രാദേശത്തിന്റെ കൂട്ടായ്മയിൽ പരിസ്ഥിതി ദിനം ആഘോഷമാക്കേണ്ടതാണ്.

11) അമിതമായി ജലചൂഷണം നടത്തുന്ന മരങ്ങൾ ഒഴിവാക്കി വേണം നടാനുള്ള തൈകൾ തെരഞ്ഞെടുക്കേണ്ടതാണ്.

എ. അജിത്ത് കുമാർ
സെക്രട്ടറി (റൂറൽ)

തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ വരുന്ന എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും /മിഷൻ ചീഫുമാർക്കും /ഡെവലപ്മെന്റ് ഏജൻസികളുടെ സെക്രട്ടറിമാർക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസി ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎസ് ന്
തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എക്ക്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/എല്ലാ സെക്ഷനുകൾക്കും

കേരള സർക്കാർ

നം. 278/ ഡി സി. I/ 18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം, തീയതി 31.05.2018

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത - പകർച്ചപ്പനി പ്രതിരോധ യജ്ഞം 2018 - നഗരസഭാതലത്തിൽ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ - സംബന്ധിച്ച്

സൂചന : 1) 25/ 05/ 2018- ലെ നം. 720/ ഡിസി I/ 18/ തസ്വഭവ. നം. സർക്കുലർ.
2) ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ 30/ 05/ 2018- ലെ വീഡിയോ കോൺഫറൻസിലെ നിർദ്ദേശം.
3) ബഹു. മുഖ്യമന്ത്രിയുടെ 31/ 05/ 2018- ലെ സംസ്ഥാനതല അവലോകന യോഗത്തിലെ നിർദ്ദേശം.

******

സംസ്ഥാനത്ത് മഴക്കാല രോഗങ്ങളും പകർച്ചവ്യാധികളും പടർന്നുപിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പരാമർശം (2), (3) പ്രകാരം അവലോകന യോഗങ്ങൾ ചേർന്നിട്ടുള്ളതാണ്. സംസ്ഥാനത്തെ വിവിധ നഗരസഭാ പ്രദേശങ്ങളിൽ വിവിധയിനം പനിരോഗങ്ങളും മറ്റും പകർച്ചവ്യാധികളും മഴക്കാല രോഗങ്ങളും വർദ്ധിച്ചു വരുന്നതായും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നഗരസഭകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലായെന്നുമുള്ള വസ്തുത ബഹു. മുഖ്യമന്ത്രി ചൂണ്ടി കാണിച്ചിരിക്കുന്നു. നഗരസഭകളിലെ സെക്രട്ടറിമാർ ശുചീകരണ പ്രവർത്തനങ്ങളിൽ വേണ്ടവിധത്തിൽ മേൽനോട്ടം വഹിക്കാത്തതിനാൽ മാലിന്യ കൂമ്പാരങ്ങൾ റോഡരികിൽ കെട്ടിക്കിടക്കുകയും ഓടകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്യാത്തതുമൂലം കെട്ടിക്കിടക്കുന്ന ജലത്തിൽ കൊതുകുകൾ മുട്ടയിട്ട് പെരുകുകയും ചെയ്യുന്ന അപകടകരമായ സ്ഥിതിവിശേഷം നിലനില്ക്കുന്നതായി പരാതികൾ ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രോഗപ്രതിരോധപ്രവർത്തനങ്ങളിലും മാലിന്യ ശുചീകരണ പ്രവർത്തനങ്ങളിലും വീഴ്ച വരുത്തുന്ന നഗരസഭാ സെക്രട്ടറിമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന (1) സർക്കുലർ പ്രകാരം വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) പ്രകാരമുള്ള യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ കൂടി നല്കുന്നു.

1 ശുചീകരണ പ്രവർത്തനങ്ങളുടെയും മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെയും മേൽനോട്ടം വഹിക്കുന്നതിനായി എല്ലാ നഗരസഭാ സെക്രട്ടറിമാരും എല്ലാദിവസവും രാവിലെ 5.30 മണിമുതൽ 7.30 മണിവരെയെങ്കിലും നഗരസഭയുടെ വിവിധ വാർഡുകളിൽ മുന്നറിയിപ്പില്ലാതെ നേരിട്ട് സന്ദർശനം നടത്തേണ്ടതും ശുചീകരണ പ്രവർത്തനങ്ങൾക്ക്

മേൽനോട്ടം വഹിക്കേണ്ടതുമാണ്. ആയതിന്റെ 2 വിശദാംശങ്ങൾ, സമയം, സന്ദർശിച്ച വാർഡുകൾ, എടുത്ത നടപടി തുടങ്ങിയവ പ്രതിദിനം നഗരകാര്യ ഡയറക്ടർക്ക് ഇ-മെയിൽ വഴി അറിയിക്കേണ്ടതാണ്.

2 പല നഗരസഭാ സെക്രട്ടറിമാരും നഗരസഭാ പരിധിയിൽ താമസിക്കുന്നില്ലായെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില നഗര സഭാ സെക്രട്ടറിമാർ വിദൂര പ്രദേശങ്ങളിൽ നിന്ന് ദിവസേന ഓഫീസിൽ വന്നു തിരിച്ചു പോകുന്നതായിട്ടാണ് സർക്കാരിന് ലഭിച്ചിരിക്കുന്ന വിവരം. അതുകൊണ്ടുതന്നെ എല്ലാ നഗരസഭാ സെക്രട്ടറിമാരും തങ്ങൾക്ക് ചുമതലയുള്ള നഗരസഭകളുടെ പരിധിക്കുള്ളിൽ തന്നെ നിർബന്ധമായും താമസിക്കേണ്ടതും ഔദ്യോഗിക വസതി ലഭ്യമല്ലായെങ്കിൽ സെക്രട്ടറിമാർക്ക് വാടകയ്ക്ക് കെട്ടിടം എടുത്ത് താമസത്തിനുള്ള ക്രമീകരണങ്ങൾ 2018 ജൂൺ 1 മുതൽ അടിയന്തിരമായി ചെയ്യേണ്ടതുമാണ്. അവരുടെ ഔദ്യോഗിക വാസ സ്ഥലത്തെ ലാൻഡ് ലൈൻ ടെലിഫോൺ നമ്പർ അടിയന്തിരമായി നഗരകാര്യാഡറക്ടറേയും ഗവൺമെന്റിലും അറിയിക്കേണ്ടതാണ്.

3. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥന്മാർ ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും യൂണിഫോം ധരിച്ചിരിക്കേണ്ടതും ആയതിൽ ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമായി രേഖപ്പെടുത്തിയ നെയിം ബാഡ്ജ് ധരിച്ചിരിക്കേണ്ടതുമാണ്. ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കാത്ത ആരോഗ്യവിഭാഗം ജീവനക്കാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

4. ശുചീകരണ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരേയും തൊഴിലാളികളേയും മറ്റിതര ആവശ്യങ്ങൾക്കായി യാതൊരു കാരണവശാലും ഉപയോഗിക്കുന്നില്ലായെന്ന് നഗരസഭാ സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണ്.

5. നഗരസഭകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥന്മാരുമായി കൂടിയാലോചന നടത്തി ഫലപ്രദമായി നടപ്പിലാക്കുന്നതിന് നഗരസഭാ സെക്രട്ടറിമാർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

6. പകർച്ചപ്പനിയെ സംബന്ധിച്ച് ലഭ്യമായ എല്ലാ വിവരങ്ങളും ആരോഗ്യ വകുപ്പുമായി പങ്കുവയ്ക്കേണ്ടതും തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

7. ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിന പുരോഗതിയും വിശദാംശങ്ങളും ഐ.കെ.എം ലേക്ക് സെക്രട്ടറിമാർ ഓരോ ദിവസവും വൈകുന്നേരം വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും, ആ വിവരം ഇ-മെയിൽ വഴി, നഗരകാര്യ ഡയറക്ടർ, സെക്രട്ടറി (തദ്ദേശസ്വയംഭരണ വകുപ്പ് - നഗരം), എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.കെ.എം എന്നിവരെ അറിയിക്കുകയും വേണം. നഗരസഭാ സെക്രട്ടറിമാർ തങ്ങളുടെ നഗരസഭയിൽ റോഡരികിലും പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലുമുള്ള മാലിന്യ കൂമ്പാരങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങൾ കൃത്യമായി ലിസ്റ്റ് ചെയ്ത് അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8. നഗരകാര്യ ഡയറക്ടറേറ്റിൽ അടുത്ത 3 മാസക്കാലം 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നഗരകാര്യ ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്. അവിടെ ആവശ്യമെങ്കിൽ ടോൾ ഫ്രീ നമ്പർ സംവിധാനം ഏർപ്പെടുത്തണം. കൂടുതൽ രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്ന

പ്രദേശങ്ങളിലേയ്ക്ക് കൺട്രോൾ റൂമിൽ നിന്ന് നേരിട്ട് ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം

9. ഇത്തരം പ്രവത്തനങ്ങൾ ഏകോപിക്കുന്നതിന്റെ ഉത്തരവാദിത്വം നഗരകാര്യ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടർ (ഹെൽത്ത്) ഡോ.ഉമ്മു സൽമ.സി. (ചുങ്കത്ത്) ന് ആയിരിക്കും. അവർ പ്രതിദിനം, മേൽ പ്രവർത്തനങ്ങളുടെ ഒരു ഡാഷ് ബോർഡ് തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്

സ്പെഷ്യൽ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്ക് വേണ്ടി

നഗരകാര്യ ഡയറക്ടർ
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കുമം (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും.(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും.
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം,
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള ലിമിറ്റഡ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ. (എ ആന്റ് ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറ്ക്ടർ ഇൻഫർമേഷൻ, കേരള മിഷൻ (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ.ആന്റ്.പിആർ(വെബ് ആന്റ്ന്യൂമീഡിയ) വകുപ്പ്(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി,/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി(അർബൺ) സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എയ്ക്ക്.

GOVERNMENT OF KERALA

Abstract

Local Self Government Department – Preparation of State Policy on Solid Waste Management - Constitution of vetting committee for vetting the draft Policy- Orders issued.

==========

LOCAL SELF GOVERNMENT (DC) DEPARTMENT

G.O.(Rt)No.1512 /2018/LSGD. Dated, Thiruvananthapuram,02.06.2018

==========

Read:- 1) G.O. (Rt) No.140/2018/LSGD dated 16.01.2018
2) Minutes of the first meeting of State Level Advisory Body for Solid Waste Management held on 23.03.2018
3) Order dated 27/3/2018 of Hon'ble Supreme Court in SMW(C) No.1/2015.
4) Letter No.1503/C2/2018/SM dated 11.05.2018 from the Executive Director, Suchitwa Mission.

ORDER

As per G.O. read as 1st paper above Government have constituted a State Level Advisory Body (SLAB) for Solid Waste Management in the State. In the first meeting of SLAB held on 23.3.18 it was decided that Suchitwa Mission shall draft a more comprehensive State Policy on Solid Waste Management in consultation with stake holders. Accordingly the Executive Director Suchitwa Mission has constituted a drafting committee for drafting a comprehensive State Policy on Solid Waste Management.

2. The Hon'ble Supreme Court as per Order read as 3rd paper above, has allowed three months time to the State Governments/UTs to prepare a Policy in terms of Rule 11&15 of Solid Waste Management Rules, 2016. As per the letter read as 3rd paper above, Executive Director Suchitwa Mission has requested Government to constitute a Vetting Committee for vetting the draft State Policy on Solid Waste Management prepared by the drafting committee constituted for the purpose.

3. Government have examined the matter in detail and are pleased to constitute a Vetting Committee with the following members for vetting the draft State Policy on Solid Waste Management prepared by the

drafting committee constituted by the Executive Director Suchitwa Mission for the purpose.

1) Additional Chief Secretary, LSGD - Chairman
2) Secretary (Urban), LSGD - Vice Chairman
3) Secretary (Rural), LSGD - Vice Chairman
4) Director of Urban Affairs
5) Director of Panchayat
6) Executive Vice Chairperson, Haritha Keralam Mission
7) Chief Engineer, LSGD, Thiruvananthapuram
8) Managing Director, Clean Kerala Company Ltd
9) Executive Director, Suchitwa Mission (Convenor)
10) Dr.V.B Manilal, Senior Scientist, NIIST, CSIR
11) Dr. Sreekumar, Rtd. Health Officer, Municipal Corporation

(By order of the Governor)

Sindhu. L
Special Secretary to Govt.

To

The Executive Director, Suchitwa Mission.
The Members concerned(through Executive Director, Suchitwa Mission.)
The Principal Accountant General (Audit),(A&E)/ Kerala, Thiruvananthapuram.
The Executive Director, Information Kerala Mission
The Director, I&PRD/Web&New Media
Stock File/ Office Copy.

Forwarded/ By Order

Section Officer

Copy to:- PS to Minister (LSGD)

കേരള സർക്കാർ

നം. 720/ഡിസി1/2018/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പ്,
തിരുവനന്തപുരം, തീയതി : 08/06/2018

പരിപത്രം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - ആരോഗ്യ ജാഗ്രത പകർച്ചവ്യാധി പ്രതിരോധ യജ്ഞം 2018 - ഭവന സന്ദർശനം നടത്തി സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച്.

സൂചന :- 1) 25/05/18 ലെ 720/ഡി.സി1/18/ത.സ്വ.ഭ.വ നമ്പർ പരിപത്രം
2) 31/05/2018 ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മഴക്കാല പൂർവ്വ ശുചീകരണ അവലോകന യോഗ തീരുമാനം

സംസ്ഥാനത്ത് 2018 വർഷത്തിൽ - പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശം സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. എങ്കിലും പകർച്ചവ്യാധികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തു തുടങ്ങിയ സാഹചര്യത്തിൽ പ്രസ്തുത പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി cleaning survey/ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിന പുരോഗതി സർക്കാരിൽ ലഭ്യമാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓരോ വാർഡിലും 50 വീടുകൾ അടങ്ങുന്ന പ്രത്യേക യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതാണ്.
2. ഭവന സന്ദർശനത്തിനായി നിയോഗിക്കപ്പെടുന്ന ടീമംഗങ്ങൾ (ആരോഗ്യസേന,കുടുംബശ്രീ പ്രവർത്തകർ, ആശ വർക്കർ, ശുചിത്വസ്വാഡ് അംഗങ്ങൾ etc) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ഭവനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തി നിശ്ചിത റിപ്പോർട്ടിംഗ് രൂപരേഖ പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) അതാത് ദിവസം വൈകുന്നേരം 6 മണിക്ക് മുമ്പായി suchitwajagratha.lsgdkerala.gov.in എന്ന വെബ് പോർട്ടലിൽ അപ് ലോഡ് ചെയ്യേണ്ടതാണ്

   പ്രസ്തുത റിപ്പോർട്ട് Data - entry operator മുഖേന upload ചെയ്തു പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അപ്രൂവ് ചെയ്യേണ്ടതാണ്. നഗരസഭാ സെക്രട്ടറിമാർക്ക് ഇതിനായി അനുയോജ്യരായ മറ്റൊരുദ്യോഗസ്ഥനെ/ഉദ്യോഗസ്ഥയെ ചുമതലപ്പെടുത്താവുന്നതാണ്.
3. മേൽ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലെ PHC മെഡിക്കൽ ഓഫീസർ മോണിറ്റർ ചെയ്യേണ്ടതാണ്. JPHI/JPHN മറ്റു ഉദ്യോഗസ്ഥരും ഇതിൽ സജീവമായി പ്രവർത്തിക്കേണ്ടതാണ്.
4. 2018 ജൂൺ 11 മുതൽ മേൽപ്പറഞ്ഞ portal ൽ cleaning survey വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. 2018 July 30, വരെ എല്ലാ തിങ്കളാഴ്ചയും, അതിനുശേഷം ഓരോ

രണ്ടാഴ്ച തോറും ഇതിന്റെ വകുപ്പ്തല അവലോകനം നടത്തുന്നതാണ്. മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വാർഡുകളുടെയും, കൃത്യ വിലോപം നിരീക്ഷിക്കപ്പെടുന്ന വാർഡുകളുടെ/ഉദ്യോഗസ്ഥരുടെയും പേരു വിവരങ്ങൾ ടി പോർട്ടലിൽ അവലോകനത്തിനു ശേഷം ലഭ്യമാക്കുന്നതാണ്.

ദിവ്യ എസ്. അയ്യർ
ഗവ.ഡെപ്യൂട്ടി സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
2. എല്ലാ നഗരസഭ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
3. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
7. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
8. ചീഫ് ടൗൺ പ്ലാനർ ,തിരുവനന്തപുരം
9. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
14. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
15. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
16. എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. എല്ലാ ജില്ലാ കളക്ടർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, മുഖേന)
18. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
19. അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
20. ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ആരോഗ്യവകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (റൂറൽ) സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ)സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ,ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

ആരോഗ്യ ജാഗ്രത പ്രവർത്തനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള റിപ്പോർട്ടിംഗ് രൂപരേഖ

തദ്ദേശസ്വയംഭരണ വാർഡുതല ഫോർമാറ്റ്

1. ജില്ല :
2. ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷന്റെ പേര് : .....
3. വാർഡ് നമ്പർ : ..... പേര് : ....
   - വീടുകളുടെ എണ്ണം :
   - സ്ഥാപനങ്ങളുടെ എണ്ണം :
   - പൊതുസ്ഥലങ്ങളുടെ എണ്ണം :
   - ഒഴിഞ്ഞുകിടക്കുന്ന പുരയിടങ്ങളുടെ എണ്ണം :
4. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും, പദവിയും, ഫോൺ നമ്പരും :
5. മൈക്രോപ്ലാൻ തയ്യാറാക്കിയോ? (അതെ /ഇല്ല):
6. ശുചിത്വസ്ക്വാഡുകളുടെ എണ്ണം :
7. ശുചിത്വസ്കോഡുകളിലെ ആകെ ആളുകളുടെ എണ്ണം :
8. ശുചിത്വസ്കോഡുകളിലെ ആകെ വോളന്റിയർമാരുടെ എണ്ണം :

വീടുകൾക്കായുള്ള റിപ്പോർട്ടിംഗ് രൂപരേഖ

വാർഡ് നമ്പർ : ..... പേര് : .....

ശുചിത്വസ്ക്വാഡ് നമ്പർ : .....

	കൂത്താടി നിർമാർജ്ജന പ്രവർത്തനങ്ങൾ												പകർച്ച നിർമാർജ്ജന പ്രവർത്തനങ്ങൾ					പനി കണ്ടെത്തി നിരീക്ഷിച്ചത്							
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20	21	22	23	24	
ക്രമ നമ്പർ	വീട് നമ്പർ	കരിക്ക് / ചിരട്ട	കെട്ടിടങ്ങളുടെ മട്ടുപ്പാവ്	ഫിണർ	ആട്ടുകല്ല്	ഉപയോഗശൂന്യമായ പാത്രങ്ങൾ/ ടയറുകൾ / മറ്റുള്ളവ	ചെളി കുണ്ട് /വിപ്പ	ചെടികൾ / ചെടിച്ചട്ടി	ഫ്ലഷ് ടാങ്ക്	റെഫ്രിജറേറ്റർ / വാഹനങ്ങൾ	എയർകൂളർ / അക്വേറിയം	മറ്റുള്ളവ	കീടനാശിനി തളിക്കൽ / പുകക്കൽ	കൊതുകുതിരി /ലേപനങ്ങൾ	ബോട്ട്	കൈക്ക് / ജനാലനെറ്റ്	മറ്റുള്ളവ	പനി ഉള്ളവരുടെ ഏണ്ണം	പനി (തരം അറിയാമെങ്കിൽ എഴുതുക)	കണ്ടെത്തിയ തീയതി	വൈദ്യസഹായം സ്വീകരിച്ചിട്ടുണ്ടോ	അവബോധ പ്രവർത്തനം നടത്തിയിട്ടുണ്ടോ?	ദിവസേനയുള്ള പുരോഗതി വിലയിരുത്തുന്നുണ്ടോ?	കുടുംബാംഗത്തിന്റെ ഫോൺ നമ്പർ	വീട് സന്ദർശിച്ച തീയതി

പൊതുസ്ഥലങ്ങൾക്കായുള്ള റിപ്പോർട്ടിംഗ് രൂപരേഖ

വാർഡ് നമ്പർ : ..... പേര് : .....

ശുചിത്വസ്ക്വാഡ് നമ്പർ : .....

			കുത്താടി നിർമാർജ്ജന പ്രവർത്തനങ്ങൾ											പകർച്ച നിർമാർജ്ജന പ്രവർത്തനങ്ങൾ						
			1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18
ക്രമനമ്പർ	പൊതുസ്ഥല തരം (അനുബന്ധം പ്രകാരം)	പൊതുസ്ഥലം സന്ദർശിച്ച തീയതി	കരിക്ക് / ചിരട്ട	കെട്ടിടങ്ങളുടെ മട്ടുപ്പാവ്	കിണർ	ആട്ടുകല്ല്	ഉപയോഗശൂന്യമായ പാത്രങ്ങൾ ടയറുകൾ / മറ്റുള്ളവ	ചെളിക്കുണ്ട് / വിപ്പ	ചെടികൾ / ചെടിച്ചട്ടി	ഏഷ് ടാങ്ക്	റെഫ്രിജറേറ്റർ / വാഹനങ്ങൾ	എയർകുളർ / അക്വാറിയം	മറ്റുള്ളവ	കിടനാശിനി തളിക്കൽ / പുകക്കൽ	കൊതുകുതിരി/ലേപനങ്ങൾ	ബാറ്റ്	കതക് / ജനാല നെറ്റ്	മറ്റുള്ളവ	നീളം(മീറ്ററിൽ)	ആഴം(മീറ്ററിൽ)

അനുബന്ധം-1

പൊതുസ്ഥലങ്ങൾ	
1	കുളം
2	കനാൽ
3	ലേബർ ക്യാമ്പ്
4	ചവർക്കൂമ്പാരം
5	നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലം
6	വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലം
7	തോട്ടം
8	സ്കൂൾ
9	പാർക്ക്
10	കളിസ്ഥലം (മൈതാനം)
11	ആശുപത്രി
12	മാർക്കറ്റ്
13	തീയറ്റർ
14	ബസ്റ്റാന്റ്
15	അറവുശാലകൾ
16	ആരാധനാലയങ്ങൾ
17	ക്ലബ്ബ്
18	ലൈബ്രറി
19	മറ്റുള്ളവ
Note :	ഒഴിഞ്ഞുകിടക്കുന്ന പുരയിടങ്ങൾ കൂടി ഇതിൽ ഉൾപ്പെടുത്താവുന്നതാണ്

ശുചിത്വ ജാഗ്രത പ്രവർത്തനങ്ങൾ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ റിപ്പോർട്ടിംഗ് രൂപരേഖ
(സർവ്വേ മാർഗ്ഗനിർദ്ദേശങ്ങൾ)

കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും മഴക്കാല പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ശുചിത്വ ജാഗ്രതാ പ്രവർത്തനങ്ങൾ കേരളസർക്കാർ നടപ്പാക്കുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഓരോ വാർഡിലും ഓരോ ഉദ്യോഗസ്ഥനെ നിയോഗിച്ച് അവരുടെ കീഴിൽ ശുചിത്വ സ്ക്വാഡുകൾ ഉണ്ടാക്കി ഇതുവഴി സർവേ നടത്തുന്നു. ഈ സർവേയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

ഫോം നമ്പർ1 തദ്ദേശസ്വയംഭരണ വാർഡുകളുടെ ഫോർമാറ്റ്

1. ജില്ല – തദ്ദേശഭരണ സ്ഥാപനം സ്ഥിതിചെയ്യുന്ന ജില്ല രേഖപെടുത്തുക.
2. ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷന്റെ പേര്- തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് രേഖപെടുത്തുക
3. വാർഡ് നമ്പർ , പേര് വാർഡ് നമ്പർ , വാർഡന്റെ പേര് ഇവ രേഖപെടുത്തുക.
    - വീടുകളുടെ എണ്ണം- ഈ കോളത്തിൽ ഈ വാർഡിൽ സ്ഥിതിചെയ്യുന്ന വീടുകളുടെ എണ്ണം രേഖപെടുത്തുക.
    - സ്ഥാപനങ്ങളുടെ എണ്ണം ഈ തദ്ദേശഭരണ സ്ഥാപനങ്ങിലളിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം രേഖപെടുത്തുക.
    - പൊതുസ്ഥലങ്ങളുടെ എണ്ണം. ഈ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥിതിചെയ്യുന്ന പൊതുസ്ഥലങ്ങളുടെ എണ്ണം രേഖപെടുത്തുക.. പൊതുസ്ഥലങ്ങൾ ഏതൊക്കെ എന്നത് അനുബന്ധം 1 ൽ രേഖപെടുത്തിയിട്ടുണ്ട്.
4. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ പേരും പദവിയും ഫോണ് നമ്പരും. രേഖപെടുത്തുക.
5. മൈക്രോപ്ലാൻ തയ്യാറാക്കിയതാണോ (അതേ/അല്ല)
6. ശുചിത്വ സ്ക്വാഡുകളുടെ എണ്ണം.ഈ വാർഡിന്റെ കീഴിലുള്ള ശുചിത്വ സ്ക്വാഡുകളുടെ എണ്ണം രേഖപെടുത്തുക.
7. ശുചിത്വ സ്ക്വാഡുകളിലെ ആകെ ആളുകളുടെ എണ്ണം
8. ശുചിത്വസ്കോഡുകളിലെ ആകെ വോളന്റിയർമാരുടെ എണ്ണം (ആരോഗ്യ പ്രവർത്തകർ,കുടുംബശ്രീ പ്രവർത്തകർ, മറ്റുള്ളവർ ഉൾപ്പെടെ)

ഫോം നമ്പർ 2 വീടുകൾക്കുള്ള റിപ്പോർട്ടിംഗ് രൂപരേഖ

- വാർഡ് നമ്പർ, പേര് വാർഡിന്റെ നമ്പരും പേരും രേഖപെടുത്തുക
- ശുചിത്വ സ്ക്വാഡ് നമ്പർ രേഖപെടുത്തുക.
- അടുത്തായി സർവേയുടെ വിവരങ്ങൾ രേഖപെടുത്തലാണ്.
- ഇതിൽ ആദ്യം കോളത്തിൽ ക്രമ നമ്പറാണ് രേഖപെടുത്തേണ്ടത്
- രണ്ടാമത്തെ കോളത്തിൽ വീട്ട് നമ്പർ രേഖപെടുത്തേണ്ടതാണ്.

3 മുതൽ 12 വരെയുള്ള കോളങ്ങളിൽ കൂത്താടി നിർമാർജന പ്രവർത്തനങ്ങളാണ് രേഖപെടുത്തേണ്ടത്. ഇതിൽ പറയുന്നവയിൽ കൂത്താടി /ഉണ്ടാകുന്ന സാഹചര്യമോ/മറ്റ് മഴക്കാല രോഗങ്ങൾ ഉണ്ടാകുന്ന സാഹചര്യമോ കണ്ടെത്തുകയാണെങ്കില്ർ അവ നിർമാർജനം ചെയ്തശേഷം അവയുടെ എണ്ണമാണ് രേഖപെടുത്തേണ്ടത്

2. കരിക്ക്/ചിരട്ട – എണ്ണം
3. കെട്ടിടങ്ങളുടെ മട്ടുപ്പാവ് – എണ്ണം
4. കിണർ - എണ്ണം-
5. ആട്ടുകല്ല്- എണ്ണം(വെള്ളം കെട്ടികിടക്കുന്നവ)
6. ഉപയോഗ ശൂന്യമായ പാത്രങ്ങൾ ടയറുകൾ മറ്റുള്ളവ- എണ്ണം(വെള്ളം കെട്ടികിടക്കുന്നവ)
7. ചെളികുണ്ട്/വീപ്പ - എണ്ണം
8. ചെടികൾ/ചെടിചട്ടികൾ - എണ്ണം
9. ഫ്ലഷ് ടാങ്ക് - എണ്ണം-കൂത്താടി ഉണ്ടെങ്കിൽ
10. റെഫ്രിജേറ്റർ/വാഹനങ്ങൾ- എണ്ണം
11. എയർകൂളർ/അക്വേറിയം - എണ്ണം-
12. മറ്റുള്ളവ – പ്ലാസ്റ്റിക് കവറുകൾ, കളിപ്പാട്ടങ്ങൾ മുതലായവ - എണ്ണം

13 മുതൽ 17 വരെയുള്ള കോളങ്ങളിൽ പകർച്ച നിർമാർജന പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങളാണ് രേഖപെടുത്തേണ്ടത്.

13. കീടനാശിനി തളിക്കൽ/പുകക്കൽ- കൊതുക നിവാരണത്തിന് കീടനാശിനി തളിക്കലോ പുകക്കലോ ഉണ്ടായിട്ടുണ്ടെങ്കിൽ - ഉണ്ട്/ഇല്ല
14. കൊതുകുതിരി /ലേപനങ്ങൾ - കൊതുകുതിരിയോ ലേപനങ്ങളോ ഉപയോഗിക്കുന്നുണ്ടോ- ഉണ്ട്/ഇല്ല
15. ബാറ്റ്. – മൊസ്കിറ്റ് ബാറ്റ് ഉപയോഗിക്കുന്നുണ്ടോ - ഉണ്ട്/ഇല്ല
16. കൊതുക്/ ജനാല നെറ്റ്- കതകുകളിലോ, ജനാലകളിലോ കൊതുകുവല ഉപയോഗിച്ചിട്ടുണ്ടോ - ഉണ്ട്/ഇല്ല.
17. മറ്റുള്ളവ – മറ്റുള്ള എതെങ്കിലും കൊതുക നിവാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ. - ഉണ്ട്/ഇല്ല.

18 മുതൽ 23 വരെയുള്ള വിവരങ്ങൾ പനി കണ്ടെത്തി നിരീക്ഷിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

18. പനിഉള്ളവരുടെ എണ്ണം- എതെങ്കലും പനി ഉണ്ടെങ്കിൽ അവരുടെ എണ്ണം രേഖപെടുത്തുക.
19. പനി(തരം അറിയാമെങ്കിൽ എഴുതുക)- ഡെങ്കി /വൈറൽ /ചെള്ള്/ എലി/ നിപ്പ തുടങ്ങിയവ.
20. കണ്ടെത്തിയ തീയതി- പനി ഉണ്ട് എന്ന് കണ്ടെത്തിയ തീയതി രേഖപെടുത്തുക.
21. വൈദ്യസഹായം സ്വീകരിച്ചിട്ടുണ്ടോ – ഉണ്ട് /ഇല്ല
22. അവബോധന പ്രവർത്തനം നടത്തിയിട്ടുണ്ടോ- ഉണ്ട് /ഇല്ല
23. ദിവസേനയുള്ള പുരോഗതി വിലയിരിത്തുന്നുണ്ടോ. - ഉണ്ട് /ഇല്ല
24. കുടുബാഗത്തിന്റെ ഫോണ് നമ്പർ രേഖപെടുത്തുക.
25. വീട് സന്ദർശിച്ച തീയതി രേഖപെടുത്തുക.

ഫോം നമ്പർ 3 പൊതുസ്ഥലങ്ങൾക്കയുള്ള റിപ്പോർട്ടിംഗ് ശുപരേഖ

- വാർഡ് നമ്പർ, പേര് വാർഡിന്റെ നമ്പരും പേരും രേഖപെടുത്തുക
- ശുചിത്വ സ്ക്വാഡ് നമ്പർ രേഖപെടുത്തുക.
- അടുത്തായി സർവേയുടെ വിവരങ്ങൾ രേഖപെടുത്തലാണ്.
- ഇതിൽ ആദ്യം കോളത്തിൽ ക്രമനമ്പരാണ്.
- രണ്ടാമത്തെ കോളത്തിൽ പൊതുസ്ഥലം തരം ഏതെന്ന് അനുബന്ധപ്രകാരം രേഖപെടുത്തുക..

1 മുതൽ 11 വരെയുള്ള കോളങ്ങളിൽ കൂത്താടി നിർമാർജന പ്രവർത്തനങ്ങളാണ് രേഖപെടുത്തേണ്ടത്. ഇതിൽ പറയുന്നവയിൽ കൂത്താടി /ഉണ്ടാകുന്ന സാഹചര്യമോ/മറ്റ് മഴക്കാല രോഗങ്ങൾ ഉണ്ടാകുന്ന സാഹചര്യമോ കണ്ടെത്തുകയാണെങ്കിൽ അവ നിർമാർജനം ചെയ്തശേഷം അവയുടെ എണ്ണമാണ് രേഖപെടുത്തേണ്ടത്

1. കരിക്ക്/ചിരട്ട – എണ്ണം
2. കെട്ടിടങ്ങളുടെ മട്ടുപ്പാവ് – എണ്ണം
3. കിണർ - എണ്ണം
4. ആട്ടുകല്ല്- എണ്ണം
5. ഉപയോഗ ശൂന്യമായ പാത്രങ്ങൾ ടയറുകൾ മറ്റുള്ളവ- എണ്ണം
6. ചെളികുണ്ട്/വീപ്പ - എണ്ണം
7.. ചെടികൾ/ചെടിചട്ടികൾ - എണ്ണം
8.. ഫ്ലഷ് ടാങ്ക് - എണ്ണം
9. റെഫ്രിജേറ്റർ/വാഹനങ്ങൾ- എണ്ണം
10. എയർകൂളർ/അക്വേറിയം - എണ്ണം
11. മറ്റുള്ളവ – പ്ലാസ്റ്റിക് കവറുകൾ, കളിപ്പാട്ടങ്ങൾ മുതലായവ എണ്ണം

12 മുതൽ 16 വരെയുള്ള കോളങ്ങളിൽ പകർച്ച നിർമാർജന പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങളാണ് രേഖപെടുത്തേണ്ടത്.

12. കീടനാശിനി തളിക്കൽ/പുകക്കൽ കൊതുക നിവാരണത്തിന് കീടനാശിനി തളിക്കലോ പുകക്കലോ ഉണ്ടായിട്ടുണ്ടെങ്കിൽ - ഉണ്ട്/ഇല്ല
13. കൊതുകുതിരി /ലേപനങ്ങൾ - കൊതുകുതിരിയോ ലേപനങ്ങളോ ഉപയോഗിക്കുന്നുണ്ടോ- ഉണ്ട്/ഇല്ല
14. ബാറ്റ്. – മൊസ്കിറ്റ് ബാറ്റ് ഉപയോഗിക്കുന്നുണ്ടോ - ഉണ്ട്/ഇല്ല
15. കൊതുക്/ ജനാല നെറ്റ്- കതകുകളിലോ, ജനാലകളിലോ കൊതുകുവല ഉപയോഗിച്ചിട്ടുണ്ടോ - ഉണ്ട്/ഇല്ല.
16. മറ്റുള്ളവ – മറ്റുള്ള എതെങ്കിലും കൊതുക നിവാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ. - ഉണ്ട്/ഇല്ല.
17. കുളം , കനാൽ തുടങ്ങിയവ പൂർണ്ണ തോതിൽ വൃത്തിയാക്കിയിട്ടുണ്ടെങ്കിൽ വൃത്തിയാക്കിയ ഭാഗത്തിന്റെ നീളം അറിയാമെങ്കിൽ മീറ്ററിൽ രേഖപ്പെടുത്തുക
18. കുളം , കനാൽ തുടങ്ങിയവ പൂർണ്ണ തോതിൽ വൃത്തിയാക്കിയിട്ടുണ്ടെങ്കിൽ വൃത്തിയാക്കിയ ഭാഗത്തിന്റെ ആഴം അറിയാമെങ്കിൽ മീറ്ററിൽ രേഖപ്പെടുത്തുക.

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എസ്.സി.പി കേഡറ്റുകളുടെ പരിശീലനം - ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി തയ്യാറാക്കുന്നതിന് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1643/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 16.06.2018.

വായന:- 1. എസ്.പി.സി. കേരള നോഡൽ ഓഫീസറുടെ 28/02/2018 ലെ 58/എസ്.സി.പി.ഡി.എ/18 നം. കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/03/2018 ലെ 4.117 നമ്പർ തീരുമാനം

ഉത്തരവ്

എസ്.പി.സി. പദ്ധതിയിൽ കേഡറ്റുകളെ ഉപയോഗിച്ച് 2018-19 വർഷത്തിൽ ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട പദ്ധതികളും ആരോഗ്യ സംരക്ഷണ പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായും 2018-19 വർഷത്തെ ബഡ്ജറ്റിൽ എസ്.സി.പി കേഡറ്റുകളുടെ പരിശീലന ആവശ്യാർത്ഥം കേഡറ്റുകളുടെ റിഫ്രഷ് മെന്റ് ഇനത്തിൽ നിലവിൽ ബഡ്ജറ്റ് വകയിരുത്തൽ പരിമിതമായതിനാൽ ആവശ്യമായ അധിക തുക വകയിരുത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് പദ്ധതി തയ്യാറാക്കുന്നതിന് അനുമതി നൽകണമെന്ന് വായന(1)പ്രകാരം എസ്.പി.സി. കേരള നോഡൽ ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. ഇക്കാര്യം 05/03/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം പരിശോധിച്ചു. കമ്മിറ്റിയുടെ വായന രണ്ടിലെ തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തുകൾക്ക് എസ്.പി.സി. കേഡറ്റ് പരിശീലനത്തിന് തുക വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതു സംബന്ധിച്ച വിശദമായപ്രോജക്ട് റിപ്പോർട്ട് സ്റ്റേറ്റ് നോഡൽ ഓഫീസർ നൽകേണ്ടതാണ്. നിരക്കും മറ്റു വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതാണ്

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാപഞ്ചായത്തു പ്രസിഡന്റ്/സെക്രട്ടറിമാർക്കും
നോഡൽ ഓഫീസർ ,എസ്.പി.സി. പദ്ധതി,കേരള
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം. തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ് , ഡിബി2/100/17
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ. 192/ ഡി.ബി2/ 2018/ തസ്വഭവ തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി: 23.06.2018.

സർക്കുലർ

വിഷയം:-തദ്ദേശ സ്വയംഭരണ വകുപ്പ്-വേനൽക്കാലത്ത് സംസ്ഥാനത്തെ സ്കൂളുകളിൽ ജല ദൗർലഭ്യത - നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നത് - സംബന്ധിച്ച്.

പൂച്ചന:- (1) 09.03.2017 ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ 562/ 2017/ തസ്വഭവ
(2) കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ 22/ 02/ 2018 ലെ CRMP No:2024/ 09/ C- 2/ 2017/ KeSCPCR നമ്പർ ഉത്തരവ്

സംസ്ഥാനത്ത് വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകളിൽ ആവശ്യത്തിന് ജലലഭ്യത ഉറപ്പ് വരുത്തുന്നത് സംബന്ധിച്ചുള്ള കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ സൂചന (2) ഉത്തരവിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1 എല്ലാ വർഷവും വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാക്കാൻ വേണ്ട നടപടികൾ ബന്ധപ്പെട്ട തസ്വഭവ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

2 സ്കൂളുകളിൽ ആവശ്യത്തിനൊത്ത ജലസംഭരണികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും Rain Water Harvesting നും വേണ്ടുന്ന നടപടികൾ അതാത തസ്വഭ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതും അവ നടപ്പിലാക്കാൻ തീരുമാനം കൈക്കൊള്ളുകയും ആയതിനവേണ്ട സാമ്പത്തിക സഹായം കൈമാറിക്കിട്ടിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യേണ്ടതാണ്

3 എല്ലാ വർഷവും വേനൽക്കാല പരീക്ഷയുടെ സമയത്തും മാർച്ചിൽ ക്ലാസ്സ് നടത്തുമ്പോഴും കുട്ടികൾക്ക് ആവശ്യമായി വേണ്ടുന്ന കുടിവെള്ളവും ശൗചാലയം, പാത്രം കഴുകൽ എന്നിവയ്ക്കും ആവശ്യമായ വെള്ളത്തിന്റെ ലഭ്യത ബന്ധപ്പെട്ട തസ്വഭവ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

4. വേനലവധിക്കാലത്തു തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളിലുള്ള പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കിണറുകളുടെ കേടുപാട് പരിഹരിക്കുകയും കിണറ്റിലെ ജലം ശുദ്ധീകരിക്കുകയും ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നേതൃത്വം വഹിക്കേണ്ടതാണ്.

ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ,തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഉപ ഡയറക്ടർ മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും(ഗ്രാമവികസന കമ്മിഷണർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർ /എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർ (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.210/ഡി.ബി.2/18/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 02.07.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് -സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ചകഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ,പാരാമെഡിക്കൽ സ്റ്റാഫ്എന്നിവരെ നിയമിക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/05/2018 ലെ 3.13 നമ്പർ തീരുമാനം

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം , കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ പ്രവർത്തനം രാവിലെ 8.00 മണി മുതൽ 1.00 മണി വരെയും ഉച്ച കഴിഞ്ഞ് 1.00 മണി മുതൽ 6.00 മണി വരെയും ആക്കുന്നതിന്റെ ഭാഗമായി ഉച്ച കഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

1 ഡോക്ടർമാരെ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാപ്രോഗ്രാം മാനേജർ (NHM) എന്നിവരടങ്ങുന്ന കമ്മിറ്റി ഇന്റർവ്യൂ നടത്തി എടുക്കേണ്ടതാണ്.

2 അതാതു തദ്ദേശഭരണ സ്ഥാപനത്തിൽ പ്രത്യേകമായി ഇന്റർവ്യൂ ചെയ്ത് ഡോക്ടർമാരെ എടുക്കാവുന്നതല്ല.

3. പി.എച്ച്.സി/സി.എച്ച്.സി.യുടെ പ്രവർത്തനം രാവിലെ 8.00 മണിമുതൽ 1.00 മണിവരെയും ഉച്ചകഴിഞ്ഞ് 1.00 മണി മുതൽ 6.00 മണിവരെയും ആക്കുന്നതിന്റെ ഭാഗമായി മാത്രമേ അധികമായി ഡോക്ടർമാരെയും നഴ്സ്മാരെയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാവൂ.

(.....2)

-2-

4. ഇതു കൂടാതെ താലൂക്കാശുപത്രിയിലും ആവശ്യമെങ്കിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ്ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായനിർദ്ദേശം നല്കുന്നതിന്)
പഞ്ചായത്ത്ഡയറക്ടർ,തിരുവനന്തപുരം.(ആവശ്യമായനിർദ്ദേശം നല്കുന്നതിന്)
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം.(ആവശ്യമായ നിർദ്ദേശം നല്കുന്നതിന്)
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം.(ആവശ്യമായ നിർദ്ദേശം നല്കുന്നതിന്)
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ , തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ് , ഡിബി2/ 210/ 18
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.334/ഡി.സി.1/18/ തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
തിരുവനന്തപുരം,തീയതി 21.07.2018

സർക്കുലർ

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വ മിഷൻ - സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)- പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറ് - സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

സൂചന: 1. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 04.08.2016 ലെ S-11011/5/2016/SBM നമ്പർ കത്ത്
2. കേന്ദ്ര കുടിവെള്ളവും ശുചിത്വവും മന്ത്രാലയത്തിന്റെ 14/03/2018 ലെ S-18013/2/2014 O/o Dir (SBM) - Part (I) നമ്പർ ഉത്തരവ്

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതി നവീകരിച്ച് കഴിയുന്നത്ര വേഗത്തിൽ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്ക് സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് "വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷൻ" ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപ്രദേശങ്ങളെ സുസ്ഥിര വെളിയിടവിമുക്ത പ്രദേശങ്ങളായി മാറ്റുക
2. ഉയർന്ന നിലവാരമുള്ള ഖരദ്രവ മാലിന്യ പരിപാലന സംവിധാനങ്ങൾ നടപ്പിലാക്കുക
3. നിർവഹണശേഷി വർദ്ധിപ്പിക്കുക`

പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് അവരവരുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് നൽകി വരുന്നു. ഓരോ സംസ്ഥാനങ്ങൾക്കും ഇൻസെന്റീവ് അനുവദിക്കുന്നത് ചുവടെ ചേർക്കുന്ന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ്.

1. വെളിയിടവിസർജ്ജന പ്രദേശങ്ങളുടെ വ്യാപ്തിയിൽ ഉണ്ടായിട്ടുള്ള കുറവ്
2. വെളിയിട വിസർജ്ജനവിമുക്ത പ്രദേശങ്ങളിൽ സുസ്ഥിരത നിലനിർത്തുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ
3. ഖര-ദ്രവ മാലിന്യ പ്രവർത്തനങ്ങളുടെ നേട്ടങ്ങൾ എത്രശതമാനം ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്

2

ഓരോ സംസ്ഥാനങ്ങളിലും നടത്തപ്പെട്ട ഖര-ദ്രവ മാലിന്യ പ്രവർത്തനങ്ങൾ, വെളിയിട വിസർജ്ജന വിമുക്തത കൈവരിക്കുന്നതിലേക്ക് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് നാഷണൽ ആനുവൽ റൂറൽ സാനിട്ടേഷൻ സർവ്വേ നടത്തുന്നതിന് കേന്ദ്ര സർക്കാർ ഒരു സ്വതന്ത്ര ഏജൻസിയെ നിയമിക്കുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട ഇൻസെന്റീവ് അനുവദിക്കുകയും ചെയ്യുവരുന്നു. പ്രസ്തുത ഇൻസെന്റീവ് 100% വും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി അനുവദിക്കുന്നു.

കേന്ദ്ര സർക്കാർ അനുവദിക്കുന്ന പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ 95% തുക ഓരോ ഗ്രാമപഞ്ചായത്തിനും വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുകയും ബാക്കി 5% തുക ഭരണപരമായ കാര്യങ്ങൾക്ക് സംസ്ഥാന ശുചിത്വ മിഷനിൽ സൂക്ഷിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് നടത്തപ്പെട്ട നാഷണൽ റൂറൽ സാനിട്ടേഷൻ സർവ്വേയുടെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറായി സംസ്ഥാനത്തിന് ആകെ 59.36 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന തുക ചുവടെ ചേർക്കുന്ന പ്രകാരം വിനിയോഗിക്കാം

1) a. വെളിയിട വിസർജ്ജനവിമുക്ത മേഖല സുസ്ഥിരമായി നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ലൈഫ് ഭവന പദ്ധതിയിലെ ബി.പി.എൽ/ എസ്സ്.സി/ എസ്.റ്റി ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ് നിർമ്മിക്കുവാൻ (പെർഫോർമൻസ് ഇൻസെന്റീവ് തുകയുടെ പരമാവധി 30% വരെ വിനിയോഗിക്കാം)

b. റിട്രോഫിറ്റിംഗ് [നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ (BPL കുടുംബങ്ങൾക്ക് മാത്രം)] :

i. മലിനീകരണമുണ്ടാക്കുന്ന ഗാർഹിക കക്കൂസുകളുടെ കേടുപാടുകളുള്ള മാലിന്യ സംസ്കരണ ഭാഗം (ഡൈജസ്റ്റർ) അറ്റകുറ്റപ്പണികൾ നടത്തി/ സെപ്റ്റിക് ടാങ്ക് നിർമ്മിച്ച് സുരക്ഷിതമാക്കി ഉപയോഗപ്രദമാക്കുന്നതിന്

ii. ഒറ്റക്കുഴി മാത്രമുള്ള കക്കൂസുകളിൽ ഇരട്ടക്കുഴി കൂടി നിർമ്മിച്ച് സുരക്ഷിത കക്കൂസുകളാക്കുന്നതിന്

[i & ii] പ്രവൃത്തികൾക്ക് നിലവിലുള്ള ഗാർഹിക ടോയ് ലെറ്റിന്റെ യൂണിറ്റ് നിരക്കിന്റെ പരമാവധി 60% വരെ (15400 ന്റെ 60% = 9240/-, ഇതിൽ 5000/- രൂപ പെർഫോർമൻസ് ബേയ്സ്ഡ് ഇൻസെന്റീവ് ഗ്രാൻറ് തനതു

ഫണ്ടിൽ നിന്നും ബാക്കി ഗ്രാമപഞ്ചായത്തിന്റെ പ്ളാൻ / നോൺ റോഡ്വെയിൻറനൻസ് ഗ്രാൻറിൽ നിന്നും ബാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് /പ്ലാൻ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ ഓവർസീയർ വാല്യുവേഷൻ എടുത്ത് യഥാർഥ്യക മേൽപറഞ്ഞ ഇനങ്ങളിൽ നിന്നും ആനുപാതികമായി നൽകാവുന്നതാണ്.

തിരുവനന്തപുരം, 25.04.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളിലുൾപ്പെടുത്തിയതും പൂർത്തിയാകാത്തതുമായ ഭവനങ്ങളുടെ പൂർത്തീകരണത്തിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിക്കുന്നത് - സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/04/2018 ലെ തീരുമാനം നം. 2.22

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനു ലൈഫ് പദ്ധതിയിലുൾപ്പെടുത്തി തുക അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികളിലായി ഭവന നിർമ്മാണത്തിന് നല്കിയിട്ടുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്ക് 3 ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള ധനസഹായം ഈ തുകയുടെ എത്ര ശതമാനമാണെന്ന് കണക്കാക്കേണ്ടതാണ്.

2) ഇപ്പോഴത്തെ ലൈഫ് നിരക്കായ 4 ലക്ഷം രൂപയിൽ നിന്ന് ഈ അനുപാതത്തിന് തുല്യമായ തുക കുറച്ച് ബാക്കി തുക ഓരോ ഘട്ടത്തിന്റെയും നിർമ്മാണത്തിന് നൽകേണ്ടതാണ്.

3) പൂർത്തിയായ ഭവനങ്ങൾക്ക് വർദ്ധിപ്പിച്ച തുക നൽകാവുന്നതല്ല.

എൻ. വിശ്വനാഥൻ ആചാരി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,ലൈഫ് മിഷൻ

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ - ലൈഫ് മിഷൻ പദ്ധതിയുടെ വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1331 /2018/തസ്വഭവ തിരുവനന്തപുരം, തീയതി : 11/05/2018.

വായന:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ്ഡയറക്ടറുടെ 3/03/2018 ലെ 5183 D-2016- KSHO കത്ത്
2. സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റിയുടെ 05/03/2018 ലെ4.8 നമ്പർ തീരുമാനം.

ഉത്തരവ്

എറണാകുളം ജില്ലയിൽ 2014 മുതൽ കുടുംബശ്രീയുടെ 5 വനിതകൾ ചേർന്ന് ആരംഭിച്ച നിർമാണ യൂണിറ്റാണ് കുടുംബശ്രീ കൺസ്ട്രക്ഷൻസെന്നും ഈ യൂണിറ്റ് ധാരാളം ചെറിയ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ടെന്നും സർക്കാർ അംഗീകാരമില്ലാത്തതിനാൽ ഈ യൂണിറ്റിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർമാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുന്നില്ലെന്നും അതിനാൽ ഈ ഗ്രൂപ്പിനെ സർക്കാർ അംഗീകൃത മൈക്രോ കോൺട്രാക്ടിംഗ് ഗ്രൂപ്പായി അംഗീകരിച്ച് ടെണ്ടർ, ഏണസ്റ്റ് മണിഡെപ്പോസിറ്റ് തുടങ്ങിയ നടപടികളിൽനിന്ന് ഒഴിവാക്കണമെന്നും ഇതു കൂടാതെ നിർമാണ രംഗത്ത് പരിശീലനം കിട്ടിയ 64 കുടുംബശ്രീ കൺസ്ട്രക്ഷൻ യൂണിറ്റുകൾ, വിവിധ ജില്ലകളിലായി പ്രവർത്തനം നടത്തുന്നുണ്ടെന്നും ഈ യൂണിറ്റുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ നിർമാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന അക്രഡിറ്റഡ് ഏജൻസിയാക്കണമെന്നും കുടുംബശ്രീ ഏക്സിക്യൂട്ടീവ് ഡയറക്ടർ വായന(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 05/03/2018 ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ വീടുകളുടെ നിർമാണ പ്രവർത്തനങ്ങൽ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് വായന(2) ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു.

1. കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ലൈഫ് പദ്ധതിയുടെ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ പ്രവൃത്തികൾ ടെണ്ടർനടപടിക്രമങ്ങൾ കൂടാതെ ഏൽപ്പിക്കാവുന്നതാണ്. ഗുണഭോക്താക്കൾക്ക് നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ടോ ഇത്തരം നിർമാണ പ്രവർത്തനങ്ങൾ കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

2.ലൈഫ് മിഷൻ വഴി നിർമിക്കുന്ന വ്യക്തിഗത ഭവനങ്ങൾ നിർമിക്കുന്നതിനുള്ള അംഗീകൃത

ഏജൻസിയായി കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ചുമതലപ്പെടുത്താവുന്നതാണ്. താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് നേരിട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടെണ്ടർ നടപടിക്രമം കൂടാതെയോ ലൈഫ് മിഷന്റെ പുതിയ വീടുകളുടെ നിർമാണം കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ ഏൽപ്പിക്കാവുന്നതാണ്.

3.അർഹതയുള്ള കുടുംബശ്രീ കൺസ്ട്രക്ഷൻ ഗ്രൂപ്പുകളെ അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നതിനുള്ള ആവശ്യം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ധനവകുപ്പിന് നൽകേണ്ടതാണ്.

4. ഓരോഗ്രൂപ്പും ചുരുങ്ങിയത് 10 വീടുകളുടെ നിർമാണം നടത്തുന്നുണ്ടെന്ന് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
എക്സിക്യൂട്ടീവ്ഡയറക്ടർ, കുടുംബശ്രീ
തദ്ദേശ സ്വയംഭരണ (ഐ എ) വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. 182/ ഡി.ബി. 1/ 18/ തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, 23.05.2018.

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതി പ്രകാരം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് മേഖലാ വിഭജനം/ നിർബന്ധ വകയിരുത്തലിനുള്ള നിയന്ത്രണം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(എം എസ്) നം. 196/ 2017 തസ്വഭവ തീയതി 11/ 10/ 2017
2) വികേന്ദ്രീകൃതാ സൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 17/ 01/ 2018 ലെ 3.4ാം നം. തീരുമാനം.

സൂചന(1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതി പ്രകാരം പൂർത്തീയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് മതിയായ തുക എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വകയിരുത്തേണ്ടതാണ്. ലൈഫ് പദ്ധതിക്ക് തുക കണ്ടെത്തുന്നതിന് മേഖലാ വിഭജനം/നിർബന്ധ വകയിരുത്തലിനുള്ള നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്. ഇങ്ങനെ മേഖലാ വിഭജനം ഒഴിവാക്കി ലഭിക്കുന്ന തുക ലൈഫ് പദ്ധതിക്ക് മാത്രം ഉപയോഗിക്കേണ്ടതും ഇതിന് ആവശ്യമായ ക്രമീകരണം സുലേഖാ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതുമാണ്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറി മാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്തഡയറക്ടർ മുഖേന)
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം. ഡിബി1/374/2018/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം, 23.05.2018.

സർക്കുലർ

വിഷയം: തസ്വഭവ - ലൈഫ് മിഷൻ - ഗുണഭോക്തൃലിസ്റ്റ് - സംബന്ധിച്ച്

സൂചന: വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.5.2018 ലെ തീരുമാനം നം.3.9, 3.10

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.5.2018 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗ്രാമസഭ അംഗീകരിച്ച് അന്തിമമാക്കിയ ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ആരേയും ഒഴിവാക്കാൻ പാടില്ല.
2. അനർഹരായവരുണ്ടെങ്കിൽ അതിന്റെ വ്യക്തമായ കാരണം രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
3. ഉചിതമായ തീരുമാനം ഭരണ സമിതിക്ക് കൈക്കൊള്ളാവുന്നതാണ്.
4. ആവശ്യമെങ്കിൽ തീരുമാനമെടുക്കാൻ പ്രസ്തുത വിഷയം സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.
5. റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തേയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത്.

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ത.സ്വ.ഭ. (ഡിഎ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നമ്പർ:416/ഡി.ബി1/2018/ത.സ്വ.ഭ.വ

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം, തീയതി : 26/6/2018

സർക്കുലർ

വിഷയം : ലൈഫ് മിഷൻ പദ്ധതി - ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമാണം ഒന്നാം ഗഡു ധനസഹായ വിതരണം സംബന്ധിച്ച്

സൂചന: 1 സ.ഉ (എം.എസ്) നം. 151/2017/തസ്വഭവ തീയതി 31.07.2017
2. സ.ഉ (കൈ) നം. 34/2018/തസ്വഭവ തീയതി 16.03.2018
3. സർക്കുലർ നമ്പർ.ഡി.ബി 1/374/2018/തസ്വഭവ തീയതി 23.05.2018

സൂചന 1 പ്രകാരം ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ ഗ്രാമ/വാർഡ് സഭകൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുകയും, സൂചന 2 പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ആദ്യ ഗഡു സാമ്പത്തിക സഹായം വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ നൽകുകയുണ്ടായി. ആയതിനാൽ മേൽ മാനദണ്ഡങ്ങൾ പ്രകാരം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവന നിർമാണ അനുമതി പത്രം നൽകി ഭവന നിർമാണത്തിനുള്ള ആദ്യ ഗഡു സാമ്പത്തിക സഹായ വിതരണം ജൂലൈ 31 നകം പൂർത്തിയാക്കേണ്ടതും ഇതിന് ആവശ്യമായ സത്വര നടപടികൾ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഭൂമിയുള്ള ഭവന രഹിതരുടെ പ്രശ്നം പൂർണമായി പരിഹരിക്കാനാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരഹിത ഭവനരഹിതരുടെ ഭവന നിർമ്മാണം കൂടി ആരംഭിക്കുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. LIFE മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടമായി, ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനു സാമ്പത്തിക സഹായം അനുവദിക്കുന്നതിനും അതിന്റെ സമയ ബന്ധിതമായ പൂർത്തീകരണത്തിനും സൂചന 2-ൽ നിർദ്ദേശിക്കപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

2. ഗ്രാമ/വാർഡ് സഭകൾ പാസാക്കിയതും അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപന ഭരണസമിതികൾ അംഗീകാരം നൽകിയതുമായ ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള ഗുണഭോക്തൃ സംഗമം പൂർത്തിയാകാത്ത ഇടങ്ങളിൽ അവ ഉടൻ തന്നെ പൂർത്തിയാക്കേണ്ടതും പ്രസ്തുത

സംഗമത്തിൽ എത്തുന്ന ഗുണഭോക്താക്കളുടെ അർഹത ഉറപ്പ വരുത്തിക്കൊണ്ട് നിർവഹണ ഉദ്യോഗസ്ഥൻ ലൈഫ് മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഭവന നിർമാണ അനുമതി പത്രം നൽകേണ്ടതുമാണ്. നിർവഹണ ഉദ്യോഗസ്ഥൻ അർഹത സംബന്ധിച്ച് പരിശോധന പൂർത്തിയാക്കി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അനുമതി പത്രം നൽകേണ്ടത്.

3. LIFE മിഷൻ ഗുണഭോക്താക്കളിൽ, അനുമതിപത്രം ലഭിച്ചവർ ഭവന നിർമ്മാണ പെർമിറ്റ്, ധാരണാപത്രം, ബാങ്ക് പാസ്സ്ബുക്കിന്റെ കോപ്പി, ആധാർ കാർഡിന്റെ കോപ്പി എന്നിവ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥനെ സമീപിച്ച് കരാറിൽ ഏർപ്പെടുകയും ആദ്യഗഡു ധനസഹായം കൈപ്പറ്റുകയും ചെയ്യേണ്ടതാണ്.

4. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ലഭ്യമായ ഫണ്ടിൽ നിന്നാണ് ആദ്യ ഗഡു ധനസഹായം വിതരണം ചെയ്യേണ്ടത്. എല്ലാ പതിനഞ്ചു ദിവസം കൂടുമ്പോഴും മേൽ പ്രക്രിയകൾ പൂർത്തിയാക്കി ഒന്നാം ഗഡു ലഭിക്കുന്നതിന് അർഹത നേടിയ ഗുണഭോക്താക്കളുടെ ലിസ്റ്റും അതിനാവശ്യമായ തുകയുടെ വിവരവും നിർവ്വഹണഉദ്യോഗസ്ഥൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് കൈമാറേണ്ടതും സെക്രട്ടറി ആവശ്യമായ പരിശോധനകളും നടപടികളും പൂർത്തിയാക്കി, ആവശ്യമായ തുക നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ ലിസ്റ്റും മറ്റ വിവരങ്ങളും സമർപ്പിച്ച് ഏഴു ദിവസത്തിനകം ഈ നടപടികൾ പൂർത്തിയാക്കണം. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ എല്ലാ വിഭവ സ്രോതസുകളിൽ നിന്നും ഈ തുക പൂർണ്ണമായി കണ്ടെത്താനാകുന്നില്ലെങ്കിൽ അക്കാര്യം ഉചിതമായ നടപടി നിർദ്ദേശങ്ങൾക്കായി LIFE മിഷനെ അറിയിക്കേണ്ടതാണ്.

5. ഗുണഭോക്തൃ സംഗമത്തിൽ രേഖകൾ സമർപ്പിച്ച് അനുമതിപത്രം വാങ്ങിയ ഗുണഭോക്താക്കളിൽ ആദ്യഗഡു കൈപ്പറ്റാത്തവരുണ്ടെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അക്കാര്യം തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയെ രേഖാമൂലം അറിയിക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി ഈ ഗുണഭോക്താക്കളുടെ യോഗം വിളിച്ച് വ്യക്തിഗതമായ പരിശോധന നടത്തി ഇതിനുള്ള കാരണം (രേഖകൾ ലഭ്യമല്ലായ്മ, നിർമ്മാണപ്രവൃത്തി സ്വയം നടത്തിക്കാനുള്ള ആരോഗ്യക്കുറവ്, നിർമ്മാണ ഏജൻസി സഹായം വേണ്ടത് തുടങ്ങിയവ) വിലയിരുത്തി ആവശ്യമായ സംവിധാനങ്ങൾ ഉറപ്പാക്കി അതനുസരിച്ച് ആദ്യ ഗഡു ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ LIFE മിഷൻ ജില്ലാ കോർഡിനേറ്ററുടെ സഹായം തേടാവുന്നതാണ്.

6. 2018 ജൂലൈ 31നകം ഈ നടപടികളെല്ലാം പൂർത്തിയാക്കി ഒന്നാം ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദമായ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ

തയ്യാറാക്കി തദ്ദേശ സ്വയംഭരണസ്ഥാപന ഭരണസമിതിയുടെ അംഗീകാരത്തോടെ LIFE മിഷന് നൽകുകയും ആയത് മിഷന്റെ വെബ് സൈറ്റിൽ നിശ്ചിത ഫോർമാറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

ടി.കെ ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

To,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഉപ ഡയറക്ടർമാർക്കും

(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ല പഞ്ചായത്ത് സെക്രട്ടറിമാർക്കും

(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലാക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും

(ഗ്രാമവികസന കമ്മിഷണർ മുഖേന)

എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപറേഷൻ സെക്രട്ടറിമാർ / എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർ

(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ / ഓഫിസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി- പി.എം.എ.വൈ ഭവന പദ്ധതി പി.എം.എ.വൈ-ലൈഫ് മിഷൻ എന്ന പേരിൽ നടപ്പിലാക്കുന്നതിന് അനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1804/2018/തസ്വഭവ തിരുവനന്തപുരം, തീയതി,2/07/2018

പരാമർശം:- 1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12/4/18 ലെ 2.8 നമ്പർ തീരുമാനം.

2) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/05/18 ലെ 10172/എൽ/2016/കെ എസ് എച്ച് ഓ നമ്പർ കുറിപ്പ്

ഉത്തരവ്

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നഗരങ്ങളിൽ നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി സംയോജിച്ചാണ് സംസ്ഥാനത്ത് നടപ്പാക്കുന്നത്. പി.എം.എ.വൈ ഭവന പദ്ധതി, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായത്തോടൊപ്പം ലൈഫ് പദ്ധതിയിൽ നിന്നുള്ള വിഹിതം കൂടി ഉൾപ്പെടുത്തി യൂണിറ്റ് നിരക്ക് 4.ലക്ഷം രൂപയായി നിശ്ചയിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശത്തിലെ തീരുമാനപ്രകാരം നഗരങ്ങളിൽ നടപ്പുക്കുന്ന പി.എം.എ.വൈ ഭവന പദ്ധതി, പി.എം.എ.വൈ - ലൈഫ് മിഷൻ എന്ന പേരിൽ പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ് സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ്, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി എസ്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി യുടെ സി എ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗനവാടി ജീവനക്കാരെ ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളായി പരിഗണിക്കുന്നതിന്അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1948 /2018/ തസ്വഭവ തിരുവനന്തപുരം,തീയതി: 17- 07- 2018

പരാമർശം :-1) 30.05.2018 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ലൈഫ് എം.എച്ച്2/ 511/ 2017 നമ്പർ കുറിപ്പ്

2) ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.05.2018 ന് ചേർന്ന ലൈഫ് മിഷൻ പ്രത്യേക അവലോകന യോഗത്തിലെ തീരുമാനം നമ്പർ

ഉത്തരവ്

ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗനവാടി ജീവനക്കാരെ ഗുണഭോക്താക്കളായി പരിഗണിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ടി വിഷയം പരാമർശം (2)ലെ യോഗത്തിൽ ചർച്ച ചെയ്യുകയും, ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപെട്ട ഭൂമിയുള്ള ഭവന രഹിതരായ അംഗനവാടി ജീവനക്കാരുടെ വിഷയത്തിൽ, മറ്റ് തരത്തിൽ അർഹതയുള്ള പക്ഷം അവരെ ഗുണഭോക്താക്കളായി പരിഗണിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും പരാമർശം(1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.ഭൂമിയുള്ള ഭവന രഹിതർക്കായി തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഭവന രഹിതരായ അംഗനവാടി ജീവനക്കാരുടെ വിഷയത്തിൽ മറ്റ് തരത്തിൽ അർഹതയുള്ള പക്ഷം അവരെ ലൈഫ്

പദ്ധതിയിൽ ഗുണഭോക്താക്കാളായി പരിഗണിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസനകമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കൂടുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Local Self Government Department- LIFE Mission -Availing loan for an amount of Rs. 4,000 crore from HUDCO through KURDFC, as part of the Total Housing Programme of Government- sanction accorded -modified Orders issued.

.....

LOCAL SELF GOVERNMENT (DB) DEPARTMENT

G.O.(MS)No.100/2018/LSGD Thiruvananthapuram, Dated 30/07/2018.

.....

Read:- G.O(MS)No.68/2018/LSGD dated 18/05/2018

ORDER

Sanction was accorded for availing loan for an amount of Rs. 4,000 crore form HUDCO through KURDFC, as part of the Total Housing Programme of Government as per G.O read above. Government have examined the matter further and decided to modify the conditions in the G.O read above as follows.

1) The loan would be taken from HUDCO by KURDFC. KURDFC would pass on the loan to LSGIs as per the number of houses to be built in each LSGI. LSGD/LIFE Mission shall work out the details of loan to each LSGI.

2) Repayment of principal amount to HUDCO would be made by the LSGIs. For this, Government would deduct the required amount from the Development Grant of LSGIs and pay to HUDCO through KURDFC.

3) Payment of interest would be made from the Plan provision by the Government.

From 2019-2020 onwards, each year, State Planning Board should make appropriate provision to meet interest cost.

4) Guarantee for the loan will be provided by Government.The Guarantee Commission should be deducted from the devolution to LSGIs by Finance (SFC) Department, and paid to respective head of account, as in the case of the principal amount of the loan.

5) For LSGIs with a very high number of houses where repayment of principal would affect the fund availability of LSGI s,a proposal has to be submitted by LIFE Mission through LSGD for Government Grant. State Planning Board should make provision each year in the plan for meeting this extra burden of LSGs.

The Government Order read above stands modified to the above extent.

(By Order of the Governor)
T.K Jose
Additional Chief Secretary

To
The Chief Executive Officer, LIFE Mission.
The Member Secretary, State Planning Board, Kerala
The General Manager, HUDCO.
The Managing Director, KURDFC
The Director of Panchayaths Thiruvananthapuram
The Director of Urban Affairs, Thiruvananthapuram.
The Commissioner for Rural Development, Thiruvananthapuram.
The Principal Accountant General (Audit), Kerala,Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
Finance Department(Vide Remarks no.PU-B2/84/2018-LSGD dated7/7/2018 & no E 848997/Dev2/121/18Fin dated 23/06/2018)
The Executive Director, Information Kerala Mission, Thiruvananthapuram.
The Director, Kerala State Audit Department, Thiruvananthapuram.
The State Performance Audit Officer, Thiruvananthapuram

Forwarded / By Order
Section Officer

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണ പദ്ധതിക്ക് കുടുംബശ്രീ ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് ആറുമാസത്തേക്ക് മിക്സിംഗ് മെഷീൻ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2206/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 09/08/2018

പരാമർശം :- 08/07/2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പൊതുവിഷയങ്ങൾ തീരുമാനം 3.3.

ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഭവന നിർമ്മാണ പദ്ധതിക്ക് കുടുംബശ്രീ ആരംഭിക്കുന്ന ബ്രിക്സ് നിർമ്മാണ യൂണിറ്റുകൾക്ക് ഇപ്പോൾ മിക്സിംഗ് മെഷീൻ സ്വന്തമായി ഇല്ല. പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം യൂണിറ്റുകൾക്ക് ആറുമാസത്തേക്ക് മിക്സിംഗ് മെഷീൻ വാടകയ്ക്ക് എടുക്കുന്നതിനും വാടക തനത് ഫണ്ടിൽനിന്ന് ഉപയോഗിക്കുന്നതിനും തനത് ഫണ്ട് ഇല്ലായെങ്കിൽ വികസനഫണ്ടിൽ നിന്ന് ഉപയോഗിക്കുന്നതിനും അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കുടുംബശ്രീ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് നിരന്തരം ഉന്നയിക്കുന്ന സംശയങ്ങളിന്മേൽ സ്പഷ്ടീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 2251/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 16/08/2018

പരാമർശം:- 1.09.02.2017 ലെ സ ഉ (സാധാ).391/2017/തസ്വഭവ നമ്പർ ഉത്തരവ്.

2. 13.04.2018 ലെ ലൈഫ്/എൽ.എഫ്.2/511/2018 നമ്പർ സർക്കുലർ

3. 31.07.2017 ലെ സ.ഉ.(എം.എസ്.)151/2017/തസ്വഭവ നമ്പർ ഉത്തരവ്.

4. 23.02.2018-ലെ ലൈഫ് മിഷൻ സബ് കമ്മിറ്റിയുടെ XVII നമ്പർ തീരുമാനം

5. 20.07.2018 തീയതിയിലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എൽ.എഫ്.2/511/2017 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (5)ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ,ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ അർഹത, പദ്ധതി നിർവഹണം ഇവ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുവടെ ചേർക്കുന്ന സംശയങ്ങൾക്ക് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു

1. വാസയോഗ്യമല്ലാത്ത ഭവനങ്ങളുള്ള ഗുണഭോക്താക്കൾ നിലവിലെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട് വന്നിട്ടുണ്ട്. ഇവരെ ആനുകൂല്യം നൽകുന്നതിന് പരിഗണിക്കാമോ?

പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ലൈഫ് മിഷൻ - ഗുണഭോക്തൃ പരിശോധന മാർഗരേഖയിലെ പേജ് നമ്പർ 8 ലെ ഖണ്ഡിക 4 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്

2. ഭൂമിയുള്ള ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഗുണഭോക്താവ് അനുമതി പത്രം ലഭിക്കുന്നതിന് മുൻപായി വീട് നിർമ്മാണം ആരംഭിക്കുകയും ലിന്റൽ വരെ നിർമ്മാണം നടത്തുകയും ചെയ്ത വീടിന് പൂർണ്ണമായും ആനുകൂല്യം നൽകാമോ?

അംഗീകൃത ലൈഫ് ഗുണഭോക്താവ് അനുമതി പത്രം ലഭിക്കുന്നതിന് മുൻപായി ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കിയ വീടിന് പൂർണ്ണമായും ആനുകൂല്യം നൽകാവുന്നതാണ്. എന്നാലിതിന് പരാമർശം(2)-ലെ ഖണ്ഡിക 24 ൽ (പേജ് നം.10) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ ഗുണഭോക്തൃ പട്ടികയിൽ വന്നിട്ടുണ്ടെങ്കിൽ അവരെ ഗുണഭോക്താവായി പരിഗണിക്കാമോ?

പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ ആനുകൂല്യം നൽകുന്നതിന് പരിഗണിക്കാവുന്നതാണ്.

4. പ്ലാന്റേഷൻ തൊഴിലാളികൾ ഗുണഭോക്തൃ പട്ടികയിൽ വന്നിട്ടുണ്ടെങ്കിൽ അവരെ ഗുണഭോക്താവായി പരിഗണിക്കാമോ?

പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം, പ്ലാന്റേഷൻ തൊഴിലാളികളെ (പ്ലാന്റേഷൻ കോർപ്പറേഷനിൽ തൊഴിലെടുക്കുന്നവർ ഉൾപ്പെടെ) ആനുകൂല്യം നൽകുന്നതിന് പരിഗണിക്കാവുന്നതാണ്.

5. ഭൂമിയുടെ കൈവശ രേഖയോ പട്ടയമോ ഇല്ലാത്ത അവസരത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസമാണെന്നുള്ള വില്ലേജ് ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് നൽകാമോ?

ഭൂമിയുടെ കൈവശ രേഖയോ പട്ടയമോ ഇല്ലാത്ത അവസരത്തിൽ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിര താമസമാണെന്നുള്ള വില്ലേജ് ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന ഗുണഭോക്താക്കൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം ഭവന നിർമ്മാണ പെർമിറ്റ് അനുവദിക്കേണ്ടതാണ്. വില്ലേജ് ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രത്തിൽ വീട് നിർമ്മിക്കുന്ന സ്ഥലത്തിന്റെ സർവേ/റീ-സർവേ നമ്പർ കൃത്യമായും രേഖപ്പെടുത്തിയിരിക്കണം.

6. ആദിവാസി സെറ്റിൽമെന്റ് ഏരിയയിൽ താമസിക്കുന്ന പൊതുവിഭാഗത്തിൽ ഉള്ള നിരവധിപേർ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരാണെന്നുള്ള വില്ലേജ് ഓഫീസറുടെ/പഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകാമോ?

ആദിവാസി സെറ്റിൽമെന്റ് ഏരിയയിൽ താമസിക്കുന്ന ഇത്തരം ഗുണഭോക്താക്കൾക്ക് അവർ താമസിക്കുന്ന ഭൂമിയിൽ സ്ഥിരതാമസക്കാരാണെന്നുള്ള വില്ലേജ് ഓഫീസർ/പഞ്ചായത്ത് സെക്രട്ടറി/ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീട് അനുവദിക്കാവുന്നതാണ്. ഇവർ താമസിക്കുന്ന ഭൂമി ഫോറസ്റ്റ് ഏരിയയിൽ ആണെങ്കിൽ ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വീട് അനുവദിക്കാവുന്നതാണ് ഇത്തരം സന്ദർഭങ്ങളിൽ വസ്തുവിന്റെ ഉടമസ്ഥാവകാശം നോക്കാതെ കെട്ടിട നിർമ്മാണ അനുമതി നൽകാവുന്നതാണ്.

7. ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട ഒരു അംഗം മാത്രമുള്ള കുടുംബത്തിന് വീട് അനുവദിക്കാമോ?

പരാമർശം(4) പ്രകാരം ലൈഫ് ഗുണഭോക്തൃ പട്ടികയിലെ ഒറ്റയ്ക്ക് താമസിക്കുന്ന ഭൂമിയുള്ള ഭവന രഹിതർക്ക് വ്യക്തിഗത ഭവനങ്ങൾ അനുവദിക്കാവുന്നതാണ്

8. ഗുണഭോക്താവിന്റെ പേരിൽ വസ്തു ഇല്ലാതിരിക്കുകയും, ആയത് ഗുണഭോക്താവിന്റെ കുടുംബാംഗങ്ങളുടെ പേരിലാവുകയും (മാതാപിതാക്കൾ/മക്കൾ/സഹോദരന്മാർ) ചെയ്താൽ വീട് നിർമ്മാണത്തിന് ആനുകൂല്യം നൽകാമോ?

കുടുംബാംഗങ്ങളുടെ (മാതാപിതാക്കൾ/മക്കൾ/സഹോദരന്മാർ) സമ്മത

പത്രത്തിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്താവിന്റെ പേരിൽ ഭവനം അനുവദിക്കാവുന്നതാണ്. ഇതിനായി, ഗുണഭോക്താവും, വസ്തുവിന്റെ ഉടമയും, നിയമാനുസൃത സമ്മതപത്രം നൽകേണ്ടതാണ്. ആവശ്യമാകുന്ന പക്ഷം എം.ഐ.ഐസിൽ ഗുണഭോക്താവിന്റെ പേരിനോടൊപ്പം, വസ്തുവിന്റെ ഉടമയെയും കൂട്ടിചേർക്കാവുന്നതാണ്.

9. വീട് വെയ്ക്കുന്നതിന് ഏറ്റവും കുറഞ്ഞ ഭൂമിയുടെ അളവ് എത്ര?

ഏറ്റവും കുറഞ്ഞ അളവ് നിശ്ചയിച്ചിട്ടില്ല. എന്നാൽ ലൈഫ് നിശ്ചയിച്ചിരിക്കുന്ന സ്പെസിഫിക്കേഷൻ പാലിച്ച് ഭവനം നിർമ്മിക്കുന്നതിനും KPBR/KMBR അനുശാസിക്കുന്നതുമായ ഉറപ്പായ സ്ഥലം ലഭ്യമാക്കാൻ കഴിയുന്ന സ്ഥലത്ത് നിർമ്മാണം അനുവദിക്കാവുന്നതാണ്.

10. സമ്മതപത്രം സമർപ്പിച്ചിട്ടും, കെട്ടിട നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കണം?

സമ്മതപത്രം സമർപ്പിച്ചിട്ടും, 60 ദിവസത്തിനകം നിർമ്മാണ പ്രവർത്തനം ആരംഭിച്ച്, ആദ്യ ഗഡു തുക വാങ്ങാൻ വരാത്ത ഗുണഭോക്താവിനെ, നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് കണ്ട് കാരണം മനസ്സിലാക്കേണ്ടതാണ്. പ്രായോഗിക തടസങ്ങൾ ഉണ്ടെങ്കിൽ ആയത്, പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരികയും ഭരണ സമിതി ഇടപെട്ട് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മറ്റ് കാരണങ്ങളാൽ/താല്പര്യമില്ലാത്തത് കൊണ്ടാണ് ഭവന നിർമ്മാണം ആരംഭിക്കാത്തത് എന്ന് മനസിലാക്കിയാൽ, ടിയാനെ പട്ടികയിൽ നിന്നും, താൽക്കാലികമായി മാറ്റേണ്ടതും മേൽ വിവരം ഗുണഭോക്താവിനെ ധരിപ്പിക്കേണ്ടതുമാണ്.

11. കെട്ടിട നിർമ്മാണത്തിന്റെ അളവ് നിശ്ചിത പരിധിയിൽ കൂടുതൽ ആയാൽ എന്ത് ചെയ്യണം?

സ.ഉ.(കൈ)നം.34/2018 തീയതി 16/03/2018 ഖണ്ഡിക 7 പ്രകാരം ലൈഫ് മിഷൻ നൽകിയിട്ടുള്ള 400 ചതുരശ്രയടിയിൽ അധികരിക്കാത്ത ടൈപ്പ് ഡിസൈനുകളിൽ ഒന്ന് തിരഞ്ഞെടുത്ത് അതു പ്രകാരമാണ് ഗുണഭോക്താവ് വീട് നിർമ്മിക്കേണ്ടത്. ഏതെങ്കിലും കാരണവശാൽ ഗുണഭോക്താവിനുള്ള ഭൂമിയിൽ നൽകിയിട്ടുള്ള ടൈപ്പ് ഡിസൈനുകളൊന്നും ഉചിതമല്ലെങ്കിൽ മറ്റൊരു ഡിസൈൻ തയ്യാറാക്കാവുന്നതാണ്. അപ്പോഴും തറ വിസ്തീർണ്ണം നിശ്ചിത പരിധി അധികരിക്കാൻ പാടില്ല. അത് ഉറപ്പാക്കിയേ ബിൽഡിംഗ് പെർമിറ്റ് കൊടുക്കാവൂ

12. CRZ പരിധിയിൽ വരുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നത് എങ്ങനെ?

CRZ പരിധിയിൽ വരുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ ക്യാമ്പ് സംഘടിപ്പിച്ച്, ബോധവൽക്കരണം നടത്തി ഒരുമിച്ച് ശേഖരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അപേക്ഷയും, KCZMA ക്ക് നൽകുന്നതിനുള്ള പ്രത്യേക അപേക്ഷയും തയ്യാറാക്കുന്നതിനായി, ക്യാമ്പുകളിൽ കെട്ടിട നിർമ്മാണ ലൈസൻസികളുടെ സേവനം തേടേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമാകുന്ന മുഴുവൻ അപേക്ഷകളും കൂട്ടമറ്റതാണ് എന്ന് ഉറപ്പ് വരുത്തി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ FORWARDING LETTER സഹിതം KCZMA സംസ്ഥാന ഓഫീസിലേക്ക്/ജില്ലാ തല കമ്മിറ്റിയിലേക്ക് അയച്ച് കൊടുക്കേണ്ടതാണ്. നിലവിൽ ജില്ലാ തലത്തിൽ സമിതിയുടെ യോഗം ചേരുന്നുണ്ട്

സമിതി കൂടുന്നതിന് കാലതാമസം ഉണ്ടാകുന്ന പക്ഷം, തദ്ദേശ സ്വയംഭരണ അധ്യക്ഷൻ ജില്ലാ കളക്ടറെ സമീപിച്ച് വിഷയം ബോധ്യപ്പെടുത്തി. വേഗത്തിൽ സമിതി കൂടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. NOC/CLEARANCE ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ അനുമതി ഗുണഭോക്താവിന് ലഭ്യമാക്കേണ്ടതാണ്.

13. വ്യക്തിപരമായി കെട്ടിട നിർമ്മാണം നടത്താൻ കഴിയാത്ത ഗുണഭോക്താവിന്റെ ഭവന നിർമ്മാണം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റെടുത്ത് നടപ്പിലാക്കാമോ?

സ.ഉ.(കൈ)നം.34/2018/തസ്വഭവ തീയതി.16/03/2018 ഖണ്ഡിക 9(B) പ്രകാരം ഇത്തരം സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുന്ന ഏജൻസി/കരാറുകാരനെ കെട്ടിട നിർമ്മാണ ചുമതല നൽകാവുന്നതാണ്. ഇത്തരം സാഹചര്യങ്ങളിൽ യാതൊരു കാരണവശാലും / തറ വിസ്തീർണ്ണം 400 ചത്രശ്രയടിയിൽ കുറയാൻ പാടില്ല. എസ്റ്റിമേറ്റ് നിരക്ക് അല്ലെങ്കിൽ യൂണിറ്റ് കോസ്റ്റ് ഏതാണോ കുറവ്, ആ തുകയ്ക്കോ അതിന് താഴെയുള്ള തുകയ്ക്കോ ഭവന നിർമ്മാണത്തിന് തയ്യാറുള്ള എജസികൾക്കും കരാറുകാർക്കും ഗുണഭോക്താക്കളുടെ സമ്മതത്തോടെ ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ തന്നെ നിർമ്മാണ ചുമതല ഏൽപ്പിച്ച് നൽകാവുന്നതാണ്. തുക 4 ഗഡുക്കളായി ഏജൻസിക്ക്/കരാറുകാരന് നൽകാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയറുടെ ക്ഷമത സർട്ടിഫിക്കറ്റ്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് വാങ്ങിയതിന് ശേഷം മാത്രമേ അവസാന ഗഡു തുക നൽകാൻ പാടുള്ളൂ. പണി തൃപ്തികരമായി പൂർത്തീകരിക്കാത്ത പക്ഷം, ആയതിന്റെ ഉത്തരവാദിത്വം/നഷ്ടോത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആയിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും [illegible] മുഖേന
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം

കൂടുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

നം. 9662/എൻ/2017/കെഎസ്എച്ച്ഒ

13.09.2018

സർക്കുലർ

വിഷയം: സംസ്ഥാന ദാരിദ്ര്യ നിർമ്മാർമ്മാർജ്ജന മിഷൻ - പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) പിഎംഎവൈ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താവ് മരണപ്പെട്ടാൽ ചെയ്യേണ്ട നടപടികൾ - സംബന്ധിച്ച്.

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി താങ്കളുടെ നഗരസഭയിൽ നടപ്പിലാക്കിവരികയാണല്ലോ. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ ആരെങ്കിലും ഭവന നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായോ പൂർത്തീകരിക്കുന്നതിന് മുൻപായോ മരണപ്പെടുന്ന പക്ഷം തുടർന്ന് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1) മരണപ്പെട്ട ഗുണഭോക്താവിന്റെയും അനന്തരാവകാശിയുടെയും വിവരങ്ങൾ പിഎംഎവൈ എംഐഎസിൽ ഓരോ സർവ്വേ റിക്കാർഡിൽ ഉള്ള പക്ഷം നിലവിലെ ഗുണഭോക്താവിന്റെ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശിയാണെന്ന് സാക്ഷ്യപത്രം ഒന്നിലധികം അവകാശികൾ ഉള്ള പക്ഷം മറ്റ് അവകാശികളുടെ നിരാക്ഷേപപത്രം എന്നിവ നഗരസഭയിൽ സ്വീകരിച്ച് ബോധ്യപ്പെടുന്ന പക്ഷം തുടർ ഗഡുക്കൾ അനന്തരാവകാശിക്ക് നൽകാവുന്നതാണ്. ആയത് സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയെ (എസ്എൽഎൻഎ) യെ അറിയിക്കേണ്ടതാണ്.

2) മരണപ്പെട്ട ഗുണഭോക്താവിന്റെ വിവരങ്ങളും അനന്തരാവകാശിയുടെ വിവരങ്ങളും വ്യത്യസ്ത സർവ്വേ റിക്കോഡുകളിൽ ഉള്ള പക്ഷം നിബന്ധന (1) ൽ സൂചിപ്പിക്കുന്ന രേഖകളോടൊപ്പം ഗുണഭോക്താവിന്റെയും അനന്തരാവകാശിയുടെയും സർവ്വേ കോഡുകളും അനന്തരാവകാശിയുടെ ആധാർ വിവരങ്ങളും എംഐഎസിൽ മാറ്റം വരുത്തുന്നതിനുള്ള കേന്ദ്രസർക്കാർ അനുമതിക്കായി എസ്എൽഎൻഎയിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരം സാഹചര്യങ്ങളിൽ നഗരസഭയ്ക്ക് തുടർ ഗഡുക്കൾ നൽകാവുന്നതും തുടർന്ന് ടി വിവരം എസ്എൽഎൻഎ യെ അറിയിക്കേണ്ടതുമാണ്.

3) അനന്തരാവകാശിയുടെ വിവരങ്ങൾ എംഐഎസിൽ ഇല്ലാത്ത പക്ഷം എംഐഎസിൽ വിവരങ്ങൾ ഉൾപ്പെടുത്തിയ ശേഷം നിബന്ധന (2) പ്രകാരം പ്രവർത്തിക്കേണ്ടതാണ്.

TRIDA Building, Medical College PO, Thiruvananthapuram 695011
T. 0471 255 4714, 255 4715 (0) F. 0471 255 4717
info@kudumbashree.org www.kudumbashree.org

4) അനന്തരാവകാശികൾ ഇല്ലാത്ത സാഹചര്യത്തിൽ ടി വിവരം സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയെ അറിയിക്കേണ്ടതും തുടർന്ന് നടപടിക്രമം പാലിച്ച് ഒഴിവാക്കുന്നതുമാണ്.

5) ഗുണഭോക്താവ് മാറുന്ന പക്ഷം അനന്തരാവകാശികളുമായി കരാർ വയ്ക്കേണ്ടതുമാണ്.

ഡയറക്ടർ (എ&എഫ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കു വേണ്ടി
കുടുംബശ്രീ

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

പകർപ്പ്

1. എല്ലാ സിറ്റിലെവൽ ടെക്നിക്കൽ സെല്ലിലെ ഉദ്യോഗസ്ഥർക്കും
2. കരുതൽ/അധികം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -ലൈഫ് മിഷൻ പദ്ധതി-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം. 137/2018/ത.സ്വ.ഭ.വ **തിരുവനന്തപുരം, തീയതി, 24/09/2018**

പരാമർശം: 1. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 02.08.2018-ലെ 260/ഇ.ജി.എസ്.സി./17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 01.09.2018-ലെ ലൈഫ് എൽ.എഫ് 2/622/2018 നമ്പർ കത്ത്

ഉത്തരവ്

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം നിർമ്മിച്ച നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ ലൈഫ് മിഷൻ ആവിഷ്കരിച്ചിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷം ലൈഫ് മിഷൻ ലക്ഷ്യമിടുന്ന 1,63,000 വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ഒരു വീടിന് 1400 കട്ടകൾ എന്ന കണക്കിൽ 20 കോടി കട്ടകളാണ് ആവശ്യമായി വരിക. കൂടാതെ കട്ടിളകൾ, ജാളികൾ മുതലായ മറ്റ് ഭവനനിർമ്മാണ സാമഗ്രികളും ആവശ്യമായി വരുന്നതാണ്. ഈ സാഹചര്യത്തിൽ അധികമായി കട്ടകൾ, മറ്റ് ഭവനനിർമ്മാണ സാമഗ്രികൾ എന്നിവ ലഭ്യമാക്കിയാൽ മാത്രമെ വീടുകൾ മുഴുവൻ പൂർത്തീകരിക്കാനാകൂ. ഇതിന് നിലവിലുള്ള വിവിധ പദ്ധതികളുമായി സംയോജിച്ച്, ഭവനനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച്, കെട്ടിട നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടിയിരിക്കുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭിപ്രായവും ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലൈഫ് മിഷൻ പദ്ധതിയ്ക്കായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവന നിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ തുടങ്ങുന്നത് സംബന്ധിച്ച് അനുബന്ധമായി ചേർത്തിട്ടുള്ള മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മിനിമോൾ അബ്രഹാം
അഡീഷണൽ സെക്രട്ടറി

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ ജില്ലാ കലക്ടർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ/ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.03.28 10:29:33 IST
Reason: Approved
സെക്ഷൻ ഓഫീസർ

ലൈഫ് മിഷൻ പദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ

ലൈഫ് മിഷൻ പദ്ധതിക്കായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും കുടുംബശ്രീയും സംയോജിപ്പിച്ച് ഭവനനിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച്, കെട്ടിട നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ടുള്ള ഭവനനിർമ്മാണ സാമഗ്രി യൂണിറ്റുകൾ

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് ഭവനനിർമ്മാണ സാമഗ്രികളുടെ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിച്ച് സൗജന്യമായി ലഭ്യമാക്കുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. ആയത് നടപ്പിലാക്കുന്നതിലൂടെ ദരിദ്രരായ ഭവനരഹിതർക്ക് അധികധനസഹായം ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

ഇത് പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തുന്നതിന് തൊഴിലുറപ്പ് പദ്ധതിയോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൻറെ കൂട്ടിച്ചേർക്കലും ആവശ്യമാണ്. കൂടാതെ ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം/ബോധവൽക്കരണം നൽകേണ്ടതായുണ്ട്. പ്രസ്തുത സംരംഭം വിജയകരമായി നടപ്പിലാക്കുന്നതിനായി പ്രവർത്തനങ്ങളെ അഞ്ച് ഘടകങ്ങളായി വേർതിരിക്കുന്നു.

1) ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കൽ
2) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അടിസ്ഥാനസൗകര്യം ഒരുക്കലും യൂണിറ്റ് സ്ഥാപിക്കലും
3) പരിശീലനം
4) സാധനസാമഗ്രികളുടെ വാങ്ങൽ/ യൂണിറ്റുകളുടെ പ്രവർത്തനം
5) മോണിറ്ററിംഗ്/ വിലയിരുത്തൽ

1) പ്രോജക്ട് തയ്യാറാക്കലും അടിസ്ഥാന സൗകര്യമൊരുക്കലും

ആദ്യഘട്ടത്തിൽ ഓരോ ബ്ലോക്കിലും ഒരു നിർമ്മാണ യൂണിറ്റ് എങ്കിലും സ്ഥാപിച്ച് നിർമ്മാണം ആരംഭിക്കേണ്ടതാണ്. അയതിനാവശ്യമായ തുക താഴെ പറയും പ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നും കണ്ടെത്താവുന്നതാണ്. പ്രോജക്ട് തയ്യാറാക്കേണ്ടതിൻറെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ക്രമ നം.	അടിസ്ഥാന സൗകര്യം	നിർവ്വഹണ ഉദ്യോഗസ്ഥൻ	സാമ്പത്തിക സ്രോതസ്സ്	റിമാർക്ക്
1	Work shed and water tank	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്	വികസന ഫണ്ട്/തനത് ഫണ്ട്	നിലവിൽ യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിന് വർക്ക് ഷെഡ് ഉള്ള സ്ഥലങ്ങളിൽ വാട്ടർ ടാങ്ക് മാത്രം മതിയാകും
2	(A) Hydraulic Machine cum vibrator (B) Die set (സ്സെസിഫിക്കേഷൻ	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്	വികസന ഫണ്ട്/തനത് ഫണ്ട്	

	പ്രാദേശിക തലത്തിൽ തീരുമാനിക്കാവുന്നതാണ്)			
	(C) Mixer Machine -3Hp(1 bag)			
	(D)2 Nos trolley			
3	(A) Electrification in building	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്	വികസന ഫണ്ട്/തനത് ഫണ്ട്	
	(B) For additional cost for Electric post/Deposit amount to KSEB			
4	(A) Well construction	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	വികസന ഫണ്ട്/തനത് ഫണ്ട്	
	(B)Pump set	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്		
5	Identity card, Glouse, Mask, Uniform	സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്	വികസന ഫണ്ട്/തനത് ഫണ്ട്	

സാങ്കേതിക കാര്യങ്ങളിൽ MGNREGS എഞ്ചിനീയറുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

a) 2018-19-ലെ പദ്ധതി ഭേദഗതി ചെയ്ത് അഞ്ച് ഘടകങ്ങളായി ഉൾക്കൊള്ളിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വനിതാ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയാണ് പ്രവൃത്തിചെയ്യുന്നതെങ്കിൽ പ്രോജക്ടിനാവശ്യമായ തുക വനിതാഘടക പദ്ധതിയിൽ വകയിരുത്താവുന്നതാണ്.

b) ഓരോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട വരുന്ന ഒരു ഗ്രാമപഞ്ചായത്തിൽ എങ്കിലും നിർമ്മാണ സാമഗ്രി യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിക്കേണ്ടതാണ്. ഇത്തരത്തിൽ യൂണിറ്റുകൾ ആരംഭിക്കുന്നു എന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. യൂണിറ്റുകൾ ആരംഭിക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തി സംയുക്തമായോ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നേരിട്ടോ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇത്തരത്തിൽ ആരംഭിക്കുന്ന യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള തുകയാണ് ബ്ലോക്ക് പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടത്. നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാധന/വേതന ചെലവുകൾ യൂണിറ്റ് സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയിലെ ചെലവുകളിൽ നിന്നും വഹിക്കേണ്ടതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന യൂണിറ്റുകളിൽ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികൾ ബ്ലോക്ക് പരിധിയിൽ ഉൾപ്പെട്ട വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കാവുന്നതാണ്. ബ്ലോക്ക് പരിധിയിൽ ആരംഭിക്കുന്ന യൂണിറ്റുകളുടെ മേൽനോട്ട/ഏകോപന ചുമതല ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിക്കേണ്ടതാണ്.

c) സ്വന്തമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ഥലം ഇല്ലാതിരിക്കുകയും ലഭ്യമായ സ്ഥലം ഇതിലേക്ക് അഭികാമ്യമല്ലാത്ത അവസരത്തിലും ജില്ലാ പഞ്ചായത്തിന്റെയോ, വകുപ്പുകളുടെയോ കൈവശമുള്ള സ്ഥലത്ത് ബന്ധപ്പെട്ടവരുടെ അനുമതിയോടെ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഈ സ്ഥലത്തിൻറെ ഉടമസ്ഥാവകാശം ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതില്ല.

d) ലൈഫ് പദ്ധതിക്കായി നിർബന്ധമായും നീക്കിവെക്കേണ്ട 20% ൽ ഉപരിയായ തുകയാണ് തദ്ദേശ ഭരണ സ്ഥാപനം ഈ പദ്ധതിക്കായി നീക്കി വെക്കേണ്ടത്.

2) പരിശീലനം

a) നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർമാർക്ക് കില/ നിർമ്മിതികേന്ദ്രം മുഖേന പരിശീലനം നൽകേണ്ടതാണ്.

b) ജനപ്രതിനിധികൾക്ക് കില മുഖേന പരിശീലനം നൽകാവുന്നതാണ്.

c) തൊഴിലാളികൾക്ക് നിർമ്മിതികേന്ദ്രം മുഖേനയോ അക്രഡിറ്റഡ് ഏജൻസികൾ മുഖേനയോ സാങ്കേതിക പരിശീലനം നൽകേണ്ടതാണ്.

d) ടെയിനിംഗ് ഫീസ് ഇനത്തിൽ പരിശീലനം നൽകുന്ന യൂണിറ്റിന് ദിവസം 1000 രൂപ നിരക്കിൽ 2 ദിവസത്തേക്ക് 2000 രൂപ അനുവദിക്കാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾക്ക് പരമാവധി 2 ദിവസത്തെ പരിശീലനം നൽകേണ്ടതും ഒരു ദിവസത്തേക്ക് 300 രൂപ നിരക്കിൽ സ്റ്റൈപെൻറ് നൽകാവുന്നതുമാണ്. ഇതിലേക്കാവശ്യമായി വരുന്ന തുക തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്. ജില്ലയിൽ എവിടെയെങ്കിലും സർക്കാർ തലത്തിൽ നിർമ്മാണ സാമഗ്രി യൂണിറ്റ് പ്രവർത്തിക്കുന്ന പക്ഷം തൊഴിലാളികൾക്കുള്ള പരിശീലനം സൗജന്യമായി അവിടെനിന്നും ലഭ്യമാക്കേണ്ടതാണ്.

e) ലഭ്യമായ തൊഴിലാളികളെ ഉൾക്കൊള്ളിച്ച് ഗ്രൂപ്പുകൾ രൂപീകരിച്ച് 100 ദിവസവും തൊഴിൽ നൽകുന്നതിന് കഴിയുന്നതാണ്.

f) തൊഴിലുറപ്പ് പദ്ധതിയിൽ ഒരു തൊഴിലാളിക്ക് വർഷത്തിൽ 100 ദിവസത്തെ തൊഴിൽ മാത്രമേ ലഭിക്കൂ എന്നതിനാൽ നിർമ്മാണ സാമഗ്രി യൂണിറ്റ് വർഷം മുഴുവൻ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായത്ര തൊഴിലാളികളെ പരിശീലിപ്പിച്ച് വിന്യസിക്കേണ്ടതാണ്.

3) സാധനസാമഗ്രികളുടെ വാങ്ങൽ

ഭവനനിർമ്മാണത്തിന് ആവശ്യമായി വരുന്ന കട്ട, കട്ടിള, ജാലി തുടങ്ങിയ നിർമ്മാണസാമഗ്രികൾ ഉല്പാദിപ്പിക്കുവാൻ വേണ്ടിവരുന്ന അസംസ്കൃത വസ്തുക്കളായ സിമൻറ്, പാറപ്പൊടി മറ്റ് സാധനസാമഗ്രികൾ തുടങ്ങിയവ വാങ്ങുന്നതിന് ചുവടെപ്പറയുന്ന ഭേദഗതികളോടെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പ്രൊക്യൂർമെൻറ് ചട്ടങ്ങൾ *(സ.ഉ.(കൈ)നം.93/2012.ത.സ്വ.ഭ.വ തീയതി 31.03.2012)* ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ബാധകമാക്കേണ്ടതാണ്. എന്നാൽ കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന /പ്രവർത്തിപ്പിക്കുന്ന യൂണിറ്റുകൾക്കും ഇത് ബാധകമായിരിക്കുന്നതാണ്.

a) വേതന-സാധന അനുപാതം 60:40 എന്നത് ജില്ലാ തലത്തിൽ പാലിച്ചാൽ മതിയാകുന്നതാണ്.

b) ഗ്രാമപഞ്ചായത്ത് തല പ്രൊക്യൂർമെൻറ് കമ്മിറ്റി മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് തയ്യാറുള്ള ഏജൻസികളെയും അവർ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള നിരക്കുകളും ടെണ്ടർ നടപടിയിലൂടെ കണ്ടെത്തി എംപാനൽ ചെയ്യേണ്ടതാണ്. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന ഏജൻസിക്കും നിരക്കിനും ഒരു വർഷത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

c) പ്രൊക്യൂർമെൻറ് കമ്മിറ്റി യഥാസമയം ചേർന്ന് ഇക്കാര്യത്തിൽ ആവശ്യമായനടപടികൾ സ്വീകരിക്കേണ്ടതാണ് .

d) ഒരുവർഷത്തേക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികളുടെ ആവശ്യകത കണക്കാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ എംപാനൽ ചെയ്യുന്ന ഏജൻസികളുമായി തദ്ദേശസ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതും നിശ്ചിത അളവിലും നിരക്കിലും സാധനസാമഗ്രികൾ ലഭ്യമാകും എന്ന് ഉറപ്പാക്കേണ്ടതുമാണ്.

e) ഇപ്രകാരം ഗ്രാമപഞ്ചായത്തുതല പ്രൊക്യൂർമെൻറ് കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കുപ്രകാരം എംപാനൽഡ് ഏജൻസികളിൽ നിന്നും നിർമ്മാണ സാമഗ്രി യൂണിറ്റുകൾക്ക് നിശ്ചിത കാലയളവിലേയ്ക്ക് ആവശ്യമായ സാധനം എത്രയെന്ന് കണക്കാക്കി ഗ്രാമപഞ്ചായത്ത് അക്രഡിറ്റഡ് എഞ്ചിനീയർ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണസാമഗ്രി യൂണിറ്റുകൾ ആവശ്യമായ സാധനം നേരിട്ട് സപ്ലൈ ചെയ്യിക്കാവുന്നതും ആയതിൻറെ ബില്ല് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോദ്ധ്യപ്പെട്ട് പ്രസ്തുത ഇക എജൻസികൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ ഫണ്ടിൽ നിന്നും നിയമാനുസൃതം നൽകേണ്ടതുമാണ്.

f) സാധനസാമഗ്രികളുടെ സംഭരണം സംബന്ധിച്ച് അതതു യൂണിറ്റുകൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. സാധനസാമഗ്രികൾ സ്റ്റോക്ക് ചെയ്തുകഴിഞ്ഞ് ഗ്രാമപഞ്ചായത്തിലെ അക്രഡിറ്റഡ് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

g) നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ മഹാത്മഗാന്ധി എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളെ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പിലാക്കേണ്ടത്. പ്രസ്തുത ഗ്രാമപഞ്ചായത്തിൽ

ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണസാമഗ്രികൾ ബ്ലോക്ക് പരിധിയിലെ എല്ലാ ഗുണഭോക്താക്കൾക്കും തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സൗജന്യമായി നൽകേണ്ടതാണ്. എന്നാൽ 'handling charge' ഇനത്തിൽ പഞ്ചായത്ത് നിശ്ചയിക്കുന്ന തുക ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്നതാണ്. ഇത് ഒരു കട്ടയ്ക്ക് 10 രൂപ എന്ന നിരക്കിൽ നിന്നും അധികരിക്കാൻ പാടില്ലാത്തതാണ്. ഇത്തരത്തിൽ ഈടാക്കുന്ന തുക യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വിനിയോഗിക്കാവുന്നതാണ്.

h) ഓരോ ഗ്രാമപഞ്ചായത്തിലേയും അർഹരായ ഗുണഭോക്താക്കൾക്ക് അർഹമായ അളവിൽ സൗജന്യമായി നിർമ്മാണ സാമഗ്രികൾ പ്രസ്തുത യൂണിറ്റിൽ നിന്നും ലഭ്യമാകുന്നുവെന്ന് അതത് ഗ്രാമപഞ്ചായത്തുകൾ ഉറപ്പുവരുത്തേണ്ടതാണ്.

i) യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായി വരുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവ മുൻകൂറായി വാങ്ങിയിരിക്കേണ്ടതാണ്. ആയതിന് ആവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

4) മോണിറ്ററിംഗ്/ വിലയിരുത്തൽ

നിർമ്മാണ സാമഗ്രി യൂണിറ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിലേക്കായി നാല് തലങ്ങളിലുള്ള മോണിറ്ററിംഗ് സംവിധാനം അനിവാര്യമാണ്.

a) ഗ്രാമപഞ്ചായത്ത് തലം

ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് ചുമതല വില്ലേജ് എക്സ് ടൻഷൻ ഓഫീസർ, അസിസ്റ്റൻറ് സെക്രട്ടറി എന്നിവർ നിർവ്വഹിക്കേണ്ടതാണ്. ഇതിൻറെ മേൽനോട്ട ചുമതല ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, ഗ്രാമപഞ്ചായത്ത് വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയ്ക്കായിരിക്കും. നിർമ്മാണയൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓരോ മാസത്തെയും ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ സെക്രട്ടറി അവതരിപ്പിക്കേണ്ടതാണ്. അവതരിപ്പിച്ച റിപ്പോർട്ടിൻറെ പകർപ്പ് ബി.പി.ഒയ്ക്ക് അയച്ചു നൽകേണ്ടതാണ്.

b) ബ്ലോക്ക് തലം

ബ്ലോക്ക് തലത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമായും സുതാര്യമായും നടപ്പിലാക്കുന്നതിനും നിർവ്വഹണ പുരോഗതിയും വെല്ലുവിളികളും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുമായി ജനറൽ എക്സ് ടൻഷൻ ഓഫീസർ/ എക്സ് ടൻഷൻ ഓഫീസർ (വനിതാ ക്ഷേമം)/ ജോയിൻറ് ബി.ഡി.ഒ (എംപ്ലോയ്മെൻറ് ഗ്യാരണ്ടി സ്കീം) എന്നിവരുടെ സേവനം വിനിയോഗിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതി ഇതിന് മേൽനോട്ടം വഹിക്കേണ്ടതാണ്.

c) ജില്ലാതലം

ലൈഫ് മിഷൻ മറ്റ് പദ്ധതികളുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിനായി രൂപീകരിച്ച ജില്ലാതല സമിതി (ജില്ലാ കളക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് ജോയിൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ലൈഫ് മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ) ജില്ലാതല പ്രവർത്തനങ്ങൾ അവലോകനം നടത്തുകയും പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

d) സംസ്ഥാനതലം

ലൈഫ് മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നി മിഷനുകളുടെ പ്രതിനിധികളടങ്ങുന്ന ഒരു പൊതുസമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്.

II അനുബന്ധ നിർദ്ദേശങ്ങൾ

I) നിർമ്മാണ യൂണിറ്റിൻറെ പ്രവർത്തനത്തിന് പരിശീലനം ലഭിച്ച തൊഴിൽ കാർഡ് ഉള്ള തൊഴിലാളികളെ ചുമതലപ്പെടുത്താവുന്നതും ഇവർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും വേതനം നൽകാവുന്നതുമാണ്. വേതനം കണക്കാക്കുന്നതും മറ്റ് നടപടിക്രമങ്ങൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിൻറെ പട്ടിക-I, ഖണ്ഡിക 5 പ്രകാരം അർഹരായ ഗുണഭോക്താക്കൾക്കാണ് ലൈഫ് മിഷൻ - MGNREGS സംയോജനത്തിൻറെ ഭാഗമായി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികൾ നൽകേണ്ടത്. നിർമ്മാണ സാമഗ്രികൾ ഗുണഭോക്താവിന് സൗജന്യമായി ലഭിക്കുന്നത് സംബന്ധിച്ച വിവരം ഗുണഭോക്താവിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

2.എ) നിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കുന്ന സ്ഥലത്ത് നിന്നും വീട് പണി നടത്തുന്ന സ്ഥലത്തേക്ക് എത്തിക്കുന്നതിനുള്ള ചെലവ് ഗുണഭോക്താവ് വഹിക്കേണ്ടതാണ്.

3) ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ സാമഗ്രികളായ കട്ട, കട്ടില, ജനൽ ഫ്രെയിം, ജാളി ഇടങ്ങിയവ നിർമ്മിച്ച് നൽകാവുന്നതാണ്.

4) നിർമ്മാണ സാമഗ്രി യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിൻറെ ബ്ലോക്ക്തല ഏകോപനം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ നിർവ്വഹിക്കേണ്ടതാണ്.

5) ഓരോ മാസവും ആവശ്യമായി വരാനിടയുള്ള ഭവനനിർമ്മാണ സാമഗ്രികളുടെ എണ്ണം മുൻകൂറായി കണക്കാക്കി ആ വിവരം നിർമ്മാണ യൂണിറ്റുകളെ ഗ്രാമപഞ്ചായത്ത് അസിസ്റ്റൻറ് സെക്രട്ടറിമാർ അറിയിക്കേണ്ടതാണ്.

6) ആവശ്യമുള്ള നിർമ്മാണ സാമഗ്രികളുടെ എണ്ണത്തിന് അനുസൃതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

7) മെറ്റൽ, സിമൻറ്, മണൽ തുടങ്ങിയവയുടെ Inventory Book അതത് ഭവനനിർമ്മാണ സാമഗ്രി നിർമ്മാണ യൂണിറ്റുകൾ നിർബന്ധമായി സൂക്ഷിക്കേണ്ടതും മേൽപ്പറഞ്ഞ നിർമ്മാണ വസ്തുക്കൾ യൂണിറ്റുകളിൽ ലഭ്യമാകുമ്പോൾ ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

8) ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിച്ചശേഷം, നിർമ്മിച്ച ഭവനനിർമ്മാണ സാമഗ്രികളുടെ എണ്ണം, ആയതിൽ ഉപയോഗിക്കുവാൻ സാധിക്കുന്നതും ഉപയോഗിക്കുവാൻ സാധിക്കാത്തതുമായവയുടെ എണ്ണം എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ആയത് ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമപഞ്ചായത്തിലെ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് അക്രഡിറ്റഡ് എഞ്ചിനീയറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

9) നിർമ്മിക്കപ്പെടുന്ന ഭവനനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, ബലം എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പാടുള്ളൂ. ഇതിനായി പ്രദേശത്തുള്ള ഏതെങ്കിലും സാങ്കേതിക സ്ഥാപനം/ലൈഫ് മിഷൻ അക്രഡിറ്റ് ചെയ്തിട്ടുള്ള Third Party Technical Agency യുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

10) ഓരോ ഗുണഭോക്താവിനും നൽകുന്ന സാധനസാമഗ്രികളുടെ കണക്ക് കൃത്യമായി സൂക്ഷിക്കേണ്ടതും ആയത് അവരുടെ ലൈഫ് ഗുണഭോക്തൃ കാർഡിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനുള്ള മാതൃക അനുബന്ധമായി ചേർക്കുന്നു.

11) തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഭവനനിർമ്മാണ സാമഗ്രികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വരുന്ന നിർമ്മാണ ചെലവുകൾക്കും യൂണിറ്റിൻറെ നടത്തിപ്പിനായി വേണ്ടിവരുന്ന ആവർത്തനചെലവുകളും (വൈദ്യുതി ചാർജ്ജ്, വാടക, അറ്റകുറ്റപ്പണികൾക്കാവശ്യമായ ചെലവ് മുതലായവ) വികസന പദ്ധതിയിൽ നിന്നോ തനത്ഫണ്ട് വകയിരുത്തിയോ നിർമ്മാണയൂണിറ്റ് പ്രവർത്തിക്കുന്ന പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

12) നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള നിർമ്മാണ യൂണിറ്റുകളിലെ ഉൽപാദനത്തിൽ വർദ്ധനവ് വരുത്തുന്നതിലേക്കായി ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ അടക്കമുള്ള മുഴുവൻ പ്രവർത്തനങ്ങൾക്കുമായി മേൽ പരാമർശിച്ച രീതിയിൽ പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

III കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്ന ഭവനനിർമ്മാണ സാമഗ്രി യൂണിറ്റുകൾ

1) കുടുംബശ്രീ മുഖേന ആരംഭിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകളുടെ ചുമതല/നടത്തിപ്പ് എന്നിവ പരിശീലനം ലഭിച്ച കുടുംബശ്രീ യൂണിറ്റുകൾക്ക് ആയിരിക്കും. ഇതിനാവശ്യമായി വരുന്ന പരിശീലനം അതത് കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഖേന നൽകേണ്ടതാണ്.

2) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ കുടുംബശ്രീയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ആയിരിക്കണം രൂപീകരിക്കേണ്ടത്. ഇവർ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടവരാണെന്നും കൂടാതെ തൊഴിൽ കാർഡ് ഉള്ളവരാണെന്നും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്.

3) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾക്ക്, സിമൻറ് ബ്രിക്കുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം യൂണിറ്റുകൾ കണ്ടെത്തേണ്ടതാണ്. അല്ലാത്തപക്ഷം അനുയോജ്യമായ സ്ഥലം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുവദിച്ച് നൽകേണ്ടതാണ്. പഞ്ചായത്ത് രൂപീകരിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, യന്ത്രസാമഗ്രികൾ വാങ്ങുന്നതിൻറെ ചെലവ് തുടങ്ങിയവ തദ്ദേശസ്വയംഭരണ സ്ഥാപനമോ അതത് കുടുംബശ്രീ യൂണിറ്റുകളോ വഹിക്കേണ്ടതാണ്. ഇങ്ങനെ രൂപീകരിക്കുന്ന യൂണിറ്റുകളിലെ യന്ത്ര സാമഗ്രികളുടെ ഉടമസ്ഥാവകാശം യഥാക്രമം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ/ അതത് കുടുംബശ്രീ യൂണിറ്റുകൾക്കോ ആയിരിക്കുന്നതാണ്.

3(a) ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ്, കുടുംബശ്രീ മൈക്രോ സംരംഭം എന്ന നിലയിൽ കുടുംബശ്രീയുടെ മുതൽമുടക്കിൽ ആരംഭിക്കുന്ന അവസരത്തിൽ കട്ട ഒന്നിന് ഹാൻഡ്‌ലിംഗ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്ന 10/- രൂപ പ്രകാരമുള്ള തുക, കുടുംബശ്രീ മൈക്രോ സംരംഭത്തിന്റെ വരുമാനമായി കണക്കാക്കാവുന്നതാണ്.

4) ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് തലത്തിൽ കുടുംബശ്രീ രൂപീകരിക്കുന്ന യൂണിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫ് പദ്ധതിയിലേയ്ക്ക് സേവനം നൽകുന്ന കാലയളവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിയമങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കേണ്ടതാണ്.

5) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ നിർമ്മിക്കുന്ന നിർമ്മാണ സാമഗ്രികൾ, ലൈഫ് ഗുണഭോക്താക്കൾക്ക് നിലവിലെ തൊഴിലുറപ്പ് പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നൽകേണ്ടതും ഹാൻഡ്‌ലിംഗ് ഇനത്തിൽ കട്ട ഒന്നിന് 10/-രൂപ ഈടാക്കാവുന്നതുമാണ്. ഇത്തരത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും അർഹമായ കൂലിയും ഒപ്പം അസംസ്കൃതവസ്തുക്കളും നൽകേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താണ്. കൂടാതെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ആവർത്തനചെലവുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

6) കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ ജി.എസ്.ടി.രജിസ്ട്രേഷൻ എടുക്കേണ്ടതും ടിൻ നമ്പർ ഉള്ള ഏജൻസിയായി മാറേണ്ടതുമാണ്. പ്രസ്തുത മൈക്രോ എന്റർപ്രൈസുകൾ തുടങ്ങുന്ന സ്ഥലങ്ങളിൽ സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ നടപടിക്രമങ്ങൾക്ക് വിധേയമായി അതാത് പഞ്ചായത്തിലെ സി.ഡി.എസ്- നെ വെണ്ടർ ആയി പഞ്ചായത്തിൽ തെരഞ്ഞെടുക്കുകയും കൂടാതെ, കേന്ദ്ര സർക്കാരിൽ നിന്നും മെറ്റീരിയൽ ഫണ്ട് ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസം കണക്കിലെടുത്ത് സാധന സാമഗ്രികൾ വാങ്ങുന്നതിലേക്കായി കുടുംബശ്രീ മൈക്രോ എന്റർപ്രൈസുകൾക്ക് റിവോൾവിംഗ് ഫണ്ടായി പരമാവധി 3 ലക്ഷം രൂപ വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ടിൽ നിന്നും കുടുംബശ്രീ മിഷനോ/യൂണിറ്റിനോ അനുവദിച്ച് നൽകാവുന്നതാണ്.

7) കുടുംബശ്രീ യൂണിറ്റുകൾ ആരംഭിക്കുന്ന/പ്രവർത്തിപ്പിക്കുന്ന യൂണിറ്റുകൾക്കും 31/3/2012-ലെ സ.ഉ(കൈ)നം.93/2012/ത.സ്വ.ഭ.വ., 13/8/2018-ലെ സ.ഉ(കൈ)നം.110/2018/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് പ്രൊക്യൂർമെന്റ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്.

8) നിർമ്മിക്കപ്പെടുന്ന ഭവനനിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം, ബലം എന്നിവയുടെ പരിശോധന പ്രദേശത്തുള്ള ഏതെങ്കിലും സാങ്കേതിക സ്ഥാപനം/ലൈഫ് മിഷൻ അക്രഡിറ്റ് ചെയ്തിട്ടുള്ള Third Party Technical Agency മുഖേന നടത്തേണ്ടതാണ്. ഗുണനിലവാരം ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ പാടുള്ളൂ.

9) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്ന സിമൻറ് ബ്രിക്കുകൾ ഗുണനിലവാരം, നിർമ്മിക്കുന്ന സിമൻറ് കട്ടകളുടെ എണ്ണം ഇവ കൃത്യമായി രേഖപ്പെടുത്തി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ഇങ്ങനെ സാക്ഷ്യപ്പെടുത്തിയശേഷമാണ് നിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടത്.

10) കുടുംബശ്രീ മുഖേന രൂപീകരിക്കുന്ന ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റ് അംഗങ്ങൾക്ക് ഐഡൻറിറ്റി കാർഡ്, യൂണിഫോം, ഹെൽമറ്റ്, ഗ്ലൗസ്, മാസ്ക് മുതലായവ, നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കേണ്ടത് അതത് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ആയിരിക്കും.

11) കുടുംബശ്രീ ബിൽഡിംഗ് മെറ്റീരിയൽ പ്രൊഡക്ഷൻ യൂണിറ്റുകൾ ബ്ലോക്ക് പഞ്ചായത്തിൻറെ നിർദ്ദേശാനുസരണം ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കാതിരിക്കുകയോ യൂണിറ്റ് പ്രവർത്തിപ്പിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം ആയത് അടിയന്തിരമായി അതത് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കുകയും കുടുംബശ്രീ ജില്ലാമിഷൻ ഇടപെട്ട് പ്രശ്നപരിഹാരം നടത്തേണ്ടതുമാണ്. പ്രശ്നപരിഹാരം ഇല്ലാത്തപക്ഷം യൂണിറ്റ് പിരിച്ചുവിട്ടശേഷം പുതുതായി അംഗങ്ങളെ കണ്ടെത്തി യൂണിറ്റിൻറെ പ്രവർത്തനങ്ങൾ പുനരാരംഭിക്കേണ്ടതാണ്.

12) വാണിജ്യാടിസ്ഥാനത്തിൽ നിർമ്മാണ സാമഗ്രികൾ വിൽക്കാൻ ഉദ്ദേശിക്കുന്നപക്ഷം മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസിൻറെ ഫണ്ട് (വേതനമായോ, മെറ്റീരിയൽ ഘടകമായോ) ഉപയോഗിക്കാൻ പാടുള്ളതല്ല.

*** **** ***

അനുബന്ധം - 1

ലൈഫ് ഗുണഭോക്തൃ കാർഡിൽ വരുത്തേണ്ട രേഖപ്പെടുത്തൽ

ലൈഫ് മിഷൻ

ശ്രീമതി ..... ന്റെ ഭവന നിർമ്മാണത്തിനായി ..... എണ്ണം സോളിഡ് ബ്ലോക്കും. .....
എണ്ണം വാതിൽ കട്ടിളകളും ..... എണ്ണം ജനൽ കട്ടിളകളും ..... എണ്ണം ജാളികളും മഹാത്മാഗാന്ധി
ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.

ഒപ്പ്
ഗുണഭോക്താവിൻറെ പേര്

ഒപ്പ്
ഗ്രാമപഞ്ചായത്ത് അസി. സെക്രട്ടറി

ഒപ്പ്
സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണവകുപ്പ് - ലൈഫ് ഭവന പദ്ധതി - പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണം - നിർവ്വഹണ ഉദ്യോഗസ്ഥർക്ക് യാത്രാചെലവ് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

തദ്ദേശ സ്വയംഭരണ (ഡി.ഇ)വകുപ്പ്

സ.ഉ(സാധാ)നം.2512/2018/തസ്വഭവ **തിരുവനന്തപുരം, തീയതി, 26.09.2018**

==========

പരാമർശം: 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31.01.2018 തീയതിയിലെ ലൈഫ്/പി.എം1/511/2018 നമ്പർ കുറിപ്പ്

2) പഞ്ചായത്ത് ഡയറക്ടറുടെ 05.03.2018 തീയതിയിലെ ജെ.2-25053/16 നമ്പർ കുറിപ്പ്

3) നഗരകാര്യ ഡയറക്ടറുടെ 16/03/2018 തീയതിയിലെ ഡി.സി4-19890/2017 നമ്പർ കുറിപ്പ്

4) ഗ്രാമവികസന കമ്മീഷണറുടെ 19.03.2018 തീയതിയിലെ 8977/എച്ച് & ടി 5/2016/ സിആർഡി നമ്പർ കുറിപ്പ്

ഉത്തരവ്

ലൈഫ് പദ്ധതി പ്രകാരം സംസ്ഥാനത്തെ പൂർത്തീകരിയ്ക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം കൈവരിക്കുന്നതിന്റെ ഭാഗമായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് ഭവന പൂർത്തികരണ പുരോഗതി വിലയിരുത്തുന്നതിനായി ലൈഫ് പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക്, വകുപ്പുകളുടെ ഫണ്ടിൽനിന്നോ ഇക അനുവദിക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2. ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും യാത്രാചെലവ് അനുവദിച്ച നൽകാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടറും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ തനത് ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ഇക അതാതു ബ്ലോക്ക് പഞ്ചായത്തുകളുടെ തീരുമാന പ്രകാരം ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും മാറി നൽകുന്നതിന് തടസ്സമില്ലായെന്ന് പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണറും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനായി ഓരോ ഗുണഭോക്താവിന്റെയും ഭവനങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക്, താഴെപ്പറയുന്ന പരിധിക്കുവിധേയമായി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ

.ന്നും യാത്രാചെലവ് അനുവദിച്ചു നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു..

ക്രമ നം.	വീടുകളുടെ എണ്ണം	അനുവദിക്കാവുന്ന വാഹന വാടക
1	1 മുതൽ 50 വരെ വീടുകൾ	1500/- രൂപ
2	51 മുതൽ 100 വരെ വീടുകൾ	3000/- രൂപ
3	101 മുതൽ 150 വരെ വീടുകൾ	4500/- രൂപ
4	151 മുതൽ200 വരെ വീടുകൾ	6000/- രൂപ
5	201 ന് മുകളിൽ വീടുകൾ	.7500/- രൂപ

വാഹന വാടക അനുവദിക്കുമ്പോൾ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ഇതിൽ
2. അനുവദനീയ തുക നൽകാവുന്നതാണ്. Trip Sheet തയ്യാറാക്കുന്നതിന് നിലവിലുള്ള മാനദണ്ഡം (Rate per KM)പാലിക്കേണ്ടതാണ്.
3. പഞ്ചായത്ത്/നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽവാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.
4. വാഹനം വാടകയ്ക്ക് എടുത്ത സാഹചര്യങ്ങളിൽ സാധൂകരണം ലഭ്യമാക്കിയാൽ മതിയാകുന്നതാണ്.
5. മുൻകാല പ്രാബല്യം ഇതിലേയ്ക്കായി അനുവദിക്കാവുന്നതാണ്.
6. പരമാവധി 6 മാസത്തേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ് സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽചീഫ് സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം - വസ്തു ബാങ്കുകളിൽ പണയപ്പെടുത്തിയിട്ടുള്ള ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വീട് അനുവദിക്കുന്നത്- കരാറിലേർപ്പെടുന്നതിനുള്ള അനുവാദം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ(സാധാ)നം.2544/2018/തസ്വഭവ **തിരുവനന്തപുരം, തീയതി, 01.10.2018**

പരാമർശം: ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 07.09.2018 തീയതിയിലെ ലൈഫ്/എൽ.എഫ്.2/511/2018 നമ്പർ കുറിപ്പ്.

ഉത്തരവ്

ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലുള്ളവരുടെ പരിശോധന നടത്തി അർഹരായവർക്ക് ആദ്യ ഗഡു തുക നൽകി വരുന്നുണ്ട്. എന്നാൽ ചില ഗുണഭോക്താക്കൾ വസ്തു ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സാഹചര്യമുണ്ടെന്നും മറ്റ് തരത്തിൽ അർഹരാണെങ്കിൽ ഇങ്ങനെയുള്ള ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകണമെന്ന് ആവശ്യം ഉയർന്ന് വന്നിട്ടുണ്ടെന്നും ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്ന വീടും അതിനാവശ്യമായ ഭൂമിയും 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാതിരിക്കുന്നതിന്, കരാർ വെയ്ക്കുന്നതിന് പകരം ഗുണഭോക്താവിന്റെ സമ്മതപത്രം വാങ്ങിക്കൊണ്ട്, ഭൂമി രജിസ്ട്രേഷനുള്ള സോഫ്റ്റ് വെയറിൽ പ്രസ്തുത ഭൂമിയുടെ കൈമാറ്റം ഇലക്ട്രോണിക് ആയി തടയുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും എന്നാൽ വസ്തു പണയത്തിലുള്ള കേസുകളിൽ, ഭൂമി കൈമാറ്റം ചെയ്യുന്നത് ഇലക്ട്രോണിക് ആയി തടയാൻ സാധിക്കാത്തതിനാൽ ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലെ അർഹരായവരിൽ ആരുടെയെങ്കിലും വസ്തു ബാങ്കിൽ പണയത്തിലാണ് എങ്കിൽ അത്തരം കേസുകൾ പരിശോധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പരാമർശ കുറിപ്പ് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്തൃ പട്ടികയിലെ അർഹരായവരിൽ ആരുടെയെങ്കിലും വസ്തു ബാങ്കിൽ പണയത്തിലാണ് എങ്കിൽ അത്തരം കേസുകൾ പ്രത്യേകമായി പരിഗണിച്ച് ചുവടെ പറയും പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗുണഭോക്താവുമായി കരാറിൽ ഏർപ്പെടുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. ഇവരുടെ ഭൂമി കൈമാറ്റം ചെയ്യാതിരിക്കുന്നതിന്, കരാർ പത്രം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതില്ല/സോഫ്റ്റ് വെയറിൽ ഇലക്ട്രോണിക് ആയി തടയേണ്ടതില്ല.

2. വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് പണയത്തിലുള്ള പ്രമാണം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കൈമാറും എന്ന് വ്യവസ്ഥപ്പെടുത്തി, ഗുണഭോക്താവും ബാങ്കും, തദ്ദേശസ്വയംഭരണ സ്ഥാപനവുമായി കരാറിൽ (200 രൂപ മുദ്രപത്രത്തിൽ) ഏർപ്പെടേണ്ടതാണ്. ഏതെങ്കിലും ധനകാര്യ സ്ഥാപനം കരാർ ഒപ്പ് വെയ്ക്കാൻ വിസമ്മതിക്കുന്ന പക്ഷം, പ്രമാണം ധനകാര്യ സ്ഥാപനത്തിന്റെ കൈവശം ഉണ്ട് എന്ന സ്ഥാപനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ, പ്രമാണം ധനകാര്യ സ്ഥാപനത്തിൽ നിന്നും തിരികെ ലഭിക്കുമ്പോൾ, തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന് കൈമാറാമെന്നുള്ള ഗ്രണഭോക്താവിന്റെ സത്യവാങ്മൂലം മതിയാകുന്നതാണ്. പ്രമാണം 12 വർഷത്തേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർസംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികളിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കുള്ള പുനരധിവാസം - ദുരന്തബാധിതർക്ക് സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ)നം. **527/ 2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **05/ 10/2018**

പരാമർശം:- 1. സ.ഉ(എം.എസ്)നം. 7/ 2018/ഡി.എം.ഡി. തീയതി 21.06.2018.
2. സ.ഉ(എം.എസ്)നം. 18/ 2018/ഡി.എം.ഡി. തീയതി 03.09.2018.

ഉത്തരവ്

2018-ലെ പ്രളയക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്ത് നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിരുന്നു. പൂർണ്ണമായും തകർന്നതോ (fully damaged), വാസയോഗ്യം അല്ലാതായതോ (severely damaged - greater than 75%) ആയ ഒരു വീടിന്, ദുരന്ത ബാധിതർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മൊത്തമായി നാല് ലക്ഷം രൂപ ആശ്വാസ ധനസഹായം പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

2) പ്രളയക്കെടുതിയുടെ ഭാഗമായി നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് വിവരശേഖരണം നടത്തി ബന്ധപ്പെട്ട ജില്ലാകലക്ടർമാർക്ക് വിവരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ലഭ്യമായിട്ടുള്ള ജില്ലകളിൽ വീട് നഷ്ടപ്പെട്ട ദുരന്ത ബാധിതരിൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി ഉള്ളവരും സ്വന്തമായി വീട് വയ്ക്കാൻ സന്നദ്ധരായിട്ടുള്ളതുമായ ആളുകൾക്ക്, പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ചിരുന്ന ആശ്വാസ ധനസഹായമായ നാല് ലക്ഷം രൂപ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

3) ഇപ്രകാരം വാസയോഗ്യമായ സ്വന്തം ഭൂമിയിൽ വീട് വയ്ക്കുന്നതിന് സ്വയം സന്നദ്ധരാകുന്നവർക്ക്, സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷത്തിന് ഉപരിയായ തുക ചെലവാകുന്നപക്ഷം, പ്രസ്തുത തുക ഗുണഭോക്താവ് തന്നെ വഹിക്കേണ്ടതാണ്. അതോടൊപ്പം വീട് വയ്ക്കുന്നതിനുള്ള സ്ഥലം, ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശം, വൻതോതിൽ പ്രളയം ബാധിച്ച ശേഷം വാസയോഗ്യമല്ലാതായ ഭൂമി എന്നിവയല്ല എന്ന് ജില്ലാകലക്ടർമാർ ആവശ്യമെങ്കിൽ വിദഗ്ധ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. സ്വന്തം സ്ഥലത്ത് സ്വന്തമായി വീട് നിർമ്മിക്കുന്നതിന് സന്നദ്ധരായ ഗുണഭോക്താക്കളിൽ നിന്ന് ജില്ലാകളക്ടർമാർ നിശ്ചിത മാതൃകയിലുള്ളതും ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ളതുമായ രീതിയിലുള്ള അപേക്ഷാ ഫോറം/ സമ്മതപത്രം ഗുണഭോക്താവിൽ നിന്നും വാങ്ങേണ്ടതാണ്.

4) പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരമുള്ള തുക ഗുണഭോക്താക്കളിൽ നിന്നുള്ള നിശ്ചിത അപേക്ഷ ലഭിക്കുന്ന മുറയ്ക്ക്, വീട് നിർമ്മാണത്തിനായി അനുവദിക്കേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള തുകയുടെ 50%, വീട് നിർമ്മാണത്തിന്റെ 25% പൂർത്തീകരിക്കുമ്പോഴും ശേഷിക്കുന്ന 50%, വീട് നിർമ്മാണത്തിന്റെ 75% പൂർത്തീകരിച്ചശേഷവും അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
പി.എച്ച് കൃഷ്ണൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ (സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അനുബന്ധം

സമ്മതപത്രം

2018-ലെ പ്രളയക്കെടുതികളുടെ ഭാഗമായി വീട് നഷ്ടപ്പെട്ട ---------- ജില്ലയിലെ ---------- താലൂക്കിലെ ---------- വില്ലേജിലെ ---------- എന്ന സ്ഥലത്തെ ----------വിലാസത്തിൽ സ്ഥിര താമസക്കാരനായ ----------(പേര്) എന്ന ഞാൻ ---------- ജില്ലാകളക്ടർ മുമ്പാകെ സമർപ്പിക്കുന്ന സമ്മതപത്രം.

പ്രളയക്കെടുതികളുടെ ഭാഗമായി എന്റെ വാസഗൃഹം നഷ്ടപ്പെട്ടു. എനിക്ക് വാസയോഗ്യമായ ഭൂമി ഉണ്ട്. പ്രസ്തുത ഭൂമിയിൽ ഞാൻ നേരിട്ട് വീട് നിർമ്മിക്കുന്നതിന് ആഗ്രഹിക്കുന്നു. ആയതിന് 21/06/2018-ലെ സ.ഉ(കൈ)നം.7/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച ദുരിതാശ്വാസ സഹായമായ നാല് ലക്ഷം രൂപ അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. വീട് വയ്ക്കുന്നതിന് പ്രസ്തുത തുകയായ നാല് ലക്ഷത്തിൽ അധികരിക്കുന്ന തുക ഞാൻ സ്വയം വഹിക്കുന്നതാണെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

കേരള സർക്കാർ

നം.667/ഡി.ബി.1/2018/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 07.11.2018

സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - നവകേരളം കർമ്മ പദ്ധതി - ലൈഫ് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

2018 ജൂലൈ 30-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ലൈഫ് മിഷന്റെ സംസ്ഥാന മിഷൻ സമിതി യോഗത്തിന്റെ നടപടി കുറിപ്പിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ്/സ്ഥാപന തലത്തിൽ ലൈഫ് മിഷന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർക്കാർ ധനസഹായം കൈപ്പറ്റുകയും വീട് പൂർത്തീകരിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ഭവനങ്ങളിൽ ഫീൽഡിൽ കണ്ടെത്താനാകാതെ പോയിട്ടുള്ള പതിനൊന്നായിരത്തിൽപ്പരമുള്ള ഗുണഭോക്താക്കളെക്കുറിച്ച് പരിശോധന ഉണ്ടാകണം. ഇവരിൽ അനർഹരായവർ സർക്കാർ ധനസഹായം കൈപ്പറ്റിയിട്ടുള്ളവയോ, ലഭിച്ച ധനസഹായം വീട് നിർമ്മാണത്തിനല്ലാതെ ധൂർത്തടിക്കപ്പെട്ടിട്ടുള്ളവയോ ഉണ്ടെങ്കിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്. പൂർത്തിയാകാത്ത വീട് പൂർത്തീയാക്കാൻ ലൈഫ് മിഷൻ ഒന്നാം ഘട്ട പദ്ധതിയുടെ കീഴിൽ വീണ്ടും ഒരു ഗഡുകൂടി ധനസഹായം വാങ്ങുകയും, അതിനുശേഷവും നാളിതുവരെ വീടുപണി പുന:രാരംഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ കാര്യം കൂടുതൽ ഗൗരവപൂർവ്വം തന്നെ കാണേണ്ടതുണ്ട്. ഇത്തരത്തിൽ നിരുത്തരവാദ പൂർണ്ണമായ സമീപനം എടുത്തിട്ടുള്ളവരിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാനും മേലിൽ ഒരു സർക്കാർ ഭവനവത്ക്കരണ പദ്ധതിയിലും അവരെ പരിഗണിക്കാതിരിക്കാനുമുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതാണ്.

2. അതേ സമയം, അവസാന ഘട്ടത്തിലെത്തിയിട്ടുള്ള ഭവന പൂർത്തീകരണ പദ്ധതിയിൽ, വീടുനിർമ്മാണം മുന്നോട്ടു കൊണ്ടുപോകുന്നതിന് ധനവിഭവത്തിന് ഉപരിയായ കൈത്താങ്ങ് ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുള്ള ഏകദേശം 2500 കുടുംബങ്ങളുടെ പ്രശ്ന പരിഹാരത്തിന് ജനകീയ ഇടപെടൽ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

3. ഭൂമിയുള്ള ഭവനരഹിതരുടെ ലൈഫ് ഗുണഭോക്തൃപ്പട്ടികയിൽ റേഷൻകാർഡ് ഇല്ല എന്ന ഏക കാരണം കൊണ്ട് ഒഴിവാകുന്ന എന്ന റിപ്പോർട്ട് ചെയ്യുന്നവരുടെ പട്ടിക സിവിൽ സപ്ലൈസ് വകുപ്പ് ശേഖരിച്ചിട്ടുള്ള ഒരു റേഷൻ കാർഡിലും പേരില്ലാത്തവരുടെ പട്ടികയുമായി താരതമ്യപ്പെടുത്തി അവരുടെ അർഹത ഉറപ്പാക്കുകയും അങ്ങനെ അർഹത ഉറപ്പാകുന്നവർക്ക് ധനസഹായം നൽകുകയും ചെയ്യാവുന്നതാണ്.

4. എല്ലാ അണുകുടുംബങ്ങൾക്കും വീട് നൽകുന്നതിനുള്ള ധനലഭ്യത സംസ്ഥാനത്തിനില്ലാത്തതിനാൽ, ഗുണഭോക്താവിന് റേഷൻകാർഡ് ഉണ്ടായിരിക്കുകയും അതിൽ

ഉൾപ്പെട്ട മറ്റൊരാൾക്ക് വീടുണ്ടായിരിക്കുകയും ചെയ്യുന്ന എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളെ ഭവന നിർമ്മാണ ധനസഹായത്തിനു പരിഗണിക്കേണ്ടതില്ല.

5. സ്വന്തമായി ഭൂമിയില്ലാത്തവരെ ലൈഫ് മിഷന്റെ രണ്ടാംഘട്ട പ്രവർത്തനത്തിൽ പരിഗണിക്കേണ്ടതില്ല. എന്നാൽ ഭൂമി സ്വന്തമല്ലെങ്കിലും, അവിടെ വീടുവച്ചു താമസിക്കാൻ ദീർഘകാല നിയമാനുസൃതമായി നൽകിയിട്ടുള്ള അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃപട്ടികയിലുള്ള ലൈഫ് മിഷൻ ഗുണഭോക്താവിന് കെട്ടിട നിർമ്മാണ അനുമതി (building permit) നൽകാവുന്നതാണ്.

6. ഓല, ഷീറ്റ്, പലക തുടങ്ങിയ ദുർബ്ബല വസ്തുക്കൾ കൊണ്ട് പകുതിയിലേറെ ഭാഗവും നിർമ്മിച്ച വാസയോഗ്യമല്ലാത്ത വീടു മാത്രമുള്ളവരെയാണ് ഭവനരഹിതരായി പരിഗണിക്കേണ്ടത്. ലൈഫ് മിഷൻ ലക്ഷ്യമാക്കുന്ന നിർധന വിഭാഗങ്ങളുടെ മേൽപ്പറഞ്ഞ വിധമുള്ളവയല്ലാത്തവ എങ്കിലും വാസയോഗ്യമല്ലാത്ത വീടുകളുടെ കാര്യത്തിൽ ആവശ്യമായ പുനരുദ്ധാരണപ്പണികൾ എന്തെന്നും അതിനുള്ള ചെലവും സാങ്കേതികമായി വിലയിരുത്തേണ്ടതാണ്. ഇതിനായി ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട, വാസയോഗ്യമല്ലാത്ത വീടുകളുടെ വിവരങ്ങൾ ലൈഫ് മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഉടനടി ശേഖരിക്കേണ്ടതും അവ സാങ്കേതികമായി വിലയിരുത്തുന്നതിനുള്ള പ്രവർത്തന പരിപാടി തയ്യാറാക്കേണ്ടതുമാണ്.

7. CRZ, നെൽവയൽ-തണ്ണീർത്തട നിയമ പരിധിയിൽ വരുന്ന ഭൂമി മാത്രമുള്ള ലൈഫ് ഗുണഭോക്താക്കൾക്ക് ലൈഫ് നിബന്ധന പ്രകാരമുള്ള 400 ച.അടി വീടുവയ്ക്കാൻ ബിൽഡിങ്ങ് പെർമിറ്റ് നൽകുന്നതിന്, കരാർ കാലതാമസവും ബുദ്ധിമുട്ടും ഒഴിവാക്കുന്നതിന് ഈ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക്, അവർ മറ്റെല്ലാ വിധത്തിലും അർഹരാണെങ്കിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനു തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരെ നിയമപരമായി അധികാരപ്പെടുത്താനാകുമോ എന്നത് ലൈഫ് മിഷൻ നിയമവകുപ്പുമായി ചേർന്ന് പരിശോധിച്ച് ഉറപ്പാക്കണം.

8. ഭൂമിയുള്ള ഭവനരഹിതർക്കുള്ള ഭവന ധനസഹായം പദ്ധതി തുടങ്ങിക്കഴിഞ്ഞാൽ ഇടയ്ക്കു മുടങ്ങാതെയിരിക്കുന്നതിന് സഹായകമായ ഒരു Bridge Loan സംവിധാനം രൂപീകരിക്കേണ്ടതാണ്. സഹകരണ ബാങ്കുകളിൽ നിന്ന് ഇതിനുള്ള ധനസമാഹരണം നടത്തുന്നത് അടക്കമുള്ള നടപടികൾ ലൈഫ് മിഷൻ ധനവകുപ്പുമായി ചർച്ച ചെയ്ത് വേഗത്തിൽ തന്നെ തീരുമാനിക്കേണ്ടതാണ്.

9. കേന്ദ്ര ധനസഹായ പദ്ധതിയായ PMAY(അർബൻ)-ൽ ലൈഫ് മിഷൻ ഗുണഭോക്താക്കളല്ലാത്ത എഴുപത്തി അയ്യായിരത്തോളം പേരെ കൂട്ടിച്ചേർത്ത നടപടി PMAY ഗ്രാമീൺ പദ്ധതിയിൽ ആവർത്തിക്കാതിരിക്കാൻ PMAY ഗ്രാമീണ പദ്ധതിയിൽ ഗുണഭോക്താക്കളെ ലൈഫ് ഗുണഭോക്തൃപട്ടികയിൽ നിന്നു മാത്രമേ തെരഞ്ഞെടുക്കാവൂ.

10. PMAY ഗ്രാമീൺ പദ്ധതിയിൽ ലൈഫ് ഗുണഭോക്തൃപട്ടികയിലുൾപ്പെടാത്ത ആരെയെങ്കിലും ഉൾപ്പെടുത്തിയാൽ അവർക്ക് സംസ്ഥാന പദ്ധതി വിഹിതമോ വായ്പാ വിഹിതമോ ആയി അധിക ധനസഹായം ലഭ്യമാക്കാനുള്ള ഉത്തരവാദിത്തം സർക്കാരിന് ഉണ്ടായിരിക്കുന്നതല്ല.

13. ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയ്ക്കു പുറത്തു നിന്ന്, PMAY (അർബൻ)-ൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിശദമായ അർഹതാ പരിശോധന നടത്തേണ്ടതും അവരിൽ ആരെങ്കിലും സ്വന്തമായി വേറെ വീടുള്ളവരാണെങ്കിൽ അവർക്കു നൽകിയ ധനസഹായത്തുക പലിശയോടെ തിരികെ ഈടാക്കേണ്ടതുമാണ്. ഇക്കൊല്ലത്തെ മഴക്കെടുതിയിൽ വീടു നശിച്ചവരുടെ വിവരങ്ങൾ ഉടനേ ശേഖരിക്കുകയും, ഇവരുടെ വീടുകളുടെ സ്ഥിതി പരിശോധന വേഗത്തിൽ നടത്തി റിപ്പോർട്ടു ചെയ്യാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്. SRDF, CMDRF എന്നിവയിൽ നിന്നായി ഈ ഭവനങ്ങളുടെ

നവീകരണത്തിനുള്ള ഫണ്ട് ലഭ്യമാക്കാവുന്നതാണ്.

14. ഗ്രാമസഭ അംഗീകരിച്ച മുഖ്യലിസ്റ്റിലുണ്ടായിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാര ലിസ്റ്റിൽ പെടാതെപോയത്, ലൈഫ് ഭൂരഹിത ഭവനരഹിതരുടെ പട്ടികയിലുള്ളവരിൽ, പുതുതായി ഭൂമി കൈവശം വന്നവർ ഉടങ്ങിയവരുടെ വിവരങ്ങൾ ശേഖരിക്കുകയും അവർ എല്ലാ നിർബന്ധിത രേഖകളും ഹാജരാക്കുന്നുവെങ്കിൽ ഇക്കൊല്ലം തന്നെ ധനസഹായത്തിന് അംഗീകാരം നൽകുകയും ചെയ്യാവുന്നതാണ്.

15. PMAY (അർബൻ) പദ്ധതിയിൽ വളരെ ഉയർന്ന എണ്ണം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതു മൂലം, വരും വർഷങ്ങളിൽ 20% പദ്ധതി വിഹിതം വായ്പാ തിരിച്ചടവിനു തികയാതെ വരുന്ന നഗരസഭകൾക്ക് തനതു ഫണ്ടിൽ നിന്ന് അടക്കം ബാക്കിത്തുക കണ്ടെത്തുന്നതിനുള്ള പ്രവർത്തന പരിപാടി കണ്ടേത്തേണ്ടതാണ്.

16. ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നോ. ലൈഫ് മിഷൻ പദ്ധതിക്കായി നിർബന്ധിതമായി മാറ്റി വച്ചിട്ടുള്ള 20%-ന് ഉപരിയായ പദ്ധതി വിഹിതമായോ ഫണ്ട് കണ്ടെത്താനാകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശം ലൈഫ് മിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

17. സപ്ലിമെന്ററി പട്ടികയിലുള്ള ഭൂമിയുള്ള ഭവന രഹിതരുടെ വിവരങ്ങൾ ഉടനെ ശേഖരിക്കുന്നതിനും കർശനമായ അർഹതാ പരിശോധന നടത്തി അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം ലൈഫ് മിഷൻ തയ്യാറാക്കി നൽകേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിന്റെ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ)യുടെ പി.എ.യ്ക്ക്

File No.LSGD-DB1/686/2018-LSGD

ഭരണഭാഷ- മാതൃഭാഷ

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗ രേഖ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ.(സാധാ) നം.3218/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 21/12/2018

പരാമർശം:- 1 16.03.2018 ലെ സ . ഉ (കൈ)34/2018 തസ്വഭവ ഉത്തരവ്.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഒ ാഫീസറുടെ 12-10-2018 തീയതിയിലെ എൽ.എഫ് 2/511/2017 നമ്പർ കത്ത്.

ഉത്തരവ്

ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച് പരാമർശം 1) പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ ഭവനനിർമ്മാണത്തിന് പൊതു വിഭാഗത്തിനും പട്ടിക ജാതി വിഭാഗത്തിനും പട്ടികവർഗ്ഗ വിഭാഗങ്ങളിലെ സങ്കേതങ്ങളിൽ താമസിക്കാത്തവർക്കും 4 ലക്ഷം രൂപ, 4 ഗഡുക്കളായി (10%, 40%, 40%, 10%) അനുവദിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിക്കുന്നത് ഭവന പൂർത്തീകരണത്തിന് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണെന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവികളിൽ നിന്നും ലൈഫ് മിഷൻ ടീമുകൾ വിവിധ ജില്ലകളിൽ നടത്തിയ അവലോകന യോഗങ്ങളിൽ നിന്നും ബോധ്യമായിട്ടുണ്ട് എന്നും ആയതിനാൽ ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയുടെ ധനസഹായം 4 ഗഡുക്കളായി (10%- 40,000, 40% - 1,60 ലക്ഷം, 25%- 1 ലക്ഷം, 25%- 1 ലക്ഷം) എന്ന വിധം പുനക്രമീകരിക്കുന്നത് ഭവന നിർമ്മാണ പൂർത്തീകരണത്തിന് ഉപകാരപ്രദമായിരിക്കുമെന്നും, കരാർ ചെയ്യുന്ന മുറക്ക് അഡ്വാൻസ് ആയി 10% തുകയും ബേസ്മെന്റ് പൂർത്തികരണത്തിന് ശേഷം 40% തുകയും ലിന്റിൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും നൽകാവുന്നതാണ് എന്നും ഈ വിധം പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം(1) ഉത്തരവിൽ മുകളിൽ ചേർക്കുന്ന ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഭവന നിർമ്മാണത്തിനുള്ള 4 ലക്ഷം രൂപയുടെ ധനസഹായം 4 ഗഡുക്കളായി (10%- 40,000, 40% - 1.60 ലക്ഷം, 25%- 1 ലക്ഷം, 25%- 1 ലക്ഷം) കരാർ ചെയ്യുന്ന മുറക്ക് അഡ്വാൻസ് ആയി 10% തുകയും ബേസ്മെന്റ് പൂർത്തികരണത്തിന് ശേഷം 40% തുകയും ലിന്റിൽ മട്ടം പൂർത്തീകരിക്കുമ്പോൾ 25% തുകയും ഭവന നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബാക്കി 25% തുകയും വീതം വിതരണം ചെയ്യാവുന്നതാണ്.

File No.LSGD-DB1/686/2018-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യു വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ഭവന നിർമ്മാണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സഹകരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്,തിരുവനന്തപുരം

കമ്മീഷണർ & സെക്രട്ടറി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്

ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും.

File No.LSGD-DB1/686/2018-LSGD

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസ്സോസിയേഷൻ.

ജനറൽ സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ.

സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബർ

സെക്രട്ടറി, ജില്ല പഞ്ചായത്ത് പ്രസിഡന്റ്മാരുടെ ചേംബർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Signature valid
Digitally signed by SHIJU P PAUL
Date: 2018.12.31 15:42:42 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പട്ടികജാതി പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്സ്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പിഎസ്സ്

കേരള സർക്കാർ

നമ്പർ:ഡിബി4/10/2018-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 31/01/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23-03-2017ലെ 2.12-ാം നമ്പർ തീരുമാനം.

2. 92/ഡിബി1/17/തസ്വഭവ തീയതി 25/05/2017.

3. പഞ്ചായത്ത് ഡയറക്ടറുടെ 03/01/2019ലെ ജെ2/27251/2018 നം.കത്ത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്ക്, ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യത്തിൽ വീട് വിൽക്കേണ്ടി വരുമ്പോൾ ഇതിനായി സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ പ്രത്യേകമായി അന്വേഷിച്ച്, അനുവാദം നൽകുന്നതിന് സൂചന (1) പ്രകാരം തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ ഇഎംഎസ് ഭവന പദ്ധതി പ്രകാരം, കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം, അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദ് ചെയ്ത് നൽകുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം നടത്തിയ ഗുണഭോക്താക്കളുടെ കരാർ റദ്ദ ചെയ്യുന്നത് സംബന്ധിച്ച് ,നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിലും സൂചന (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ഇ എം.എസ്

ഭവന പദ്ധതിയ്ക്ക ബാധകമാക്കി സർക്കാർ പുറപ്പെടുവിച്ച സൂചന (2) സർക്കുലറിലെ വ്യവസ്ഥകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമാനമായ ഭവന പദ്ധതികൾക്കു കൂടി ബാധകമാക്കിക്കൊണ്ട് ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ അനുമതി നൽകുന്നതിന് ചുമതലപ്പെടുത്തുന്നു.

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.
എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

കേരള സർക്കാർ

നം.ആർ.എ 1/24/2019-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:31.01.2019

പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018 – ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: റവന്യൂ വകുപ്പിന്റെ 18.12.2018 തീയതിയിലെ 789/പി1/18/റവന്യൂ നമ്പർ യു.ഒ. ഫയൽ.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018 നിലവിൽ വന്നെങ്കിലും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018-ലെ വകുപ്പ് 27 എ-യിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ നിർമ്മാണാനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത വകുപ്പിലെ ഉപവകുപ്പ് (6)-ൽ വിജ്ഞാപനം ചെയ്യപ്പെടാത്ത പരമാവധി 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിന് ഈ വകുപ്പ് പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ല എന്നും വീട് എന്ന അർത്ഥവ്യാപ്തിയിൽ പാർപ്പിട സമുച്ചയങ്ങളോ, ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച.മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനാണെങ്കിൽ (അല്ലെങ്കിൽ അതിൽ കുറവ്) പ്രസ്തുത അപേക്ഷ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നപക്ഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018 വകുപ്പ് 27(എ)(5),(6),(7) എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ആക്ട് പ്രകാരമുള്ള മറ്റൊരു അനുമതിയും ആവശ്യമില്ലാതെ നിർമ്മാണാനുമതി നൽകേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുന്നു. ഇപ്രകാരം ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടു വയ്ക്കുന്നതിനായി ലഭിച്ച അപേക്ഷകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നപക്ഷം അവ മുൻഗണനാടിസ്ഥാനത്തിൽ അടിയന്തിരമായി തീർപ്പാക്കേണ്ടതാണ്.

കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)

(തുടർച്ച.....2)

2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ് അടിയന്തിരമായി എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)
3. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
4. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
5. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)
6. ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)
7. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യം (കൊല്ലം, കൊച്ചി, കോഴിക്കോട്)
8. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ (വൈബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
10. റവന്യൂ വകുപ്പ്
11. വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം LSGD-DB1/554/2018-LSGD

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,തീയതി: 18/02/2019

സർക്കുലർ

വിഷയം: ത.സ്വ.ഭ.വ -ലൈഫ് പദ്ധതി -നിലം നികത്തി വീട് വയ്ക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

സൂചന: 1. പഞ്ചായത്ത് ഡയറക്ടറുടെ23-11-2018 തീയതിയിലെ പി.എ.എൻ /23922/2018-ജെ2(ഡി.പി) നമ്പർ കത്ത്.

****

നിലവിലെ മാർഗ്ഗരേഖകൾ പ്രകാരം നിലം നികത്തി വീട് വയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ കാര്യത്തിൽ, പ്രത്യേകമായി പരിഗണന നൽകി പരിശോധിക്കാനും എത്രയും പെട്ടെന്ന് തീരുമാനമെടുത്ത് മാനദണ്ഡങ്ങൾ പ്രകാരം അനുമതി നൽകാനും ബഹു മുഖ്യമന്ത്രി ഉത്തരവായിരുന്നു. നിലവിലുള്ള കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ റവന്യൂരേഖകളിൽ നിലം , പാടം , നെൽവയൽ , തണ്ണീർത്തടം,വെറ്റ് ലാൻഡ് തുടങ്ങിയ തത്തുല്യ പദങ്ങളാൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനായി റവന്യൂഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്. എന്നാൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി കെട്ടിടനിർമ്മാണാനുമതി ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക വിധേയമായി ചുവടെ പ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വീട് നിർമ്മിക്കുന്നതിനുള്ള ലൈഫ് ഗുണഭോക്താക്കളുടെ പ്രത്യേക ക്യാമ്പ് പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ് .

2. ആവശ്യമുള്ളപക്ഷം പഞ്ചായത്ത് തലത്തിലുള്ള ലോക്കൽ ലെവൽ മോണിറ്ററിംഗ് സമിതികൾ പുനഃസംഘടിപ്പിക്കേണ്ടതും സമിതിയുടെ ഘടനാപാർശ പ്രകാരം അനുബന്ധരേഖകൾ സഹിതം പഞ്ചായത്ത് തലത്തിൽ ക്രോഡീകരിച്ച് ജില്ലാതല

അതോറിറ്റിയുടെ അനുമതിയ്ക്ക് സമർപ്പിക്കേണ്ടതുമാണ് .

3. ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കളുടെ അപേക്ഷയിന്മേൽ ജില്ലാ തലത്തിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് തീർപ്പ് കൽപ്പിക്കേണ്ടതാണ് .

4. ജില്ലാതല അതോറിറ്റിയുടെ അനുമതി ലഭ്യമാകുന്ന സംഗതികളിൽ പഞ്ചായത്ത് തലത്തിൽ പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ച് കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. LSGD-DB1/752/2018-LSGD

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18/02/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ പദ്ധതി- ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം - പദ്ധതി ഭേദഗതി ചെയ്ത് 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി തുക വകയിരുത്തുന്നത് -സംബന്ധിച്ച്

സൂചന:- 1. 29.01.2018 തീയതിയിലെ സ.ഉ.(കൈ)11/2018 നമ്പർ ഉത്തരവ്.

2.മുഖ്യമന്ത്രിയുടെ സെക്രട്ടറിയുടെ 10/12/2018 ലെ

എൽ.എഫ്2/511/2017 നം.അർദ്ധ ഔദ്യോഗിക കത്ത്.

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർ മാണത്തിനായി 4 ലക്ഷം രൂപയാണ് ധനസഹായമായി നൽകുന്നത്. ഇതിൽ 80,000 രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും 1,00,000 രൂപ സംസ്ഥാന വിഹിതവും 2,20,000 രൂപ ലോൺ തുകയും ആണ്.

2) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും 20 % തുക ടി ആവശ്യത്തിലേക്കായി വകയിരുത്തുന്നതിനായി സൂചന (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായ 80,000 രൂപയ്ക്ക് പകരം 40,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളുവെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3) ആയതിനാൽ ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിനായി തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതമായ 80,000 രൂപക്ക് പകരം 40,000 രൂപ മാത്രം വകയിരുത്തിയിട്ടുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പദ്ധതി ഭേദഗതി ചെയ്ത് 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി 40,000 രൂപ കൂടി അടിയന്തരമായി

വകയിരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസനകമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

കേരള സർക്കാർ

.ഡിബി4/40/2019-സതഭവ
തദ്ദേശ സ്വയംഭരണ (ഡിബി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 18/02/2019

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതിക്കായി മാറ്റി വച്ച തുക ചെലവഴിക്കുന്നതു -സംബന്ധിച്ച്

സൂചന:- 31/12/2018ലെ സി.സി തീരുമാനം നമ്പർ 3.10

****

മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന ഫണ്ടിന്റെ 20 ശതമാനം തുക ലൈഫ് പദ്ധതിക്കായി മാറ്റി വച്ചിട്ടുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഭൂരഹിത ഭവന പദ്ധതിയിൽ (ഭൂമിയുള്ള ഭവന രഹിതർ) ഇത്രയും തുക ആവശ്യമില്ലാത്തതിനാൽ ഈ തുക ചെലവഴിക്കപ്പെടാതെ കിടക്കുകയാണ് എന്നും ശേഷിക്കുന്ന മാസം കൊണ്ട് മുഴുവൻ ഘട്ട ഭവന പദ്ധതി (ഭൂരഹിത- ഭവന രഹിതർ) പ്രകാരം ഭൂമി വാങ്ങാൻ ബുദ്ധിമുട്ടാണ് എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചനയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈഫ് പദ്ധതിക്കായി മാറ്റി വച്ച ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക താഴെപറയും പ്രകാരം ചെലവഴിക്കേണ്ടതാണ്.

1. മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയിൽ നിന്ന് ഒന്നാം ഘട്ടമായി വീടു നൽകുന്നതിന് ആവശ്യമായ തുക കഴിച്ച് ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനിക്കുന്ന പക്ഷം വീടിന് സ്ഥലം വാങ്ങുന്നതടക്കമുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

2.ഇങ്ങനെ തുക ഉപയോഗിക്കുമ്പോൾ കാറ്റഗറി 1 സ്പിൽ ഓവർ പ്രോജക്ടുകളുടെ ബിൽ തുക നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - 2018-ലെ പ്രളയക്കെടുതിയിൽ പൂർണ്ണമായോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുള്ള പുനരധിവാസ പാക്കേജ് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം. **7/2019/ഡി.എം.ഡി.** തീയതി, തിരുവനന്തപുരം, **07/03/2019**

പരാമർശം: 1. സ.ഉ.(കൈ)നം. 7/2018/ഡി.എം.ഡി. തീയതി 21.06.2018
2. സ.ഉ.(കൈ)നം. 26/2018/ഡി.എം.ഡി. തീയതി 05.11.2018
3. സ.ഉ.(കൈ)നം. 1/2019/ഡി.എം.ഡി. തീയതി 11.01.2019
4. സ.ഉ.(സാധാ)നം. 124/2019/ഡി.എം.ഡി. തീയതി 16.02.2019

ഉത്തരവ്

2018-ലെ പ്രളയത്തെ തുടർന്ന് പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്കുള്ള പുനരധിവാസ പാക്കേജ് അനുവദിക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേരളത്തിൽ 2018-ൽ ജൂൺ-ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലെ പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ 75%-ൽ അധികം വാസയോഗ്യമല്ലാതായതോ ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിച്ചു വന്നിരുന്ന സ്ഥലം ഉൾപ്പെടുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമാണെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയോ പരമാവധി 5 സെന്റ് ഭൂമിയോ പതിച്ച് നൽകുകയും, അവിടെ പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (2)-ലെ നിബന്ധനകളോടെ അനുവദിക്കുന്നതിനും ബന്ധപ്പെട്ട ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തുന്നു.
2. പ്രളയത്തിൽ പൂർണ്ണമായും തകരുകയോ അല്ലെങ്കിൽ വാസയോഗ്യമല്ലാതായതോ (75%-ൽ അധികം) ആയ വീടുകളുടെ ഉടമസ്ഥരായ, പുറമ്പോക്കിൽ നിവസിക്കുന്ന കുടുംബങ്ങൾക്ക് നിലവിൽ താമസിക്കുന്ന ബ്ലോക്കിൽ സർക്കാർ ഭൂമി ലഭ്യമല്ലെങ്കിൽ ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും വാങ്ങുന്നതിന് പരമാവധി 6 ലക്ഷം രൂപ പരാമർശം (1),(4) ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നു. ഇപ്രകാരം വാങ്ങിയ സ്ഥലത്ത് പുതിയ വീട് നിർമ്മിക്കുവാൻ 4 ലക്ഷം രൂപ പരാമർശം (1),(2) ലെ നിബന്ധനകളോടെ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ഗ്രാമവികസന വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ
പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

File No.LSGD-DB1/473/2018-LSGD

GOVERNMENT OF KERALA

Abstract

LSGD- Stamp duty and registration fee exemption for the land purchased by individuals who buy land on their own with no Government grant under LIFE Mission project - Government order - Cancelled - Orders issued.

==========

LOCAL SELF GOVERNMENT (DB) DEPARTMENT

G.O.(Rt)No.652/2019/LSGD **Dated,Thiruvananthapuram, 19/03/2019**

==========

Read:- **G.O.(Rt)No.296/2019/LSGD dated 12/02/2019**

O R D E R

The Government Order read above stands cancelled with immediate effect.

(By order of the Governor)
PATSY STEPHEN
JOINT SECRETARY

To:

The Chief Executive Officer, LIFE Mission

Member Secretary, State Planning Board

The Director of Panchayats, Thiruvananthapuram

The Director of Urban Affairs, Thiruvananthapuram

The Commissioner of Rural Development, Thiruvananthapuram

The Principal Accountant General, (Audit), Kerala, Thiruvananthapuram

The Accountant General (A&E), Kerala, Thiruvananthapuram

Finance Department (Vide U.O Note No.DEV-3/117/2018-Fin

The Executive Director, IKM

The Director, Kerala State Audit Department

The State Performance Audit Officer

Stock File/Office Copy

Forwarded /By order

Section Officer

5. ധനകാര്യം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പകർച്ച പനി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ/ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ വരുന്ന പ്രാഥമിക/സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിൽ താൽക്കാലികമായി നിയമിക്കുന്ന ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും സർക്കാർ മാനദണ്ഡപ്രകാരമുള്ള മിനിമം വേതനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.964/2018/തസ്വഭവ തിരുവനന്തപുരം, തീയതി 04.04.2018

പരാമർശം:-1) 21.06.2017 ലെ സ.ഉ (സാധാ) നം 2096/2017/തസ്വഭവ നമ്പർ ഉത്തരവ്
2)23.06.2017 ലെ സ.ഉ (സാധാ) നം 2111/2017/തസ്വഭവ നമ്പർ ഉത്തരവ്

ഉത്തരവ്

